PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY.

FIRST SESSION—1953.

Tuesday, the 3rd March 1953.

Vol. VIII. *OFFICIAL REPORT* No 6.

The Assembly met in the Assembly Chamber, Trivandrum, at Eleven of the Clock on Tuesday, the 3rd March 1953, with Mr. Speaker in the Chair.

QUESTIONS AND ANSWERS.

(The number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS.

ഉപ്പിന് സബ്സിഡി.

*൧൩൬. [൧] ശ്രീ. ആർ. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യം ഉണക്കുന്നതിന് കൊടുക്കുന്ന ഉപ്പിന് കേന്ദ്രഗവ ണ്മെൻറിൽനിന്നും സബ്സിഡി ലഭിക്കുമോ;

(ബി) ലഭിക്കുമെങ്കിൽ അതിൻെറ തുകയെത്ര;

(സി) അത് എങ്ങനെ വിതരണം ചെയ്യുവാനുദ്ദേശിക്കുന്നു?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) മത്സ്യം ഉണക്കുന്നതിന് കൊടുക്കുന്ന ഉപ്പിന് കേന്ദ്രഗവ ണ്മെൻറിൽനിന്നും സബ്സിഡി ലഭിക്കുന്നുണ്ട്.

(ബി) ൧൧൨൮—൨൯-ൽ ൧൨,൭൦൦ ടൺ ഉപ്പ് ചാപ്പ വഴി സൌജന്യവിതരണം നടത്തിവരുന്നു.

(സി) ഉപ്പ് കുറച്ചുകൂടി സൌജന്യ നിരക്കിനു കൊടുക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതനുസരിച്ചുള്ള തുകയിൽ പകുതി ഇൻഡ്യാ ഗവണ്മെൻറിൽനിന്നും കിട്ടുന്നുണ്ട്. സഹായധനമായിട്ടല്ല; മററുവിധത്തിൽ ഉപ്പ് വിതരണം ചെയ്യുകയാണ്.

ശ്രീ. ആർ. ഗംഗാധരൻ: ൧൯൫൧—൫൨ വർഷത്തേക്ക് സബ്‌സിഡി കിട്ടിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ഉണ്ട്.

ശ്രീ. ആർ. ഗംഗാധരൻ: ഈ സബ്‌സിഡി നിശ്ചയിക്കുന്നത് മത്സ്യം ഉണക്കുന്നതിന്റെ മാനദണ്ഡമനുസരിച്ചാണോ?

ശ്രീ. എ. ജെ. ജോൺ: അതെ.

ശ്രീ. ആർ. ഗംഗാധരൻ: സബ്‌സിഡി കിട്ടുന്നത് ഉണക്കുന്ന മത്സ്യത്തിന്റെ പ്രൊപ്പോർഷൻ അനുസരിച്ചാണോ?

ശ്രീ. എ. ജെ. ജോൺ: അങ്ങനെയായിരിക്കണം. അതായത്, മത്സ്യം ഉണക്കുന്നതിന് എത്ര ഉപ്പു വേണമെന്നുള്ള കണക്കു നോക്കിയായിരിക്കണം.

ശ്രീ. ആർ. ഗംഗാധരൻ: ഒരു വർഷം ഇവിടെ ഉണക്കുന്ന മത്സ്യത്തിന്റെ കണക്കെത്രയാണ്?

ശ്രീ. എ. ജെ. ജോൺ: അതിന്റെ കണക്ക് എന്റെ കൈവശം ഇല്ല.

ശ്രീ. ആർ. ഗംഗാധരൻ: പിന്നെ എങ്ങനെയാണ് ഈ സബ്‌സിഡി നിശ്ചയിക്കുന്നത്?

ശ്രീ. എ. ജെ. ജോൺ: കണക്ക് എന്റെ കൈവശമില്ലെന്നാണ് പറഞ്ഞത്. ഓരോ മത്സ്യത്തൊഴിലാളികളും ഉണക്കുന്ന മത്സ്യത്തിന്റെ കണക്കുകൾ ഫിഷറി ഡിപ്പാർട്ടുമെന്റിൽ സൂക്ഷിച്ചുകാണും.

ശ്രീ. ആർ. ഗംഗാധരൻ: ഈ സബ്‌സിഡി കിട്ടുന്നത് ഉപ്പിന്റെ വിലയിൽ എത്ര ശതമാനമാണ്?

ശ്രീ. എ. ജെ. ജോൺ: വിലയിൽ നാലിൽ ഒരു ഭാഗം കിട്ടും.

ശ്രീ. ആർ. ഗംഗാധരൻ: ഈ സബ്‌സിഡി വിതരണം ചെയ്യുന്നത് വ്യക്തികളുടെ അപേക്ഷ അനുസരിച്ചാണോ സംഘടനകളുടെ അപേക്ഷ അനുസരിച്ചാണോ?

ശ്രീ. എ. ജെ. ജോൺ: വ്യക്തികൾക്കും സംഘടനകൾക്കും കൊടുക്കുന്നതാണ്.

Shri A. A. D. Luiz: Is the salt required for fish curing supplied at a special rate?

Shri A. J. John: Yes. They get at a special rate.

കിണർ കുഴിക്കാൻ സബ്‌സിഡി.

*൫൩൧. [൨] ശ്രീ. ആർ. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിണർ കുഴിപ്പിക്കുന്നതിന് കേന്ദ്രഗവൺമെന്റിൽ നിന്നും സബ്‌സിഡി ലഭിക്കുമോ;

(ബി) ലഭിക്കുമെങ്കിൽ അതിന്റെ തുക എത്ര്?

മുഖ്യമന്ത്രി (ശ്രീ. ഏ. ജെ. ജാൺ):

(എ) കിണർ കുഴിപ്പിക്കുന്നതിന് കേന്ദ്രഗവണ്മെന്റിൽ നിന്നും സബ്സിഡി ലഭിക്കുന്നുണ്ട്.

(ബി) ൧൯൬൩-൬൪-ൽ ൧൬൭൬൦ രൂപ.

൧൯൬൧-൬൨-ൽ ൧,൧൦,൦൦൦ രൂപ.

൧൯൬൨-൬൩-ൽ ൭൬,൦൦൦ രൂപ.

ശ്രീ. ആർ. ഗംഗാധരൻ: ൧൯൬൩-൬൪-ൽ ഈ തുകകൊണ്ടു എത്ര കിണറുകൾ കുഴിക്കാൻ സാധിക്കും?

ശ്രീ. ഏ. ജെ. ജാൺ: എത്രയെന്നു തീരുമാനിച്ചിട്ടില്ല. അതായതു് ഇപ്പോൾ കിണറുകൾ കുഴിച്ചു് കഴിഞ്ഞാൽ അതിന്റെ ചെലവിൽ ൧/൪ അല്ലെങ്കിൽ അഞ്ഞൂറു രൂപ ഇതിൽ ഏതു കുറവാണോ അതു് എന്നാണു് തീരുമാനിച്ചിരിക്കുന്നതു്.

ശ്രീ. ആർ. ഗംഗാധരൻ: ഈ സബ്സിഡി കൊടുക്കുന്നതു് വ്യക്തികളുടെ അപേക്ഷയനുസരിച്ചാണോ, സംഘടനകളുടെ അപേക്ഷ അനുസരിച്ചാണോ?

ശ്രീ. ഏ. ജെ. ജാൺ: രണ്ടും കാണും.

ശ്രീ. ആർ. ഗംഗാധരൻ: ഈ പദ്ധതി അനുസരിച്ചു് ചിറയിൻകീഴ് താലൂക്കിൽ വല്ല കിണറുകളും കുഴിപ്പിച്ചിട്ടുണ്ടോ?

ശ്രീ. ഏ. ജെ. ജാൺ: അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. ആർ. ഗംഗാധരൻ: കഴിഞ്ഞ രണ്ടു വർഷങ്ങളിലായി ചിറയിൻകീഴ് താലൂക്കിൽ ഇതനുസരിച്ചു് വല്ല കിണറുകളും കുഴിപ്പിച്ചിട്ടുണ്ടോ?

ശ്രീ. ഏ. ജെ. ജാൺ: അതിലേക്കു് പ്രത്യേക ഒരു ചോദ്യം അയച്ചിരുന്നെങ്കിൽ ആ വിവരങ്ങൾകൂടി ശേഖരിച്ചു് അറിയിക്കാമായിരുന്നു. ഓരോ താലൂക്കിനേയും സംബന്ധിച്ചുള്ള വിവരങ്ങൾ ഇപ്പോൾ ചോദിച്ചാൽ പറയാൻ പ്രയാസമാണു്.

ശ്രീ. ആർ. ഗംഗാധരൻ: ഈ കിണറുകൾ പൊതു ആവശ്യത്തിനു വേണ്ടിയാണോ വ്യക്തികളുടെ ആവശ്യത്തിനു വേണ്ടിയാണോ കുഴിപ്പിക്കുന്നതു്?

ശ്രീ. ഏ. ജെ. ജാൺ: ഗ്രോമോർ ഫുഡ്പദ്ധതി അനുസരിച്ചാണു് കിണറുകൾ കുഴിപ്പിക്കുന്നതു്. അതു വ്യക്തികളുടെ ഗുണത്തിനുവേണ്ടിയാണെങ്കിൽ അങ്ങനെ. അല്ലെങ്കിൽ അനേകം വ്യക്തികളുടെ ആവശ്യത്തിനുവേണ്ടിയാണെങ്കിൽ അങ്ങനെയും ചെയ്യും.

ശ്രീ. ആർ. ഗംഗാധരൻ: കിണറുകളുടെ ഉപയോഗം കൃഷി ആവശ്യത്തിനു മാത്രമാണോ അതോ മറ്റാവശ്യങ്ങൾക്കും കൂടിയാണോ?

ശ്രീ. എ. ജെ. ജാൺ: കൃഷിക്കു മാത്രമല്ല, കുടിക്കുന്നതിനും വിരോധമില്ല. ഇൻഡ്യാഗവൺമെൻറിൽ നിന്നും ഉദ്ദേശിച്ചിരിക്കുന്നതു് ഗ്രോമോർ ഫുഡ് പദ്ധതിക്കു വേണ്ടിയാണ്.

ശ്രീ. ഒ. സി. നൈനാൻ: കുഴൽകിണറുകൾ കുഴിപ്പിക്കാൻ ഏതെങ്കിലും സംഖ്യ ഇതിൽ നിന്നും ഉപയോഗിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ഇല്ല.

ശ്രീ. അമ്പാട്ട് ഈശ്വരമേനോൻ: [illegible]-ൽ കുഴിച്ചിട്ടുള്ള കിണറുകൾക്കു സബ്സിഡി കൊടുത്തു കഴിഞ്ഞിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: കുറെയെല്ലാം കൊടുത്തുകഴിഞ്ഞു. അതിൻെറ വിശദവിവരങ്ങൾ ഇപ്പോൾ എൻെറ കൈവശമില്ല.

ശ്രീ. അമ്പാട്ട് ഈശ്വരമേനോൻ: കൊടുത്തുകഴിഞ്ഞിട്ടില്ലെങ്കിൽ അതിനു വേണ്ട നടപടി എടുക്കുമോ?

ശ്രീ. എ. ജെ. ജാൺ: എടുക്കാം.

ശ്രീ. എ. സാംരാജ്: തെക്കൻ തിരുവിതാംകൂറിൽ വല്ല കിണറുകളും കുഴിപ്പിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: കുഴിപ്പിച്ചിട്ടുണ്ട്.

ശ്രീ. എ. സാംരാജ്: എത്ര കിണറുകൾ കുഴിപ്പിച്ചിട്ടുണ്ടെന്നു പറയാമോ?

ശ്രീ എ. ജെ. ജാൺ: എത്രയാണെന്നു പറയാൻ നിവൃത്തിയില്ല.

Vanchi Poor Fund.

*138 (3) **Shri T. S. Ramaswami :** Will the Minister for Local Self Government be pleased to state the total amount spent for Vanchi Poor Fund and for Beggar Relief by the Government during the financial year 1952-53 ?

Minister for Local Self Government (**Shri K. Kochukuttan**) :

No amount has been spent for the Vanchi Poor Fund for 1952-53. An amount of Rs. 98, 471-7-11 up to the end of December has been spent for Beggar Relief Measures during 1952-53.

Shri T. S. Ramaswami : May I know the number of beggars benefited by this amount ?

ശ്രീ. കെ. കൊച്ചുകുട്ടൻ: വഞ്ചിപ്പുവർ ഫണ്ടിൽ നിന്നും ഇപ്പോൾ ഇരുനൂറോളം ബെഗ്ഗേഴ്സിനു വേണ്ടിടത്തോളം സൗകര്യങ്ങൾ കൊടുക്കുന്നുണ്ട്. അതു കൂടാതെ ഉള്ളൂർ കേന്ദ്രത്തിലും മുപ്പതു ബെഗ്ഗേഴ്സിനു വേണ്ട സൗകര്യങ്ങളുമാണ് ഈ ഫണ്ടിൽ നിന്നും കൊടുക്കുന്നതു്.

ശ്രീ. ടി. ടി കേശവൻ ശാസ്ത്രി: വഞ്ചിപൂവർഫണ്ട് ഭിക്ഷക്കാരുടെ ഉപയോഗത്തിനു വേണ്ടിയല്ല ഉദ്ദേശിച്ചിട്ടുള്ളതെന്നും അതു് കണ്ണുപൊട്ടന്മാർക്കും കാലില്ലാത്തവർക്കും നടന്നു ജീവിതം നയിക്കാൻ കഴിവില്ലാത്തവരുടെയും ആവശ്യത്തിനു വേണ്ടിയുള്ളതാണെന്നും ഗവണ്മെന്റിനറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അങ്ങനെയുള്ളവർക്കു് വേണ്ടിടത്തോളം റിലീഫ് അവിടെ കൊടുക്കുന്നുണ്ടു്.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: അങ്ങനെയുള്ള ഭിക്ഷക്കാർക്കുവേണ്ടി തന്നെയല്ല അവിടെ സൗകര്യങ്ങൾ കൊടുക്കുന്നതെന്നറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അങ്ങനെയുള്ള ഭിക്ഷക്കാർക്കു തന്നെയാണു സൗകര്യങ്ങൾ കൊടുക്കുന്നതു്.

ശ്രീ. പി. എസ്. നടരാജപിള്ള: ഇതിലേക്കുള്ള ചെലവു് ഏതു് ഏജൻസി മുഖാന്തിരമാണു് ചെയ്യുന്നതു്?

ശ്രീ. കെ. കൊച്ചുകുട്ടൻ: സ്വകാര്യസ്ഥാപനങ്ങൾ മുഖാന്തിരവും മുനിസിപ്പാലിറ്റികൾ മുഖേനയും നടത്തുന്ന റിലീഫ്സെന്റേഴ്സ് ഉണ്ടു്. കൊല്ലം, ആലപ്പുഴ, കോട്ടയം, നാഗർകോവിൽ ഈ സ്ഥലങ്ങളിലെല്ലാം റിലീഫ്സെന്റേഴ്സ് ഉണ്ടു്.

ശ്രീ. പി. എസ്. നടരാജപിള്ള: അതു മുനിസിപ്പാലിറ്റികളുടെ നേരിട്ടുള്ള മേൽനോട്ടത്തിലാണോ നടത്തുന്നതു്?

ശ്രീ. കെ. കൊച്ചുകുട്ടൻ: മുനിസിപ്പാലിറ്റികളുടേയും പൊതുജനങ്ങളുടേയും സഹകരണംകൊണ്ടാണു് നടത്തുന്നതു്.

ശ്രീ. പി. എസ്സ്. നടരാജപിള്ള: മുനിസിപ്പാലിറ്റികളുടെ നേതൃത്വത്തിലാണോ അതു നടക്കുന്നതെന്നാണു് ഞാൻ ചോദിച്ചതു്?

ശ്രീ. കെ. കൊച്ചുകുട്ടൻ: മുനിസിപ്പാലിറ്റികൾ മാത്രമല്ല ലോക്കൽ കമ്മിറ്റികളുടെ നേതൃത്വത്തിലും നടത്തുന്നുണ്ടു്.

ശ്രീ. പി. എസ്സ്. നടരാജപിള്ള: തിരുവനന്തപുരം കാർപ്പറേഷനിൽനിന്നുമോ ഗവണ്മെന്റിൽനിന്നുമോ ഏതെങ്കിലും സ്ഥാപനങ്ങൾ നടത്തുന്നുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഗവണ്മെന്റിൽനിന്നും ശ്രീ ചിത്രപൂവർഹോമിലേക്കു് ഗ്രാന്റുകൊടുത്താണു് അതു നടത്തുന്നതു്.

ശ്രീ. പി. എസ്സ്. നടരാജപിള്ള: തിരുവനന്തപുരം കാർപ്പറേഷനിൽനിന്നും വല്ല ധനസഹായവും ചെയ്യുന്നുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: കാർപ്പറേഷനിൽനിന്നും യാതൊരു ധനസഹായവും ചെയ്യുന്നില്ല.

ശ്രീ. ഓ. സി. നൈനാൻ: സ്വകാര്യസ്ഥാപനങ്ങൾ നടത്തുന്ന റിലീഫ് സെന്റേഴ്സിനു വല്ല ധനസഹായവും കൊടുക്കുന്നുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: കൊടുക്കുന്നുണ്ടു്.

ശ്രീ. ഓ. സി. നൈനാൻ : എത്ര ആയിരം രൂപ ഗ്രാൻറായി കൊടുക്കുന്നുണ്ട്.

ശ്രീ. കെ. കൊച്ചുകുട്ടൻ : അതിലേക്ക് വേറെ ചോദ്യം അയച്ചിരുന്നുവെങ്കിൽ വിവരങ്ങൾ ശേഖരിച്ചു മറുപടി പറയാമായിരുന്നു.

ശ്രീ. സി. കെ. വിശ്വനാഥൻ : എന്തൊക്കെയാണ് അവിടെ ചെയ്തുകൊടുക്കുന്ന സൗകര്യങ്ങൾ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ശ്രീചിത്ര പുവർഹോമിൽ ആഹാരം കൊടുക്കുന്നുണ്ട്. പഠിക്കുന്നതിനും തൊഴിൽചെയ്യുന്നതിനുമുള്ള സൗകര്യങ്ങൾ കൊടുക്കുന്നുണ്ട്. പഠിക്കുന്ന വിദ്യാർത്ഥികൾക്കും ഫീസുകൊടുക്കണ്ട. മററുപകരണങ്ങളും വിതരണം ചെയ്യും.

ശ്രീ. സി. കെ. വിശ്വനാഥൻ : ഇതിനെല്ലാംകൂടി എത്ര തുകയാണ ചിലവാകുന്നതു് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതിപ്പോൾ പറയാൻ നിവർത്തിയില്ല.

ശ്രീ. എ. കെ. ചെല്ലയ്യാ : നാഗർകോവിൽ കേന്ദ്രത്തിൽ എത്ര ബഗേഴ്സ് ഉണ്ടെന്നു പറയാമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതിനു നോട്ടീസുവേണം.

ശ്രീ. എ. കെ. ചെല്ലയ്യാ : ആ കേന്ദ്രം മുനിസിപ്പാലിററിയ്ക്കകത്താണോ നടക്കുന്നതെന്നറിയാമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : മുനിസിപ്പാലിററിക്കകത്തു ആണെന്നാണറിവ്.

ശ്രീ. എ. കെ. ചെല്ലയ്യാ : ആ കേന്ദ്രത്തിലെ ഭിക്ഷക്കാർ അവിടെ വളരെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നു എന്നും അവർക്കനുവദിച്ചിട്ടുള്ള സൗകര്യങ്ങൾ പൂർണ്ണമായി തരണമെന്നും ഒരു റസലൂഷൻ പാസാക്കി അയച്ചതു ഗവണ്മെൻറിനു് കിട്ടിയിട്ടുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : കിട്ടിയിട്ടില്ല.

ശ്രീ എ. കുഞ്ഞൻ നാടാർ : അവിടെയുള്ള യാചകകേന്ദ്രം അടച്ചുപൂട്ടിയിരിക്കയാണെന്നറിയാമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഗവണ്മെൻറിനറിവില്ല.

ശ്രീ. എ. കുഞ്ഞൻ നാടാർ : ആ കേന്ദ്രത്തിൽ ഭിക്ഷക്കാരില്ലെന്നറിയാമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ആ സ്ഥലത്തു ഭിക്ഷക്കാരില്ലെങ്കിൽ കേന്ദ്രത്തിലും ഭിക്ഷക്കാരില്ല.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി : വഞ്ചി പൂവർ ഫണ്ടിൻെറ അഡ്മിനിസ്ട്രേഷൻ ആരാണ് നടത്തുന്നതു് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഒരു കമ്മിററി. ശ്രീ. കെ. ജി. മേനോൻ പോകുന്നതുവരെ അദ്ദേഹമായിരുന്നു അതിന്റെ പ്രസിഡൻറ്. അദ്ദേഹം പോയതിനുശേഷം വേറെ പ്രസിഡൻറിനെ നിയമിച്ചില്ല.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി : അതിന്റെ അഡ്മിനിസ്ട്രേഷൻ നടത്തുന്നതാരാണെന്നാണെന്റെ ചോദ്യം.

ശ്രീ. കെ. കൊച്ചുകുട്ടൻ : അഡ്മിനിസ്ട്രേഷൻ ഒരു കമ്മിററിയാണു ഇപ്പോഴും നടത്തുന്നതു്?

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി : അവിടെ എന്തു പ്രവത്തനമാണു നടത്തുന്നതു്.

ശ്രീ. കെ. കൊച്ചുകുട്ടൻ : ഈ തിരുവനന്തപുരത്തുള്ള വ. ഫ സ്കൂളുകളിലെ മൂവായിരത്തിഒരുന്നൂറ വിദ്യാത്ഥികൾക്കു് ഉച്ചഭക്ഷണം കൊടുക്കുന്നുണ്ടു്. ശ്രീ. ചിത്രാഹോമിലെ താമസക്കാക്കു് ഒരുനേരത്തെ ഭക്ഷണം കൊടുക്കുന്നു. ഉള്ളൂർ യാചകകേന്ദ്രത്തിലും ഈ കേന്ദ്രത്തിൽനിന്നാണു മേൽനോട്ടം വഹിക്കുന്നതു്. അതുപോലെ ആലപ്പുഴയുള്ള കേന്ദ്രത്തിനും സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നുണ്ടു്.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി : ഈ വഞ്ചിപൂവർഫണ്ടിന്റെ ആസ്ഥിതി എത്രയുണ്ടെന്നു പറയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ൨൩ ലക്ഷം രൂപാ.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി : ഇപ്പോഴും അതിലേക്കു് സബ്സ്ക്രിപ്ഷൻ വല്ലതും പിരിക്കുന്നുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഉണ്ടു്.

ശ്രീ. ടി. കെ. കൃഷ്ണൻ : പ്രസിഡൻറു് മാറിപ്പോയതിനു ശേഷം ഇത്രയുംകാലമായി മറെറാരു പ്രസിഡൻറിനെ തെരഞ്ഞെടുക്കാത്തതെന്തുകൊണ്ടാണു്?

ശ്രീ. കെ. കൊച്ചുകുട്ടൻ : കമ്മിററിക്കാർ മറെറാരു പ്രസിഡൻറിനെ തെരഞ്ഞെടുക്കുന്നുള്ള താമസമാണു്?

ശ്രീ. ടി. കെ. കൃഷ്ണൻ : അതിനുള്ള കാരണമെന്താണു്.

ശ്രീ. കെ. കൊച്ചുകുട്ടൻ : അതു കമ്മിററിക്കാർ പറയേണ്ടതാണു്.

Report of the Moniam Karam Enquiry Committee.

*139. (4) **Shri T. S. Ramaswami :** Will the Minister for Revenue be pleased to state :

(*a*) whether the Government have received the Report of the Moniam Karam Enquiry Committee ;

(*b*) if so, what are their broad recommendations regarding the abolition of the Moniam Karam and Thiruppuvaram ; and

(*c*) what steps the Government have taken to implement their recommendations ?

Minister for Revenue (**Shri A. Chidambaranatha Nadar**) :

(*a*) Yes.

(*b*) The information cannot be divulged at this stage, as the recommendations are under the consideration of Government.

(*c*) The recommendations are being examined by Government.

Shri T. S. Ramaswami : May I know the rate of compensation and the period for which the compensation is to be paid ?

Shri A. Chidambaranatha Nadar : That cannot be divulged now.

Shri O. C. Ninan : May I know when the report was received by Government ?

Shri A. Chidambaranatha Nadar : Say, a month back.

Cutting of trees.

*140 (5) **Shri T. S. Ramaswami :** Will the Minister for Revenue be pleased to state :

(*a*) the number and names of cases taken against unlawful cutting and transport of valuable trees from the South Travancore Reserve Forests during the year 1952-53 ;

(*b*) was any of these culprits caught red-handed at Aramboly while transporting the unlawfully felled timber from the Reserve Forests to the Tinnelvelly District ;

(*c*) if so, the names of the persons ; and

(*d*) the punishment given to them by Government ?

Minister for Revenue (**Shri A. Chidambaranatha Nadar**) :

(*a*) 267.

(*b*) Yes.

(*c*) 1. Narayanan Asari Parameswaran Asari, Lorry driver, Vadasseri.

2. Pakyanathan Sundararaj, Lorry cleaner, Kunnuvilayil.

3. Ayyamperumal Pillai Padmanabha Pillai, Kunnuvilayil.

4. C. Kuppamuthu, Forest Contractor.

(*d*) The case was decided departmentally ordering the accused to pay a fine of Rs. 1,150.

Shri T. S. Ramaswami : May I know whether the first three people are contractors ?

Shri A. Chidambaranatha Nadar : I have very clearly stated that one is a contractor, one is a lorry driver and about the rest I do not know who they are.

Shri T. S. Ramaswami : Are they servants of the Government contractor ?

Shri A. Chidambaranatha Nadar : Yes.

Shri T. S. Ramaswami : May I know the quantity of smuggled timber seized by the Government ?

Shri A. Chidambaranatha Nadar : 11 logs of teakwood.

Shri T. S. Ramaswami : Have they been given in auction?

Shri A. Chidambaranatha Nadar : For that I want a separate question.

Shri T. S. Ramaswami : May I know roughly the price of the timber attempted to be smuggled ?

Shri A. Chidambaranatha Nadar : About Rs. 666.

Shri T. S. Ramaswami : Was any action taken in the local Magistrate's Court ?

Shri A. Chidambaranatha Nadar : Yes.

Shri T. S. Ramaswami : Was the case withdrawn ?

Shri A. Chidambaranatha Nadar : Yes.

Shri T. S. Ramaswami : May I know the reason that prompted Government to withdraw the case ?

Shri A. Chidambaranatha Nadar : According to Section 5 of the Forest Manual, the Department is competent to compound cases and settle the question.

Shri T. S. Ramaswami : Was it done in consultation with the Law Department ?

Shri A. Chidambaranatha Nadar : So far as this matter is concerned there is no necessity to consult the Law Department.

Shri P. S. Nataraja Pillai : May I know whether the accused is a Forest Contractor ? Is he still continuing as a Forest Contractor ?

Shri A. Chidambaranatha Nadar : Yes.

Shri P. S. Nataraja Pillai : Was any step taken to revive the contract since he committed a crime under the Forest Manual ?

Shri A. Chidambaranatha Nadar : Immediately after the case was charged all contracts entered into with Mr. Kuppamuthu and the Department were stayed.

Shri P. S. Nataraja Pillai : Cancelled or stayed ?

Shri A. Chidambaranatha Nadar : There was no necessity to cancel. Further work under the contract was stopped.

Shri P. S. Nataraja Pillai : Was there any reason for not prosecuting ?

Shri A. Chidambaranatha Nadar : An amount of Rs 1,150 was realised as penalty and compounding fee from the Contractor.

Shri P. S. Nataraja Pillai : Is it not the price of the smuggled timber ?

Shri A. Chidambaranatha Nadar : It is the price of timber together with the penalty.

Shri P. S. Nataraja Pillai : May I know why the case was not left for judicial decision ?

Shri A. Chidambaranatha Nadar : Government thought it was not necessary.

Shri P. S. Nataraja Pillai : Is it not a question between Government and Mr. Kuppamuthu ?

Shri A. Chidambaranatha Nadar : It is a matter between the Department and Mr. Kuppamuthu.

Shri P. S. Nataraja Pillai : Did the Government make an attempt to compound the case ?

Shri A. Chidambaranatha Nadar : The accused was prepared to pay Rs. 1,150 and compound the case.

Shri P. S. Nataraja Pillai : If the Department had no evidence to prosecute, where was the responsibility vested ?

Shri A. Chidambaranatha Nadar : The Department thought it was not a fit case for prosecution.

Shri A. Thanu Pillai : May I know whether it is the policy of Government to allow contracts to continue with offenders against the Forest Law ?

Shri A. Chidambaranatha Nadar : No.

Shri A. Thanu Pillai : How is it that this contract was not cancelled ?

Shri A. Chidambaranatha Nadar : There is no special reason for that.

Shri A. Thanu Pillai : Is not offence against the Forest Law sufficient reason to cancel the contract ?

Shri A. Chidambaranatha Nadar : Government considered that realisation of Rs. 1,150 is sufficient in this case.

Shri M. C. Mathew : Was it a mistaken act on the part of the Contractor ?

Shri A. Chidambaranatha Nadar : It is illicit cutting. May be a mistaken act.

ஸ்ரீ, ஸி. சங்கர்: 267 கேசுகள் என்று சொன்னீர்களே. மூன்று பேர்கள் மேல் தான் கேஸ் எடுக்கப்பட்டிருக்கிறது. பாக்கி கேசுகள் என்னவாயிற்று?

Shri A. Chidambaranatha Nadar : I want a separate question for that.

ஸ்ரீ. ஆற். பொன்னப்ப நாடார்: தேருரிலிருந்து யாராவது இந்த கேஸில் உட்பட்டதுண்டா?

ஸ்ரீ. ஏ. சிதம்பரநாத நாடார்: உட்பட்டதுண்டு.

പ്രൈമറിസ്കൂൾ അദ്ധ്യാപകർ.

✽ 568. [ന] ശ്രീ. ടി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ വിഭാഗത്തിലെ പ്രൈമറിസ്കൂൾ അദ്ധ്യാപകർക്ക് അവരുടെ സർവ്വീസിനെ പരിഗണിച്ചുള്ള ഇംക്രിമെൻറ് നൽകുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിനു കാരണം എന്തു്;

(സി) കൊച്ചി വിഭാഗത്തിലെ പ്രൈമറിസ്കൂൾ അദ്ധ്യാപകർക്ക് സർവ്വീസ് സംയോജനത്തിനു മുൻപുതന്നെ സർവ്വീസ് അനുസരിച്ച് ഇംക്രിമെൻറ കൊടുത്തുവരുന്നതായി അറിയാമോ;

(ഡി) ഷിഫ്ററ് സമ്പ്രദായംമൂലം കൊച്ചി വിഭാഗത്തിലുള്ള അദ്ധ്യാപകരെക്കാൾ കൂടുതൽ ജോലിചെയ്യുന്ന തിരുവിതാംകൂർ വിഭാഗത്തിലെ പ്രൈമറിസ്കൂൾ അദ്ധ്യാപകരുടെ മുൻ സർവ്വീസിനെ പരിഗണിച്ച് ഇംക്രിമെൻറ് നൽകാൻ നടപടി എടുക്കുമോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) :

(എ) തിരുവിതാംകൂർ വിഭാഗത്തിലെ പ്രൈമറിസ്കൂൾ അദ്ധ്യാപകർക്ക് അവരുടെ സർവീസിനെ പരിഗണിച്ചുള്ള ഇൻക്രിമെൻറ നൽകുന്നില്ല.

(ബി) അവരുടെ ശമ്പളത്തിന് 5 വ്യ-ഒ വരെ വർദ്ധമാനമായ സ്കെയിൽ ഇല്ലാതെ ഇരുപത്തഞ്ചുരൂപാ മാത്രം നിശ്ചിതശമ്പളമായിരുന്നതിനാൽ.

(സി) അറിയാം.

(ഡി) (ബി)-യിൽ പറഞ്ഞിരിക്കുന്ന കാരണത്താൽ തൽക്കാലം ഇതു സാദ്ധ്യമല്ല.

ശ്രീ. ടി. എ. മജീദ് : ഇവർക്ക് ഇൻക്രിമെൻറ് പരിഗണിക്കാതിരിക്കുന്നതുകൊണ്ട് ഇരുപത്തഞ്ചു കൊല്ലത്തെ പഴക്കമുള്ള അദ്ധ്യാപകന്മാർക്ക പോലും ഒരേ തോതിലുള്ള ശമ്പളമാണ് ലഭിച്ചുവരുന്നതെന്നറിയാമോ?

ശ്രീ. എ. ജെ. ജാൺ : ചിലപ്പോഠം അങ്ങനെ വരാം.

ശ്രീ. കെ. കരുണാകരൻ : കൊച്ചിയിലും തിരുവിതാംകൂറിലും ഉള്ള പ്രാഥമികഅദ്ധ്യാപകന്മാക്ക് ഉള്ള പരീക്ഷായോഗ്യത എന്താണ്?

ശ്രീ. എ. ജെ. ജാൺ : സ്കൂഠം ഫൈനൽ, മലയാളം ഹയർ, തമിഴം ഹയർ.

ശ്രീ. എ. താണുപിള്ള : പ്രൈവററസ്കൂഠം അദ്ധ്യാപകന്മാക്ക് ശമ്പളം നിശ്ചയിക്കുമ്പോഠം അവരുടെ സർവ്വീസുകൂടി പരിഗണിച്ച് ഇൻക്രിമെൻറ കൊടുക്കാറില്ലേ?

ശ്രീ. എ. ജെ. ജാൺ : പ്രൈവററസ്കൂഠം അദ്ധ്യാപകന്മാക്ക കൊടുക്കാറില്ല. സെക്കൻററിസ്കൂഠം അദ്ധ്യാപകന്മാക്ക് കൊടുക്കാറുണ്ട്.

ശ്രീ. എ. താണുപിള്ള : പ്രൈവററസ്കൂഠം അദ്ധ്യാപകന്മാക്കപോലും സർവ്വീസനുസരിച്ച് ഇൻക്രിമെൻറ കൊടുക്കണമെന്ന് വ്യവസ്ഥചെയ്തിരിക്കെ ഗവണ്മെൻറിൻെറ കീഴിൽ ജോലി ചെയ്യുന്ന അദ്ധ്യാപകന്മാർക്ക എന്തുകൊണ്ട് ആ വ്യവസ്ഥ ഏർപ്പെടുത്തുന്നില്ല?

ശ്രീ. എ. ജെ. ജാൺ : പ്രൈമറിസ്കൂഠം അദ്ധ്യാപകന്മാരെ സംബന്ധിച്ചാണെങ്കിൽ, ഇരുപത്തഞ്ചുരൂപാ ക്ലിപ്തശമ്പളത്തിലാണ് അവരെ റിക്രൂട്ടുചെയ്തിരുന്നത്. പിന്നീട് ഈയിടെ ഉണ്ടായ ഗവണ്മെൻറ പ്രൊസീഡിംഗ്സനുസരിച്ച് ശമ്പളം മുപ്പതു മുതൽ അൻപതു രൂപാ വരെ ആക്കിയിരിക്കയാണ്.

ശ്രീ ഇ. കൃഷ്ണൻനായർ : കൊച്ചി വിഭാഗത്തിൽപ്പെട്ട അദ്ധ്യാപകന്മാക്ക് ഇൻറിഗ്രേഷനുമുമ്പ് സർവ്വീസനുസരിച്ചുള്ള ഇൻക്രിമെൻറ കൊടുത്തിരുന്നോ?

ശ്രീ. എ. ജെ. ജാൺ : കൊടുത്തിരുന്നു.

പ്രൈമറിസ്കൂഠം ഹെഡ്മാസ്റ്റർമാർ.

* ൧൪൨ [൧] ശ്രീ. ടി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങഠംക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈമറിസ്കൂഠം ഹെഡ്മാസ്റ്റർമാക്ക് അവരുടെ ജോലിക്കൂടുതലിനെ പരിഗണിച്ച് മിഡിൽസ്കൂഠം അദ്ധ്യാപകന്മാരുടെ ഗ്രേഡാണ് മൻപു നൽകിയിരുന്നതെന്ന് ഗവണ്മെൻറിനറിയാമോ;

(ബി) ആ ഗ്രേഡുതന്നെ ഇനിയും നൽകാൻ ഗവണ്മെൻറ് വ്യവസ്ഥ ചെയ്യുമോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) :

(എ) ഷിഫ്ററസിസ്റ്റം നടപ്പിലാക്കുന്നതിനുമുമ്പ് തിരുവിതാംകൂർ വിഭാഗത്തിൽ പ്രൈമറിസ്കൂഠം ഹെഡ്മാസ്റ്റർമാക്ക് മിഡിൽസ്കൂഠം അദ്ധ്യാപകന്മാരുടെ ശമ്പളം കൊടുത്തിരുന്നു.

(ബി) ഇപ്പോഴത്തെ വ്യവസ്ഥയനുസരിച്ച് പ്രൈമറിസ്കൂൾ ഹെഡ്മാസ്റ്റർമാർക്ക് മുപ്പതു മുതൽ അൻപതു രൂപാ വരെയുള്ള ശമ്പളസ്കേയിലിനു പുറമേ ഒരു അലവൻസും കൊടുക്കുന്നുണ്ട്. മിഡിൽസ്കൂളിലെ ഗ്രേഡ് നൽകുന്ന കാര്യം ഇപ്പോൾ ഗണിക്കാൻ നിവൃത്തിയില്ല.

ശ്രീ. ടി. എ. മജീദ്: ഇപ്പോൾ ഹെഡ്മാസ്റ്റർമാർക്കു കൊടുക്കുന്ന അലവൻസ് എത്ര രൂപായാണ്?

ശ്രീ. എ. ജെ. ജാൺ: മൂന്നു രൂപാ.

Shri P. S. Nataraja Pillai : Was it not the allowance for the Headmasters of primary schools?

Shri A. J. John : Yes.

Shri P. S. Nataraja Pillai : Was not the allowance Rs. 5 before?

Shri A. J. John : Yes ; now the amount is reduced to Rs. 3.

Shri P. S. Nataraja Pillai : Why was the amount reduced?

ശ്രീ. എ. ജെ. ജാൺ: ശമ്പളം കൂടിയപ്പോൾ അലവൻസു കുറഞ്ഞു

Shri P. S. Nataraja Pillai : Is it not given for the additional work of Headmasters ?

Shri A. J. John : Yes.

Shri P. S. Nataraja Pillai : Has their work decreased now ? If the work is the same, why should the allowance be reduced ?

ശ്രീ. എ. ജെ. ജാൺ: അതിലേയ്ക്കാണ് ശമ്പളവും അലവൻസും കൂടി കൊടുക്കുന്നതു്. രണ്ടുംകൂടി കൂട്ടുമ്പോൾ തുക കൂടുതലായിരിക്കും.

ശ്രീ. ഒ. സി. നൈനാൻ: അങ്ങനെ ഗുണമുണ്ടായിട്ടില്ലെന്നു കംപ്ലെയിൻറു വന്നിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: നിശ്ചയമില്ല.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: കൊടുത്തിരുന്ന അലവൻസ് കുറവുചെയ്യാതെ തിരിച്ചു കൊടുക്കുമോ?

മി. സ്പീക്കർ: അഞ്ചുരൂപാ അനുവദിച്ചു കൊടുത്തിരുന്നവരിൽനിന്നും രണ്ടുരൂപാ റീഫണ്ടു ചെയ്തിട്ടുണ്ടോ എന്നാണോ ചോദ്യം?

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: അല്ല. ആദ്യം അവർക്കു കൊടുത്തിരുന്നതുപോലെ രണ്ടു രൂപാ കൂടി ചേർത്ത് എന്നു മുതൽ മൂന്നു രൂപാ കൊടുത്തുവോ അന്നുമുതൽ ബാക്കി കൊടുക്കേണ്ട തുക കൂടി കൊടുക്കുമോ എന്നാണു ഞാൻ ചോദിച്ചതു്.

ശ്രീ. എ. ജെ. ജാൺ: കൊടുക്കുവാൻ സാദ്ധ്യമില്ല.

മുനിസിപ്പൽ മിനിമംവേജസ് കമ്മിററി.

*൨൪൩. [വ്യ] ശ്രീ. പ്രാക്കുളം ഭാസി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചി, മുനിസിപ്പൽ തൊഴിലാളികളുടെ മിനിമംവേജസ് കമ്മിററിയുടെ റിപ്പോർട്ട് ഗവണ്മെൻറിലേയ്ക്കു സമർപ്പിക്കപ്പെട്ടുവോ;

(ബി) റിപ്പോർട്ടിലെ ശുപാർശകൾ ഗവണ്മെൻറ് അംഗീകരിച്ചോ;

(സി) അംഗീകരിച്ചെങ്കിൽ എന്നുമുതലാണ് നടപ്പിൽ വരുത്തിയതു്;

(ഡി) ഇല്ലെങ്കിൽ എന്നുമുതൽ നടപ്പിൽവരുത്തും?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ഉണ്ട്.

(ബി) ഗവണ്മെൻറിൻെറ ആലോചനയിലിരിക്കുകയാണ്.

(സി) (ബി)-യുടെ ഉത്തരത്തിൽനിന്നും ഈ ചോദ്യം ഉദിക്കുന്നില്ല.

(ഡി) റിപ്പോർട്ട് അംഗീകരിച്ചുകഴിഞ്ഞാൽ കഴിയുന്നതും വേഗത്തിൽ അതു നടപ്പിൽ വരുത്തുന്നതാണ്.

ശ്രീ. പ്രാക്കുളം ഭാസി: ഗവണ്മെൻറ പലപ്പോഴും 'കഴിയുന്നതും വേഗത്തിൽ' എന്നു പറയാറുണ്ട്. എന്താണതിൻെറ അർത്ഥം.

ശ്രീ. കെ. കൊച്ചുകുട്ടൻ: എത്രയും വേഗത്തിൽ എന്നാണർത്ഥം.

ശ്രീ. പ്രാക്കുളം ഭാസി: ഈ റിപ്പോർട്ട് മിനിമംവേജസ് ബോർഡിലേക്കയച്ചിരുന്നോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അയച്ചിരുന്നു. അവർ നോക്കി ഏതാനും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

ശ്രീ. പ്രാക്കുളം ഭാസി: ആ റിപ്പോർട്ടിൽ എന്തെങ്കിലും ഭേദഗതി ചെയ്യുവാനുദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതിപ്പോൾ പറയുവാൻ നിവൃത്തിയില്ല.

ശ്രീ. പ്രാക്കുളം ഭാസി: അതു എന്നു നടപ്പിൽ വരുത്തുവാനാണുദ്ദേശിക്കുന്നതു്?

ശ്രീ. കെ. കൊച്ചുകുട്ടൻ: കഴിയുന്നതും വേഗത്തിൽ.

ശ്രീ. പ്രാക്കുളം ഭാസി: കഴിയുന്നതും വേഗത്തിൽ എന്നുവച്ചാൽ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഓരോ മുനിസിപ്പാലിററിയിലേയും സാമ്പത്തികനില എന്താണെന്നു പരിശോധിക്കുവാൻ ഒരു പ്രത്യേക ഉദ്യോഗസ്ഥനെ നിയമിച്ചു. ആ ഉദ്യോഗസ്ഥൻെറ റിപ്പോർട്ടു കിട്ടി പരിശോധിച്ചതിൻെറ ശേഷമേ മിനിമംവേജസ് കമ്മിററിയുടെ റിപ്പോർട്ട് നടപ്പിൽവരുത്തുവാൻ നിവൃത്തിയുള്ളൂ. റിപ്പോർട്ടു കിട്ടിയില്ല. കിട്ടിക്കഴിഞ്ഞാൽ ഉടൻ അതു നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കയാണ്.

ശ്രീ. ടി. കെ. ദിവാകരൻ: മിനിമംവേജസ്കമ്മിററി എന്നാണു റിപ്പോർട്ടു സമർപ്പിച്ചതു്?

ശ്രീ. കെ. കൊച്ചുകുട്ടൻ; മന്നു-വ്വ-൭വ-ൽ.

ശ്രീ. ടി. കെ. ദിവാകരൻ: എന്നാണു് അഡൈ്വസറി കമ്മിററി റിപ്പോർട്ടു കിട്ടിയതു്?

ശ്രീ. കെ. കൊച്ചുകുട്ടൻ: മൻ. മവ. ൭വ-ൽ.

ശ്രീ. ടി. കെ. ദിവാകരൻ: മിനിമംവേജസ്കമ്മിററി റിപ്പോർട്ടു നടപ്പിലാക്കുന്നതിനു അക്റ്റംപ്രകാരം സമയക്ളിപ്തമില്ലേ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഉണ്ടു്. കഴിയുന്നതും വേഗത്തിൽ നടപടി നടത്താനാണു് ഉദ്ദേശിക്കുന്നതു്.

ശ്രീ. ടി. കെ. ദിവാകരൻ: കമ്മിററിറിപ്പോർട്ടനുസരിച്ചു് ഈ മാർച്ചു് അവസാനത്തിൽ അതു നടപ്പാക്കണമെന്നു ശുപാർശചെയ്തിട്ടുണ്ടായിരുന്നോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: നോട്ടീസുവേണം.

ശ്രീ. കെ. കരുണാകരൻ: മിനിമംവേജസ്കമ്മിററിയിൽ മുനിസിപ്പാലിററികളുടെ പ്രതിനിധികളുണ്ടായിരുന്നില്ലേ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഉണ്ടായിരുന്നു.

ശ്രീ. കെ. കരുണാകരൻ: ആ പ്രതിനിധികൾ കമ്മിററിയുടെ റിപ്പോർട്ടുമായിട്ടു യോജിച്ചിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: യോജിച്ചിട്ടുണ്ടു്.

ശ്രീ. കെ. കരുണാകരൻ: സാമ്പത്തികമായനില പരിഗണിച്ചാണോ അവർ യോജിച്ചിട്ടുള്ളതു്?

ശ്രീ. കെ. കൊച്ചുകുട്ടൻ: മുനിസിപ്പാലിററികളുടെ ഒന്നു രണ്ടു പ്രതിനിധികൾമാത്രമേ അവിടെ ഉണ്ടായിരുന്നുള്ളു. അവർ ഈ റിപ്പോർട്ടിനോടു യോജിച്ചിട്ടുണ്ടു്.

ശ്രീ. കെ. കരുണാകരൻ: എല്ലാ മുനിസിപ്പാലിററികളുടേയും സ്ഥിതിഗതികൾ അറിഞ്ഞതിനുശേഷമാണോ ഇപ്രകാരം ഒരു റിപ്പോർട്ടു സമർപ്പിക്കപ്പെട്ടിട്ടുള്ളതു്?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതേ. സാമാന്യമായി അന്വേഷിച്ചതിനുശേഷമാണു്.

ശ്രീ എ. കെ. ചെല്ലയ്യാ: സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിൽ ശമ്പളത്തെ സംബന്ധിച്ചിടത്തോളം മുനിസിപ്പൽ തൊഴിലാളികളും കൺസർവെൻസി തൊഴിലാളികളും തമ്മിൽ വ്യത്യാസമുണ്ടോ?

Mr. Speaker: The hon. Member is wandering away from the question. That has already been discussed.

ശ്രീ. എ. കെ. ചെല്ലയ്യാ: എന്റെ ചോദ്യം മുനിസിപ്പാലിററിയിൽ ൪൨ രൂപ ശമ്പളം കൊടുക്കുന്നതു് കൺസർവെൻസി തൊഴിലാളികൾക്കുംകൂടി കൊടുക്കാൻ റിപ്പോർട്ടു നിർദ്ദേശിക്കുന്നുണ്ടോ?

Mr. Speaker: The matter has not been decided. In that case what is it that the hon. Member wants to know.

ശ്രീ. എ. കെ. ചെല്ലയ്യാ: സർ, കൺസർവെൻസിക്കാർക്ക് പ്രതിമാസം ൧൮ രൂപയാണു ശമ്പളം കൊടുത്തുവരുന്നതു്. അവരുടെ ശമ്പളം കൂട്ടുന്നതിനാണു് എന്റെ ചോദ്യംകൊണ്ടുദ്ദേശിക്കുന്നതു്.

Mr. Speaker: Then the hon. Member has the information. So he may resume his seat.

ശ്രീ. എ. കെ. ചെല്ലയ്യാ: മുനിസിപ്പൽ തൊഴിലാളികളുടെ കൂട്ടത്തിൽ കൺസർവെൻസിക്കാരെ ഉൾപ്പെടുത്താൻ ദയവുണ്ടാകുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഇവിടത്തെ പ്രശ്നം മുനിസിപ്പൽ തൊഴിലാളികളെപ്പററിയാണു്, കൺസർവെൻസി തൊഴിലാളികളെപ്പററിയല്ല.

Land Reclamation.

*144. (9) **Shri K. Bhanu:** Will the Minister for Agriculture be pleased to state:

(*a*) whether there is any land reclamation and improvement scheme under consideration of Government with a view to stepping up agricultural production; and

(*b*) if so, what is the nature of that scheme?

Chief Minister **(Shri A. J. John):**

(*a*) Yes.

(*b*) Reclamation or rehabilitation of extensive areas of kari lands. The nature of the works required is mainly bunding, dewatering, provision of cross drainage works and application of soil rectifiers and suitable manures.

Shri K. Bhanu: May I know from Government whether they have any reclamation scheme in view in regard to Kayankulam lake?

Shri A. J. John: That is a separate point to be asked for. That may be thought of along with the Grow More Food Scheme.

Shri K. Bhanu: Has it been brought to the notice of Government that the land in and around Kayankulam can be reclaimed?

Shri A. J. John: Once there was a proposal to that effect. But after consideration it had to be given up.

Shri K. Bhanu: Has it been brought to the notice of Government that annually a portion of land is getting destroyed due to defects in the Kayamkulam lake?

Shri A. J. John: There is no such information.

Shri A. A. D. Luiz: Can the Government give any figure as to the extent of land secured for Land Reclamation and Improvement Scheme?

Shri A. J. John: The exact figure cannot be stated now. Nearly 6000 acres have been secured as coming under kari land.

കുട്ടനാടൻ പാടങ്ങളിൽ ജലസേചനം.

* ൧൪൫. [൧൦] ശ്രീ. സി. ജി. സദാശിവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ പാടങ്ങളിൽ വെള്ളം വറ്റിക്കുന്നതിനുള്ള കൺട്രാക്റ്റർമാർ ഒരേക്കറിന് എന്തു തുകവച്ചു ഈടാക്കുന്നുണ്ടെന്നറിയാമോ; അറിയാമെങ്കിൽ എത്ര;

(ബി) വെള്ളം പമ്പുചെയ്തു കളയുന്നതിന് ഗവണ്മെന്റ് എന്തെല്ലാം സൗജന്യങ്ങളാണ് ചെയ്തുകൊടുത്തുകൊണ്ടിരിക്കുന്നത്;

(സി) ൧൯൫൮-ൽ ഒരേക്കറിലെ വെള്ളം പമ്പുചെയ്യുന്നതിന് എന്തു തുക കൃഷിക്കാരിൽനിന്നും ഈടാക്കിയിരുന്നു;

(ഡി) ഇന്നത്തെക്കാൾ കുറഞ്ഞ ചെലവിൽ വെള്ളം വറ്റിക്കുന്നതിന് എന്തെങ്കിലും പദ്ധതി ഗവണ്മെന്റിനുണ്ടോ; ഉണ്ടെങ്കിൽ എന്തെന്നു പറയാമോ;

(ഇ) കുട്ടനാട്ടിലെ ചെറിയ കൃഷിക്കാർ അതിനുവേണ്ടി എന്തെങ്കിലും പദ്ധതികൾ ഗവണ്മെന്റിൽ സമർപ്പിച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) അറിയാം. ഏക്കറിന് ൨ രൂപ ൧൨ ണ. മുതൽ ൩൫ രൂപവരെയുണ്ട്.

(ബി) (൧) പമ്പിംഗ് ചെലവിന്റെ നാലിലൊന്നംശം സൗജന്യമായി ഗവണ്മെന്റ് നൽകുന്നു.

(൨) പഞ്ച സ്പെഷ്യൽ ആഫീസ് മുഖേന ഓരോ പാടശേഖരത്തിന്റെയും പമ്പിംഗ് ലേലം ചെയ്തുകൊടുക്കുകയും, അപ്പോഴപ്പോൾ കൃഷിക്കാരുടെ ആവശ്യാർത്ഥം പമ്പിംഗ് വ്യവസ്ഥകൾ ചെയ്തുകൊടുക്കുകയും ചെയ്യുന്നു.

(൩) കഴിവുള്ളിടത്തോളം വിദ്യുച്ഛക്തി വിതരണം ചെയ്യുന്നു.

(സി) ൧൯൫൮-ൽ ഏക്കറിന് ഏറ്റവും കുറഞ്ഞ തുക ൩ രൂപ ൯ ണ. യും കൂടിയ തുക ൩൮ രൂപയുമാകുന്നു.

(ഡി) ഇല്ല.

(ഇ) ഇല്ല.

ശ്രീ. സീ. ജി. സദാശിവൻ: സൗജന്യം കർഷകർക്കു ചെയ്തുകൊടുക്കുന്നു എന്നു പറഞ്ഞു. ഏതു തരം കർഷകർക്കാണു ചെയ്തുകൊടുക്കുന്നതു്?

ശ്രീ. ഏ. ജെ. ജാൺ: എല്ലാത്തരം പുഞ്ചനിലം കൃഷിക്കാർക്കും ചെയ്തുകൊടുക്കുന്നു.

ശ്രീ. സീ. ജി. സദാശിവൻ: വെള്ളം വററിക്കുന്നതിനെ സംബന്ധിച്ചു് ഗവൺമെൻറിൽനിന്നും ലേലം വിളിച്ചു കൊടുക്കുന്ന തുകയെക്കാൾ കുറഞ്ഞ തുകയ്ക്കു് എൻജിൻ വെള്ളം വററിക്കാനായി മററുള്ളവർ കൊടുക്കുന്നു എന്നറിയാമോ?

ശ്രീ. ഏ. ജെ. ജാൺ: കൊടുക്കുന്നുണ്ടായിരിക്കാം. വെള്ളം വററിക്കുന്നതിനായി ലേലംചെയ്തു കൺട്രാക്ടർമാർക്കു് കൊടുക്കുമ്പോൾ ചില അവസരങ്ങളിൽ ലേലത്തുക അല്പം കൂടിയിരിക്കും. മററുചില അവസരങ്ങളിൽ തുക കുറഞ്ഞിരിക്കും. അങ്ങനെ കൂടുകയും കുറയുകയും ചെയ്യും.

ശ്രീ. ഈ. ഗോപാലകൃഷ്ണ മേനോൻ: ൨൫ ശതമാനം സൗജന്യം ഇപ്പോഴും നിലവിലുണ്ടോ?

ശ്രീ. ഏ. ജെ. ജാൺ: ഇപ്പോഴും കൊടുത്തുവരുന്നുണ്ടു്.

ശ്രീ. ഈ. ഗോപാലകൃഷ്ണ മേനോൻ: അങ്ങനെയുള്ള സൗജന്യം എന്തുകൊണ്ടു ചെറിയ കർഷകർക്കു് കിട്ടുന്നില്ല.

ശ്രീ. ഏ. ജെ. ജാൺ: സൗജന്യം വേണമെന്നുണ്ടെങ്കിൽ അതിനൊരു ഫാറം ഉണ്ടു്. ആ ഫാറം പൂരിപ്പിച്ചയയ്ക്കുമ്പോൾ മാത്രമേ സൗജന്യം ചെയ്യാൻ നിവൃത്തിയുള്ളു. ഫാറം പൂരിപ്പിച്ചയയ്ക്കാത്തതുകൊണ്ടാണു ചെറുതരം കൃഷിക്കാർക്കു് ചിലപ്പോൾ കിട്ടാതെ വരുന്നതു്. ഈ സൗജന്യത്തിനു് വേണ്ടിവരുന്ന പണം ബഡ്ജററിൽ കൊള്ളിച്ചിട്ടുമുണ്ടു്.

ശ്രീ. ഈ. ഗോപാലകൃഷ്ണ മേനോൻ: ഈ സൗജന്യം കിട്ടുന്നതു് ഒരു കർഷകസംഘത്തിനു മാത്രമാണെന്നുള്ളതറിയാമോ?

ശ്രീ. ഏ. ജെ. ജാൺ: ഒരു സംഘത്തിനു മാത്രമായിട്ടല്ല. എല്ലാ കൃഷിക്കാർക്കും ഈ ഗുണം കിട്ടുന്നുണ്ടു്.

ശ്രീ. ഈ. ഗോപാലകൃഷ്ണ മേനോൻ: ആ സൗജന്യത്തിനുവേണ്ടി ചെറുതരം കൃഷിക്കാർ നാലഞ്ചുതവണ ആലപ്പുഴവരെ പോയി അപേക്ഷകൾ കൊടുത്തിട്ടും ഒരു ഫലവുമില്ലെന്നുള്ള വിവരം അറിയാമോ?

ശ്രീ. ഏ. ജെ. ജാൺ: ശരിയായ വിവരം അറിഞ്ഞുകൊണ്ടു് ആലപ്പുഴവച്ചു ഫാറം പൂരിപ്പിച്ചുകൊടുക്കാത്തതുകൊണ്ടാണു കിട്ടാതിരുന്നതു്. ഈ കാര്യത്തിനുവേണ്ടി അഞ്ചാറുപ്രാവശ്യം പോകേണ്ട കാര്യമില്ല.

ശ്രീ. പി. ഗോവിന്ദപ്പിള്ള: പുഞ്ചപ്പാടങ്ങളിൽ വെള്ളം വററിക്കുന്നതു് ഒരു സഹകരണാടിസ്ഥാനത്തിലായിരുന്നാൽ അതു കൂടുതൽ ഉപകാരപ്രദമായിരിക്കുകയില്ലേ?

ശ്രീ. എ. ജെ. ജാൺ: അതുകൊണ്ടാണല്ലോ അവിടെ ഒരു പരസ്പര സഹായസംഘം പ്രവർത്തിക്കുന്നത്. ൫൦൦ പറ നിലംമുതൽ ൫൪,൦൦൦ പറ നിലം വരെയുള്ള ആളുകൾ അവിടെ ഉണ്ട്. എല്ലാവർക്കും മൂന്നുനാലാഴ്ചകളിൽ വെള്ളം വററിച്ചു കൊടുക്കണം. അതിലേയ്ക്കു സഹകരണ സംഘത്തിൻെറ പ്രവർത്തനമാണ് കൂടുതൽ ഫലവത്താകുന്നത്. ൧൧൨൪-ൽ ഒരു കോവാപ്പറേററിവ് സൊസൈററി ആരംഭിക്കുകയുണ്ടായി. ആ സൊസൈററി കുട്ടനാട്ടിലെ പുഞ്ചക്കൃഷിക്ക് വേണ്ട സഹായങ്ങൾ ചെയ്യുന്നുണ്ട്.

ശ്രീ ഇ. ഗോപാലകൃഷ്ണമേനോൻ: അന്തിക്കാട്ടു നിലംകൃഷി ഉള്ളവർ വെള്ളം വററിക്കുന്നത് സൊസൈററി മുഖാന്തിരമല്ലെന്നും, അവിടങ്ങൾ പൊതുജനങ്ങളുടെ ഉത്സാഹത്തിലാണ് അവ നടത്തുന്നതെന്നും അറിയാമോ?

ശ്രീ. എ. ജെ. ജാൺ: അങ്ങനെ ആയിരിക്കും.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: അങ്ങനെയാണെങ്കിൽ വെള്ളം വററിക്കുന്നതിനെ സംബന്ധിച്ച് സൊസൈററിക്കു കൊടുക്കാതെ അതാതു സ്ഥലങ്ങളിലെ പൊതുജനങ്ങളെ ഏല്പിച്ചാൽ പോരേ?

ശ്രീ. എ. ജെ. ജാൺ: അത് ചുററുപാടുകൾ അനുസരിച്ചായിരിക്കും.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: പമ്പിംഗിനു വേണ്ടതായ എൻജിൻ ഓരോ സ്ഥലത്തും കൊടുക്കാൻ ഭയവുണ്ടാകുമോ?

ശ്രീ. എ. ജെ. ജാൺ: അത്രത്തോളം എൻജിൻ സ്റ്റാക്കില്ല. ഉള്ളതു കൊടുക്കുവാൻ ഇടപാടു ചെയ്യുന്നുണ്ട്.

കർഷകസംഘത്തിന് സൾഫേററ്.

*൧൪൩. [൧൧] ശ്രീ. സി. ജി. സദാശിവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടു കർഷകസംഘത്തിന് സൾഫേററ് (sulphates ഗവണ്മെൻറ് കൊടുക്കുന്നുണ്ടോ;

(ബി) അതിന് ഒരു ഹൺഡ്രഡ് വെയിററിനു എന്തുവില ഈടാക്കുന്നു;

(സി) കർഷകസംഘം എന്തു വിലവെച്ചു വിൽക്കുന്നു?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ഇല്ല. എന്നാൽ കുട്ടനാട്ടു കർഷകസഹകരണസംഘം ക്ലിപ്തം ൧൧൩൦-ൽ കഴിഞ്ഞ പുഞ്ചക്കൃഷി സമയത്തു കർഷകർക്ക് വിതരണം ചെയ്യുന്നതിനായി ൧൦൦൦ ടൺ സൾഫേററ് കൊടുത്തിട്ടുണ്ട്.

(ബി) കുട്ടനാട്ട് കർഷക സഹകരണസംഘത്തിൽ നിന്നും ഹൺഡ്രഡ് വെയിററിനു ൧൯ രൂപ ൧൦ ണ. ൧൦ സം. എന്ന ക്രമത്തിനു വില ഈടാക്കി.

(സി) സഹകരണസംഘം ഒരു ഹൺഡ്രഡ്‌വെയിററിന് ൨൧ രൂപ ൫൦ ണ. വീതം വിലയ്ക്കു് കർഷകർക്കു് വിതരണം ചെയ്യും.

ശ്രീ. സി. ജി. സദാശിവൻ: കർഷകർക്കു് ഈ വളം കിട്ടുന്നതിനു വിളവിന്റെ ജാമ്യത്തിന്മേൽ വളം കടം കൊടുക്കുമോ?

ശ്രീ. എ. ജെ. ജാൺ: അങ്ങനെയുമുണ്ടു്.

ശ്രീ. സി. ജി. സദാശിവൻ: കടമായി വളം വിതരണം ചെയ്യുന്ന കാര്യത്തിൽ എന്തെല്ലാമാണു വ്യവസ്ഥ?

ശ്രീ. എ. ജെ. ജാൺ: കർഷകർതന്നെ ആവശ്യപ്പെടണം. അവരുടെ വസ്തുക്കൾ അന്യർക്കു് ബാദ്ധ്യതയൊന്നുമില്ലെന്നു ബോദ്ധ്യമുണ്ടാകണം. വസ്തുജാമ്യം കൊടുക്കണം. അങ്ങനെയാണെങ്കിൽ കടമായി വളം കൊടുക്കുന്നതാണു്.

ശ്രീ. ഈ. ഗോപാലകൃഷ്ണമേനോൻ: നിലം കൃഷി ചെയ്യുന്നതു് പാട്ടക്കാരനാണെങ്കിൽ അയാൾക്കു് ഈ വിളവുജാമ്യത്തിൽ വളം കടം കിട്ടുമോ?

ശ്രീ. എ. ജെ. ജാൺ: കൃഷി ചെയ്തിരിക്കുന്നതു് അയാളാണെന്നു ബോദ്ധ്യപ്പെടുകയും അതിലെ വിളവിനു് അയാളാണു് അവകാശി എന്നു കാണുകയും ചെയ്താൽ അയാൾക്കും കൊടുക്കും.

ശ്രീ. ഈ. ഗോപാലകൃഷ്ണമേനോൻ: ചെറിയ ചെറിയ കൃഷിക്കാർ വളത്തിനുവേണ്ടി അധികൃതരെ സമീപിച്ചപ്പോൾ അവർക്കു് കൊടുത്തിട്ടില്ലയെന്നറിയാമോ?

ശ്രീ. എ. ജെ. ജാൺ: രണ്ടും മൂന്നും പറ നിലം കൃഷിയുള്ളവർക്കുവേണ്ടി ഒരു എഗ്രിമെന്റു് എക്സിക്യൂട്ടു് ചെയ്യുകയെന്നുള്ളതു് എപ്പോഴും സ്വീകരിച്ചു എന്നു വരികയില്ല. അതു് വളരെ പ്രയാസമാണു്. അതുകൊണ്ടു് ചിലപ്പോൾ അവരോടു് രൊക്കം വില തന്നെങ്കിലെ വളം തരികയുള്ളു എന്നു പറഞ്ഞിരിക്കാം.

ശ്രീ. സി. ജി. സദാശിവൻ: ചെറിയ ചെറിയ കർഷകർക്കുകൂടി ഈ വ്യവസ്ഥയിന്മേൽ വളം കടം കൊടുക്കുന്നതിനെപ്പററി ആലോചിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. എ. ജെ. ജാൺ: അതിനെപ്പററി ആലോചിക്കാം.

I. A. S. Officers.

*147 [12] **Shri R. Kesava Pillai**: Will the Minister for General Administration be pleased to state:

(*a*) The number of I. A. S. Officers in the State and the scale of their salary;

(*b*) whether these officers are interchangeable with Governments other than that of this State; and

(*c*) if interchangeable, the conditions, if any?

Chief Minister **(Shri A. J. John:)**

(*a*) Seven including one person under training. The salary of four I. A. S. officers (Shri George Thomas, Shri P. S. Padmanabhan, Shri P. I. Jacob and Shri P. M. Mathew) has been fixed as follows: Shri George Thomas and Shri P. S. Padmanabhan Rs. 850, Shri P. I. Jacob 800, Shri P. M. Mathew Rs. 450. The salary of the officer (Shri Ananthakrishnan) under training has not been fixed. Shri M. R. Pai, I. A. S., and Shri P. I. Alexander, I. A. S., are getting Rs. 450 and Rs. 500 respectively in the scale of Rs. 350-400-450-500 540-30-600-E. B. 30-870-40-950.

(*b*) & (*c*) Officers borne on the cadre of this State can be interchanged with officers borne on the cadres of other Governments by the Central Government in consultation with this Government on conditions to be fixed in each case.

ശ്രീ. ആർ. കേശവപിള്ള: ഐ. ഏ. എസ്സ് ആഫീസറന്മാരെ നിയമിക്കുന്നതു് ഏതു ഗവണ്മെന്റാണു്?

ശ്രീ. ഏ. ജെ. ജാൺ: സെൻട്രൽ ഗവണ്മെന്റാണു്.

ശ്രീ. ആർ. കേശവപിള്ള: നമ്മുടെ ഗവണ്മെന്റിനു് അതിൽ ബാദ്ധ്യതയൊന്നുമില്ലേ?

ശ്രീ. ഏ. ജെ. ജാൺ: ഒന്നുമില്ലെന്നുതന്നെ പറയാം.

ശ്രീ. ആർ. കേശവപിള്ള: ഐ. ഏ. എസ്സ്. ആഫീസരുടെ നിയമനക്കമ്മിറ്റിയിൽ നമ്മുടെ ചീഫ്സെക്രട്ടറി ഒരു പ്രതിനിധിയായിരുന്നില്ലേ?

ശ്രീ. ഏ. ജെ. ജാൺ: നിയമനക്കാര്യത്തിലല്ല അതു്, സ്റ്റേറ്റ് ക്വോട്ടാപ്രകാരമുള്ള തിരഞ്ഞെടുപ്പുകാര്യത്തിനുവേണ്ടിയാണു്.

ശ്രീ. കെ. ററി. വേലായുധൻ: ഇവിടെയുള്ള ഗവണ്മെന്റ ഐ. ഏ. എസ്സ്. ഉദ്യോഗസ്ഥന്മാരിൽ എത്ര ശതമാനം തിരഞ്ഞെടുത്തയയ്ക്കാമെന്നു വല്ല വ്യവസ്ഥയുമുണ്ടോ?

ശ്രീ. ഏ. ജെ. ജാൺ: ഈ സംസ്ഥാനത്തെ ഉദ്യോഗസ്ഥ ക്വോട്ടാ നാലുദ്യോഗസ്ഥന്മാരെ തിരഞ്ഞെടുത്തയയ്ക്കാമെന്നാണു്.

ശ്രീ. കെ. ററി. വേലായുധൻ: സെൻട്രൽ ഗവണ്മെന്റിലെ പബ്ലിക് സർവ്വീസ് കമ്മിഷനാണോ അതോ ഈ നിയമനങ്ങൾക്കു് പ്രത്യേകം വല്ല കമ്മിററിയുമുണ്ടോ?

ശ്രീ. ഏ. ജെ. ജാൺ: കമ്മററിയുണ്ടു്.

Shri A. A. D. Luiz: In the I. A. S. cadre, may I know whether there is anybody from the Anglo-Indian community?

ശ്രീ. ഏ. ജെ. ജാൺ: ഐ. ഏ. എസ്സ്. ആഫീസറായിട്ടു എടുത്തിട്ടുള്ളവരിൽ ആംഗ്ലോഇൻഡ്യൻസായിട്ടു് ആരെങ്കിലും ഉണ്ടെങ്കിൽ ഉണ്ടു്,

ഹോസ്റ്റൽ വാടകവർദ്ധനവു്

* ൪൮൮. [൪൩] ശ്രീ. വി. ശ്രീധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ് ഒ എ- ഒ ഫ-ൽ തിരുവനന്തപുരത്തുള്ള ഗവൺമെൻറു ഹോസ്റ്റലിലെ താമസക്കാരായ വിദ്യാർത്ഥികളിൽനിന്നും വർദ്ധിപ്പിച്ച മുറിവാടക കുറയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ടു യൂണിവേഴ്സിററി അധികൃതൎക്കു് വല്ല നിവേദനവും ലഭിച്ചിട്ടുള്ളതായി ഗവൺമെൻറിനു് അറിവുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതുസംബന്ധിച്ചു എന്തുനടപടി സ്വീകരിച്ചു?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ഉണ്ടു്.

(ബി) എസ് ഒ എ- ഒ ഫ-ൽ വർദ്ധിപ്പിച്ച മുറിവാടക കുറയ്ക്കുന്നതിനു് യൂണിവേഴ്സിററി തീരുമാനിക്കുകയും കൂടുതൽ ഈടാക്കിയ തുക തിരിച്ചുകൊടുക്കുകയും ചെയ്തു.

ശ്രീ. വി. ശ്രീധരൻ: അധികം വാങ്ങിച്ച രൂപ തിരിച്ചുകൊടുത്തിട്ടുണ്ടെന്നാണോ പറയുന്നതു്?

ശ്രീ. എ. ജെ. ജാൺ: അതെ.

ശ്രീ. പി. ഗോവിന്ദപ്പിള്ള: ഈ വാടക എന്നാണു കൂട്ടിയതു്?

ശ്രീ. എ. ജെ. ജാൺ: ഒ എ- ഒ ഫ-ൽ ആണു്.

ശ്രീ. പി. ഗോവിന്ദപ്പിള്ള: വാടക കൂട്ടാൻ പാടില്ലെന്നു് നിവേദനങ്ങൾ കിട്ടിയിട്ടില്ലേ?

ശ്രീ. എ. ജെ. ജാൺ: നിവേദനങ്ങൾ കിട്ടിയതു് കൂട്ടിയതിൽ പിന്നീടാണു്.

ശ്രീ. പി. ഗോവിന്ദപ്പിള്ള: വിദ്യാർത്ഥികളുടെ രക്ഷകൎത്താക്കൾ ഈ വാടക കൂട്ടിയതിൽ പ്രതിഷേധിക്കുന്നില്ലേ?

ശ്രീ. എ. ജെ. ജാൺ: ഒ എ- ഒ ഫ മദ്ധ്യത്തിലാണു് വാടക കൂട്ടിയതു്. ഒരു വർഷത്തിന്റെ മദ്ധ്യത്തുവച്ചു് വാടക കൂട്ടുന്നതു ശരിയല്ലെന്നു കരുതി വാങ്ങിച്ച കൂടുതൽ വാടക തിരിയെ കൊടുത്തു. അതിനുശേഷം അടുത്ത സ്കൂൾവർഷാരംഭംമുതൽ ഇന്ന വാടകവീതം കൊടുത്തുകൊള്ളണമെന്നു് ഒരു നോട്ടീസു പ്രസിദ്ധപ്പെടുത്തുകയും വിദ്യാർത്ഥികളും വിദ്യാർത്ഥികളുടെ രക്ഷാകൎത്താക്കളും സമ്മതിച്ചു് എഗ്രിമെൻറിൽ ഒപ്പു വയ്ക്കുകയും ചെയ്തു. ആ എഗ്രിമെൻറനുസരിച്ചാണു് ഇപ്പോൾ വാടക കൂട്ടിയിരിക്കുന്നതു്.

ശ്രീ. പി. ഗോവിന്ദപ്പിള്ള: നിവേദനം കിട്ടിയിട്ടുള്ളതു് വാടക കൂട്ടുന്നതിനുമുമ്പോ അതോ കൂട്ടിയതിൽ പിന്നീടോ?

ശ്രീ. വി. ശ്രീധരൻ: ഗവണ്മെൻറ് മുറിവാടക കൂട്ടിയതിനു ശേഷമാണോ വിദ്യാർത്ഥികളിൽ നിന്നും വാടക കുറയ്ക്കണമെന്ന നിവേദനം ഉണ്ടായിട്ടുള്ളത്?

ശ്രീ. എ. ജെ. ജാൺ: അതേ.

ശ്രീ. പി. ഗോവിന്ദപ്പിള്ള: ഇതുപോലെ വേറെ വല്ല ഹോസ്റ്റലുകളിൽ നിന്നും നിവേദനങ്ങൾ ലഭിക്കുകയോ സംഖ്യ തിരിയെ കൊടുക്കുകയോ ചെയ്തിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: അത് ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

ശ്രീ. പി. ഗോവിന്ദപ്പിള്ള: വിമൻസ് കാളേജിലും ലാ കാളേജിലും ഉള്ള വിദ്യാർത്ഥികളുടെ പക്കൽ നിന്നും കൂടുതൽ വാടക വാങ്ങിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ നിശ്ചയമില്ല.

Cenotaphs and tombs.

*149 [14] **Shri K. Sattanatha Karayalar**: Will the Chief Minister be pleased to state:

(*a*) how many cenotaphs and tombs of historical importance are there in the State;

(*b*) of these, how many are in Nanjanad and Shencottah; and

(*c*) what are the steps the Government have taken to preserve these?

Chief Minister **(Shri A. J. John)**:

(*a*) There are 16 tombs and cenotaphs in the State, 3 protected tombs in Travancore and 13 tombs in the Cochin area.

(*b*) All the 3 tombs in the Travancore area are in Nanjanad.

(*c*) They are protected monuments and they are maintained by the State.

Shri K. Sattanatha Karayalar: May I know whether Government are aware of the fact that some of the cenotaphs have been removed and houses have been built in those areas?

Shri A. J. John: Government have no information.

Shri K. Sattanatha Karayalar: If so, will the Government take steps to recover those places?

Shri A. J. John: If it is brought to the notice of Government, Government will take the necessary steps.

Unemployment.

*150 [15] **Shri K. Sattanatha Karayalar**: Will the Chief Minister be pleased to state:

(*a*) whether there are statistics of the unemployed in this State; and

(*b*) if so, how many are graduates; how many are undergraduates and how many are manual labourers?

Chief Minister (**Shri A. J. John**):

(*a*) No.

(*b*) Does not arise in view of the answer to part (a)

Shri K. Sattanatha Karayalar: May I know how many are employed who have passed the Public Service Examination in the past five years?

Shri A. J. John: I have no information now.

Co-operative farming.

*151. [16] **Shri A. Samraj**: Will the Minister for Local Self Government be pleased to state: whether the Government will consider the organisation of the landless agricultural labourers of the backward communities for the purpose of Co-operative farming in cultivable waste lands of the State?

Minister for Local Self Government (**Shri K. Kochukuttan**): Yes.

ஸ்ரீ. ஏ. ஸாம்ராஜ்: பார்மிங் கோவாப்பரேற்றிவ் சொஸைட்டிகள் எங்கெல்லாம் ஏற்படுத்தப்பட்டிருக்கிறது?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഇപ്പോൾ അത്തരം കോഓപ്പറേറ്റീവ് ഫാമിംഗ് സൊസൈററികൾ ഇല്ല. അതിനു സൌകര്യമുള്ള സ്ഥലങ്ങളിൽ ഏർപ്പാടു ചെയ്യുന്നതാണ്.

Shri A. A. D. Luiz: May I know whether in Vengola colonies have been started.

ശ്രീ. കെ. കൊച്ചുകുട്ടൻ: വെങ്ങോലയിൽ ഹരിജനങ്ങൾക്കുവേണ്ടിയുള്ള ഒരു കോളനിയില്ല.

Teachers.

*152. [17] **Shri A. Samraj**: Will the Chief Minister be pleased to state:

(*a*) whether it is a fact that teachers in private secondary schools were not given their increments for a long period; and

(*b*) if so, the reasons for the same?

Chief Minister **(Shri A. J. John)**:

(*a*) The increment earnedby the teachers was withheld for sometime. It was subsequently released.

(*b*) Procedural details relating to the change-over from the old scheme to the revised scheme had to be decided before it could be released.

വെറുമ്പാട്ടക്കുടിയാന്മാരുടെ പാട്ടവർദ്ധനവ്.

* ൫൭൩. [൫൮൫] ശ്രീ. ഈ. ഗോപാലകൃഷ്ണമേനോൻ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവകുപ്പു മന്ത്രി സദയം മറുപടി പറയുമോ:

വെറുമ്പാട്ടക്കുടിയാന്മാരുടെ പാട്ടം വർദ്ധിപ്പിക്കുന്നതിനെ തടയുന്ന എന്തെങ്കിലും വ്യവസ്ഥ ഇന്നു തിരുവിതാംകൂർ വിഭാഗത്തിൽ നിലവിലുണ്ടോ?

Minister for Revenue **(Shri A. Chidambaranatha Nadar)**: No.

ശ്രീ. ഈ. ഗോപാലകൃഷ്ണമേനോൻ: പാട്ടം വർദ്ധിപ്പിക്കുന്നതിനെ തടയുന്നതിനു വ്യവസ്ഥയില്ലെങ്കിൽ ഒഴിപ്പിക്കൽ വ്യവസ്ഥകൊണ്ടു പ്രയോജനമില്ലെന്നു ബഹുമാനപ്പെട്ട മന്ത്രിക്കറിയാമോ?

Mr. Speaker: We are just going to enact some measure in the matter and it will come up for discussion before the House shortly and we can legislate according to the wishes of the popular opinion.

ശ്രീപാദം ഏറയിലി വസ്തുക്കൾ.

* ൫൭൪. [൫൯൦] ശ്രീ. ഈ. ഗോപാലകൃഷ്ണമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭൂനികുതി വകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ശ്രീപാദം ഏറയിലി വസ്തുക്കൾ അവരുടെ കൈവശക്കാരിൽ നിന്ന് ഒഴിപ്പിച്ചെടുക്കുന്നതിന് എന്തെങ്കിലും നടപടികൾ ശ്രീപാദത്തിൽ നിന്നും എടുത്തിട്ടുണ്ടോ;

(ബി) ശ്രീപാദം ഭൂമികളുടെ കാര്യത്തിൽ ഒരു സ്പെഷ്യൽ ആഫീസറെ നിയമിച്ചിട്ടുള്ളത് എന്താവശ്യത്തിനാണ്?

றெவந்யு இலாகா மந்திரி (ஸ்ரீ. ஏ. சிதம்பரநாத நாடார்):

(எ), (பி) இதைப்பற்றி கவர்மெண்டுக்கு ஒரு தகவலும் இல்லை; இவைகள் கெட்டாரம் வஸ்துக்கள்.

ശ്രീ ഈ. ഗോപാലകൃഷ്ണമേനോൻ: ഈ ഏറയിലി വസ്തുക്കൾ പ്രതിഫലം വാങ്ങിക്കൊണ്ടു നിറുത്തൽ ചെയ്യുവാൻ വല്ല ആലോചനയും നടക്കുന്നുണ്ടോ?

Mr. Speaker: I have been listening to all the questions. This is a matter completely under the administrative responsibility of the Sripadam and this Government have no responsibility for that.

Shri E. Gopalakrishna Menon: My question is whether the tenants in these lands can be evicted or not. These people have pattas in such lands. I would like to know whether it is proper to evict these people.

Shri A. Chidambaranatha Nadar: For the information of the member I may state that it is understood that a Special Officer has been appointed by the Palace for registering the lands in the names of the occupants on payment of value.

Shri P. S. Nataraja Pillai: May I know whether Government have decided that these are private properties of the members of the Ruler's family?

Shri A. Chidambaranatha Nadar: I cannot give an answer to that now. If a separate question is put, I shall furnish the answer.

Shri P. S. Nataraja Pillai: We are discussing the Sripadam lands now. So I put the question whether under the articles of the Covenant, under the Constitution of India these lands have not to be declared as the private property of the Ruler's family?

Mr. Speaker: Then the hon. Member who put the question knows the answer also.

Shri P. S. Nataraja Pillai: I want to know whether this Government have declared these lands to be so,

Mr. Speaker: Questions are not put to give information but to get information.

Shri P. S. Nataraja Pillai: I am saying under the Covenant, the Government have to declare these as the private property of the Ruler's family. Do these lands come under that. That is my question.

Shri A. Chidambaranatha Nadar: That is now under the consideration of Government.

Shri P. S. Nataraja Pillai: Then how can the Government say that this the concern of the Palace. Is it not a matter for the Government also?

Shri A. Chidambaranatha Nadar: As it is, the properties are now under the control of the Palace.

Shri P. S. Nataraja Pillai: What exactly are the relations between the Palace and the Government so far as these lands are concerned?

Shri A. Chidambaranatha Nadar: Eeven that has not yet been decided.

Shri P. S. Nataraja Pillai: Are the Government enforcing any of their laws as regards these properties?

Mr. Speaker: Is the Minister in a position to answer that?

Shri A. Chidambaranatha Nadar : The matter is under the consideration of Government.

ഡാക്ടർ എൻ. എസ്സ്. പിള്ള : ഈ കാര്യങ്ങളൊന്നും തീർച്ചപ്പെടുത്തിയില്ലെങ്കിൽ പിന്നെ വിലയത്തം ചോദിക്കുവാനുള്ള അവകാശം എവിടെനിന്നു കിട്ടി ?

ശ്രീ എ. ജെ. ജോൺ : വില ഗവണ്മെൻറ് ചോദിക്കുന്നില്ല.

ശ്രീ. ഒ. സി. നൈനാൻ : വിലയത്തിൻെറ റേററ വല്ലതും പറഞ്ഞിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജോൺ : ഒന്നും പറഞ്ഞിട്ടില്ല.

മണിയംകരം കമ്മിററിയുടെ റിപ്പോർട്ട്.

* ൧൫൮. [൨൦] ശ്രീ. ഈ. ഗോപാലകൃഷ്ണമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭൂനികുതിവകുപ്പു മന്ത്രി സദയം മറുപടി പറയുമോ:

(എ) ഗവണ്മെൻറിൽ നിന്ന് നിയമിച്ചിരുന്ന മണിയംകരം കമ്മിററിയുടെ റിപ്പോർട്ട ഗവണ്മെൻറിലേയ്ക്കു സമർപ്പിച്ചോ;

(ബി) ഉണ്ടെങ്കിൽ ആ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്താത്തതെന്തുകൊണ്ട്;

(സി) ആ റിപ്പോർട്ടിലെ ശുപാർശകൾ എന്തെല്ലാമാണ്?

Minister for Revenue (**Shri A. Chidambaranatha Nadar**) : The matter is under the consideration of the Government, and the recommendations cannot be divulged at this stage.

പട്ടിക ജാതിക്കാർ.

* ൧൫൯. [൨൧] ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ വർഷം പട്ടികജാതിപ്പട്ടികയിൽ ഏതെങ്കിലും ജാതിക്കാരെ ചേർത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു് ഏതെല്ലാം ജാതിക്കാരാണ്;

(സി) ഇപ്പോൾ പട്ടികജാതിയിൽ മൊത്തം എത്ര ജാതിക്കാരാണുള്ളതു് ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ഇല്ല.
(ബി) ഈ ചോദ്യം ഉദിക്കുന്നില്ല.
(സി) ൩൦ ജാതിക്കാർ.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി : ഈ ൩൦ ജാതിക്കാരിൽ വെളുത്തേടത്തു് നായർ ഉൾപ്പെടുന്നുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഇല്ല.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: വീരശൈവബ്രാഹ്മണർ ഇതിൽ ഉൾപ്പെടുന്നുണ്ടോ?

Mr. Speaker : On the other hand if the hon. Minister can give a list of members who are included, it will be better.

ശ്രീ. കെ. കൊച്ചുകുട്ടൻ: അതിന് ഒരു പട്ടികയുണ്ട്. അത് സ്പീക്കർ സമ്മതിക്കുകയാണെങ്കിൽ പട്ടികജാതിക്കാരിൽപ്പെട്ട ൩൦ സമുദായക്കാരുടെ പേർ ഞാൻ ഇവിടെ വായിക്കാം.

Mr. Speaker : The list may be read.

Shri K. Kochukuttan: I shall read the list:

1. Ayyanavar.
2. Bharatar.
3. Chakkiliyan.
4. Domban.
5. Eravalan.
6. Kakkalan.
7. Kanakkan.
8. Kootan (Koodan)
9. Kavarà.
10. Kuravan.
11. Mannan.
12. Nayadi.
13. Padannan.
14. Pallan.
15. Palluvan.
16. Panan.
17. Paravan.
18. Parayan (Sambavar.)
19. Pathiyan.
20. Parumannan.
21. Pulayan.
22. Thandan.
24. Uraly.
23. Ulladan.
25. Vallon.
26. Valluvan.
27. Vannan.
28. Velan.
29. Vetan.
30. Vettuvan.

Beggar Relief Measures.

*157. [22]. **Shri R. Ponnappa Nadar** : will the Minister for Local Self Government be pleased to state :

(*a*) is there any beggar relief measures taken by Government ; and

(*b*) if so, the relief measures taken so far as South Travancore is concerned ?

Minister for Local Self Government (**Shri K. Kochukuttan**) :

(*a*) Yes.

(*b*) there are the followng institutions in South Travancore.

(1) The Avittam Thirunal Destitute Home, Nagercoil, run by the Municipality.

(2) The Sri Chitra Home for the Poor and the Destitute, Trivandrum.

(3) The Vanchi Poor Fund, Trivandrum.

(4) The Kanjipura, Trivandrum.

(5) The S. M. S. S. Dharmalayam, Oolloor.

Shri R. Ponnappa Nadar : May I know what is the amount given to the Destitute Home in Nagercoil ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതു് മുനിസിപ്പാലിററിയിൽനിന്നാണു കൊടുക്കുന്നതു്. ഗവണ്മെൻറിൽ നിന്നല്ല.

ശ്രീ. ആർ. പൊന്നപ്പനാടാർ : വേറെ സ്ഥലങ്ങളിൽ ഗവണ്മെൻറിൽനിന്നും ഗ്രാൻറ കൊടുക്കുന്നില്ലേ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഗ്രാൻറ കൊടുക്കുന്നുണ്ടു്.

ശ്രീ. എ. കെ. ചെല്ലയ്യാ : തെക്കൻ തിരുവിതാംകൂറിൽ കൊടുക്കുന്നുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഉണ്ടായിരിക്കും.

ശ്രീ. എ. കുഞ്ഞൻ നാടാർ : ബെഗ്ഗർ റിലീഫിൻെറ കാര്യത്തിൽ ഗവണ്മെൻറിനു് എന്തെങ്കിലും ഒരു സ്കീമുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : കഴിവുള്ളിടത്തോളം എല്ലാവർക്കും സാമ്പത്തിക സഹായം ചെയ്യണമെന്നാണു് ഗവണ്മെൻറിൻെറ നയം.

ശ്രീ. എ. കുഞ്ഞൻ നാടാർ : ഏഴും എട്ടും പരാധീനങ്ങൾ ഉള്ള ആളുകളെ ഇതിൽ ഉൾപ്പെടുത്താതിരിക്കുന്നതിൻെറ കാരണമെന്താണു്?

ശ്രീ. കെ. കൊച്ചുകുട്ടൻ : അങ്ങിനെയുള്ളവരെ തിരുവനന്തപുരത്തു ചിത്രാഹോമിൽ താമസിപ്പിക്കുന്നുണ്ടു്.

ശ്രീ. എ. കുഞ്ഞൻ നാടാർ : ഇതിനു് വേണ്ടത്ര വാച്ചർമാരേയും വാർഡൻമാരേയും നിയമിച്ചിട്ടുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : തൽക്കാലം അനുവദിച്ചിട്ടുള്ള പണം മാത്രമേ ചെലവാക്കുവാനുദ്ദേശിക്കുന്നുള്ളു.

WRITTEN ANSWERS.

യാചകരുടെ കണക്കുകൾ.

*ചോദ്യം. [ന. ൪] ശ്രീ. സീ. പി. ശ്രീവല്ലഭ മേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ ;

(എ) സംസ്ഥാനത്തു ആകെയുള്ള യാചകരുടെ കണക്കെടുത്തിട്ടുണ്ടോ ;

(ബി) "ബെഗ്ഗർ റിലീഫ്" പദ്ധതി എന്താണു്; ഗവണ്മെൻറിൻെറ ചുമതലയിൽ എന്തെല്ലാം ചെയ്യുന്നുണ്ടു്;

(സി) ഓരോ പട്ടണത്തിലും അലഞ്ഞു തിരിഞ്ഞു നടക്കുന്നവരുടെ ഒരു കണക്കെടുത്തിട്ടുണ്ടോ;

(സി) ഈ കണക്കനുസരിച്ചു് കഴിഞ്ഞ ഒന്നോ രണ്ടോ വർഷങ്ങളിൽ ഈ സംഖ്യയുടെ വർദ്ധനവു് എത്രയാണു്; ഇതിനു് കാരണം എന്താണു്; പരിഹാരം എന്താണു്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ഇല്ല.

(ബി) യാചകനിവാരണത്തെ ലാക്കാക്കി ഏർപ്പെടുത്തിയിട്ടുള്ള ഒരു പദ്ധതിയാണ് ഇത്. ൧൧൨൦-ലെ യാചകനിരോധനനിയമം അനുസരിച്ച് പബ്ളിക്ക് റോഡിലോ, പൊതുവഴിയിലോ, പൊതുസ്ഥലത്തോ യാചിക്കുന്നത് കുററകരമാക്കിയിട്ടുണ്ട്. യാചിക്കുന്നതായി കണ്ടുപിടിക്കപ്പെടുന്നവരെ മജിസ്ട്രേട്ടിന്റെ മുൻപിൽ ഹാജരാക്കപ്പെടും, അവർ ജോലി ചെയ്യുന്നതിനു ശരീരബലം ഉള്ളവരാണെന്നു കണ്ടാൽ ഇങ്ങനെയുള്ളവർക്കു ജോലി നൽകുന്നതിന് സ്ഥാപിച്ചിട്ടുള്ള തൊഴിൽശാലകളുള്ള സ്ഥലങ്ങളിൽ ൩ കൊല്ലത്തിൽ കവിയാത്തുള്ള കാലഘട്ടത്തിലേയ്ക്ക് സൂക്ഷിക്കുന്നതിനും, ജോലിചെയ്യുന്നതിന് കായികശക്തി ഇല്ലെന്ന് കാണുന്നവരെ യാചകകേന്ദ്രത്തിലയച്ച് സംരക്ഷിക്കുന്നതിനും ഉത്തരവു ചെയ്യാൻ മജിസ്ട്രേട്ടിന് അധികാരം നൽകിയിട്ടുണ്ട്.

തിരുവിതാംകൂർ-കൊച്ചിയുടെ വിവിധഭാഗങ്ങളിൽ പല അനാഥമന്ദിരങ്ങൾ ഇതിന് പ്രവർത്തനം അനുഷ്ഠിക്കുന്നുണ്ട്. വസ്ത്രം, ആഹാരം, സൗജന്യചികിത്സ ഇവ ഗവണ്മെന്റിൽനിന്നും ഈ മന്ദിരങ്ങളിൽ അവർക്കു നൽകിവരുന്നു.

(ബി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

പാഠ്യപുസ്തകക്കമ്മിററി.

*൧൭൯. [൨൩] ശ്രീ. പി. എസ്സ്. വാസുദേവൻപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ൧൧൨൮-൨൯-ലേയ്ക്കു പാഠ്യപുസ്തകങ്ങൾ പരിശോധിക്കുവാനും തിരഞ്ഞെടുക്കുവാനും കമ്മിററി പുനഃസംഘടിപ്പിക്കുന്നതിനു ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(എ) കാലവിളംബം നേരിടാതെ സ്കൂളുകൾ തുറക്കുന്നതിനുമുമ്പ് ടെക്സ്റ്റ്ബുക്കുകൾ ലഭിക്കത്തക്കവണ്ണം ഗവണ്മെന്റ് വേണ്ട വ്യവസ്ഥകൾ ചെയ്യുമോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ഉണ്ട്.

(ബി) ചെയ്തുവരുന്നു.

ഐ. എ. എസ്സ്. കേഡറിൽപ്പെട്ട ഉദ്യോഗങ്ങൾ.

*൧൮൦. [൨൬] ശ്രീ. ഏ. ഏൽ ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) തിരുവിതാംകൂർ-കൊച്ചി സർവ്വീസിൽ ഐ. ഏ. എസ്സ്. കേഡറിൽ പെട്ടതായി ഇൻഡ്യാഗവണ്മെന്റ് പ്രഖ്യാപിച്ചിട്ടുള്ള ഉദ്യോഗങ്ങൾ എന്തെല്ലാം;

(ബി) ഈ ഉദ്യോഗങ്ങളിൽ ഐ. ഏ. എസ്സ്. കാരെത്തന്നെ നിയമിക്കണമെന്നു വ്യവസ്ഥയുണ്ടോ;

(സി) ഉദ്യോഗങ്ങൾ ഐ. ഏ. എസ്സ്. കാരാണോ ഇപ്പോൾ വഹിക്കുന്നതു്.

(ഡി) ഐ. ഏ. എസ്സ്. കാരല്ലാത്തവരായ ആരെല്ലാം പ്രസ്തുത ഉദ്യോഗങ്ങളിൽ തുടരുന്നുണ്ടു്. അങ്ങിനെ തുടരാൻ അനുവദിച്ചിരിക്കുന്നതിന്റെ കാരണമെന്തു്?

മുഖ്യമന്ത്രി (ശ്രീ. ഏ. ജെ. ജാൺ) :

(എ) ചീഫ് സെക്രട്ടറി, ഗവൺമെൻറ് സെക്രട്ടറിമാർ, അഡീഷണൽ സെക്രട്ടറി, ഡിസ്ട്രിക്ട് കളക്ടറന്മാർ, ഫിനാൻഷ്യൽ സെക്രട്ടറി, റവന്യൂബോർഡു് മെംബേഴ്സ് എന്നിവയാണ് ഐ. ഏ. എസ്സി-ൽ ഉൾപ്പെടുത്തിയിട്ടുള്ളതു്.

(ബി) ഉണ്ടു്. എന്നാൽ ചില പ്രത്യേക പരിതഃസ്ഥിതിയിൽ മററുള്ളവരേയും നിയമിക്കാം.

(സി) എല്ലാ ഉദ്യോഗങ്ങളും ഐ. ഏ. എസ്സ്-കാരല്ല വഹിക്കുന്നതു്.

(ഡി) ഫിനാൻസ് സെക്രട്ടറി ശ്രീ. സി. ഐ. ഏബ്രഹാം, ഡവലപ്പ്മെൻറ് സെക്രട്ടറി ശ്രീ. എം. സി. തോമസ്, റവന്യൂ സെക്രട്ടറി ശ്രീ. വി. കെ. വേലായുധൻ, അഡീഷണൽ സെക്രട്ടറി ശ്രീ. ജീ. മാധവൻ, ബോർഡ് ഓഫ് റവന്യൂമെംബർ ശ്രീ. ബി. വി. കെ. മേനോൻ, ശ്രീ. പി. ഏ. കാസീം ശ്രീ. ഗോവിന്ദമേനോൻ, ശ്രീ. അബ്ദുൽസലാം, ശ്രീ. സി. കെ. കേരളവമ്മ, ശ്രീ. ടി. ആർ. വേലുണ്ണി, എന്നീ ഡിസ്ട്രിക്ട് കളക്ടറന്മാരും ഐ. ഏ. എസ്സിൽ ഉൾപ്പെടുന്നില്ല.

ഇങ്ങനെ തുടരാൻ അനുവദിച്ചിരിക്കുന്നതിന്റെ കാരണം ഐ. ഏ. എസ്സ്. പദ്ധതി മുഴുവൻ നടപ്പിൽ വന്നുകഴിഞ്ഞിട്ടില്ല എന്നതാണ്.

ഐ. ഏ. എസ്സി-ലേയ്ക്കു തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളവർ.

* ൧൩൧. [ര-വ്വ] ശ്രീ. ഏ. എൽ. ജേക്കബ്ബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) തിരുവിതാംകൂർ-കൊച്ചി സർവീസിൽ നിന്നും ആരെയെല്ലാമാണ് ഐ. ഏ. എസ്സി-ലേയ്ക്കു തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളതു്;

(ബി) അവർക്കെല്ലാം ഐ. ഏ. എസ്സ്. ഗ്രേഡ് ശമ്പളം നൽകി ഐ. ഏ. എസ്സിലേയ്ക്കു ഉൾക്കൊണ്ടു കഴിഞ്ഞോ; ഇല്ലെങ്കിൽ ആരെല്ലാം വെളിയിൽ നിൽക്കുന്നു, അതിനുകാരണമെന്തു്?

മുഖ്യമന്ത്രി (ശ്രീ. ഏ. ജെ. ജാൺ):

(എ) ശ്രീ. ജാർജ്ജുതോമസ്,
ശ്രീ. പി. എസ്സ്. പത്മനാഭൻ,
ശ്രീ. പി. ഐ. ജേക്കബ്ബ്,
ശ്രീ. പി. എം. മത്ത്യൂ,
എന്നിവരാണ് തിരഞ്ഞെടുക്കപ്പെട്ടവർ.

(സി) ശ്രീ. ജാർജ്ജുതോമസ്, ശ്രീ. പി. എസ്സ് പത്മനാഭൻ എന്നിവർക്ക് പ്രതിമാസം ൩൫൦ രൂപ വീതവും ശ്രീ. പി. ഐ. ജേക്കബിനും ശ്രീ. പി. എം. മാത്യുവിനും യഥാക്രമം ൩൦൦-ം ൪൫൦-ം രൂപ വീതവും ശമ്പളം നിശ്ചയിച്ച് അവരെ ഐ. ഏ. എസ്സ്. കാഡറിൽ ഉൾപ്പെടുത്തി കഴിഞ്ഞിട്ടുണ്ട്.

ഐ. ഏ. എസ്സി-ലേയ്ക്കുള്ള തിരഞ്ഞെടുപ്പ്.

*൭൩൨. [൨൯] ശ്രീ. ഏ. എൽ. ജേക്കബ്ബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) ഐ. ഏ. എസ്സി-ലേക്കു തിരഞ്ഞെടുപ്പ് നടത്തിയതാരാണ്;

(ബി) ആ തിരഞ്ഞെടുപ്പിൽ സംസ്ഥാനഗവണ്മെന്റിന് എന്തെങ്കിലും അഭിപ്രായപ്രകടനത്തിനോ ശുപാർശയ്ക്കോ അവകാശമുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. ഏ. ജെ. ജാൺ):

(എ) ഇൻഡ്യാഗവണ്മെന്റിന്റെ ആവശ്യപ്രകാരം യൂണിയൻ പബ്ലിക്ക്സർവ്വീസ് കമ്മീഷൻ ചെയർമാനായ ശ്രീ. ബാനർജി അദ്ധ്യക്ഷനായും, ശ്രീ ചാററർജി, ശ്രീ. പുരാണിക്ക് എന്നിവർ അംഗങ്ങളായുമുള്ള സ്പെഷ്യൽ റിക്രൂട്ടുമെൻറ് ബോർഡാണ് തിരഞ്ഞെടുപ്പു നടത്തിയത്.

(ബി) ഇല്ല.

ഭവനങ്ങൾ.

*൭൩൩. [൩൭] ശ്രീ. പി. സദാശിവൻ പിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്തു് സെററിൽമെൻറ് സ്കീം അനുസരിച്ച് എത്ര ഭവനങ്ങൾ നിർമ്മിച്ചിട്ടുണ്ട്;

(ബി) ഈ പദ്ധതിയുടെ പ്രവർത്തനത്തിലേയ്ക്ക് ഗവണ്മെന്റിന്റെ പക്കൽ എത്ര ഭൂമിയുണ്ടെന്ന് കണക്കാക്കുകയുണ്ടായിട്ടുണ്ടോ;

(സി) എത്ര കുടുംബങ്ങളെ ഈ പദ്ധതി അനുസരിച്ച് പുനരധിവേശിപ്പിക്കണമെന്ന് കണക്ക് എടുത്തിട്ടുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ൭൭൫ ഭവനങ്ങളുടെ പണി മാർച്ച് അവസാനത്തിൽ തീരുന്നതാണ്.

(ബി) ഭവനരഹിതർക്ക് ഭവനങ്ങൾ വച്ചുകൊടുക്കുന്നതിന് ഉപയുക്തമായ ൩൦,൭൪൭ ഏക്കർ ഭൂമി സംസ്ഥാനത്തു് ഉണ്ടെന്നുകണക്കാക്കിയിട്ടുണ്ട്. ഹൌസിംഗ്, സെററിൽമെൻറ് എന്നീ രണ്ടുപദ്ധതികൾ മൂലമാണ് ഭവനങ്ങൾ നിർമ്മിച്ചുകൊടുത്തുവരുന്നതു്. ഓരോ പദ്ധതിക്കും പ്രത്യേകമായി എത്രമാത്രം സർക്കാർഭൂമി ലഭ്യമാകുമെന്ന് കണക്കാക്കിയിട്ടില്ല.

(സി) ഉണ്ടു്. എടുത്ത കണക്കു് അത്ര ശരിയല്ല എന്നു തോന്നുകയാൽ, അതിനെ കണക്കെടുക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടു്.

UNSTARRED QUESTIONS

Co-operative Societies.

59. [1] **Shri K. Bhanu**: Will the Minister for Local Self-Government be pleased to state:

(*a*) the total number of Agricultural Credit Co operative Societies that are now working in the State; and

(*b*) the number and names of places where the societies are functioning in each District?

Answer.

(*a*) 1163.

(*b*) These societies are scattered throughout the State and there is not a Taluk where a Society is not working. In fact every Pakuthy in this State falls within the area of operation of one society or other.

അദ്ധ്യാപകൻ ആദ്ധ്യക്ഷ്യം വഹിച്ച കാൺഗ്രസ് യോഗം

൬൦. [പ] ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: താഴെകാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടിപറയുമോ:

(എ) കാർത്തികപ്പള്ളി താലൂക്കിൽ പായിപ്പാട്ടു് എന്ന സ്ഥലത്തെ കാൺഗ്രസ് പ്രാദേശികസഭകളുടെ ആഫീസുൽഘാടനംസംബന്ധിച്ചു് നടന്ന ഒരു യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചതു് ഹരിപ്പാട്ടു് ഗവണ്മെൻറ് ഇംഗ്ലീഷ് ഹൈസ്കൂൾ അദ്ധ്യാപകനായ ഒരു ശ്രീ. എൻ. ദാമോദരൻ പിള്ളയാണു് എന്ന വസ്തുത ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഒരു രാഷ്ട്രീയ കക്ഷിയുടെ യോഗത്തിൽ ഇങ്ങനെ ഒരു സക്കാരുദ്യോഗസ്ഥൻ പ്രമുഖമായ ഒരു ഭാഗം വഹിച്ചതിനെപ്പററി ഈ ഗവണ്മെൻറ് എന്തെങ്കിലും അന്വേഷണം നടത്തുകയുണ്ടായിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിൻെറ ഫലമെന്തായി;

(ഡി) പ്രസ്തുത അദ്ധ്യാപകൻ തിരുവിതാംകൂർ-കൊച്ചി ഡിപ്പാർട്ടുമെൻറിൽ ഗ്രാഡ്യുവേററ് ടീച്ചേഴ്സ് അസോസിയേഷൻ സിക്രട്ടറി കൂടിയാണെന്നുള്ള വിവരം ഗവണ്മെൻറിനറിയാമോ?

ഉത്തരം

(എ) ഈ ആരോപണം അടങ്ങിയ ചില പരാതികൾ വിദ്യാഭ്യാസ ഡയറക്ടർക്കു് ലഭിക്കുകയുണ്ടായി.

(ബി) അന്വേഷണം നടത്തി.

(സി) ലൈബ്രറിയുടെ ഉദ്യോഗഭാരവാഹികളെ തിരഞ്ഞെടുത്ത യോഗത്തിലാണ് ശ്രീ. ദാമോദരൻപിള്ള ആദ്ധ്യക്ഷ്യം വഹിച്ചതെന്നു മനസ്സിലായി.

(ഡി) അറിയാം.

മത്സ്യംവളർത്തൽ കേന്ദ്രം.

൩൫. [൨] ശ്രീ. കെ. കുട്ടപ്പൻ: താഴെപറയുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം കായലിൽ ആയിരംതെങ്ങ് എന്ന സ്ഥലത്തുള്ള മത്സ്യംവളർത്തൽ കേന്ദ്രത്തിൽ നിന്നും സർക്കാരിന് പ്രതിവർഷം എന്തു ആദായം കിട്ടുന്നു; ൧൧൨൮–൨൯–ൽ എന്തുകിട്ടി;

(ബി) ആ കേന്ദ്രത്തിലെ ഉദ്യോഗസ്ഥന്മാർക്ക് പ്രതിവർഷം എത്ര രൂപ ശമ്പളത്തിൽ ചെലവാകുന്നു?

ഉത്തരം

(എ) പ്രതിവർഷം കിട്ടുന്ന ആദായം ഏകദേശം ൧൩൫൦ രൂപയാണ്. ൧൧൨൮–൨൯ ഡിസംബർ അവസാനംവരെ ഉള്ള ആദായം ൭൨൨ രൂപ ൧൨ അണ.

(ബി) ൩൩൪ രൂപ.

മത്സ്യംവളർത്തൽകേന്ദ്രം.

൩൬. [൪] ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യത്തിന് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം കായലിൽ ആറാട്ടുപുഴ പകുതിയിൽ കെ. സി. രാമൻകുഞ്ഞ് എന്ന ഒരു എക്സ്. എം. എൽ. ഏ-ക്ക് മത്സ്യം വളർത്തുന്നതിനായി കായൽ പതിച്ചു കൊടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര; ടിയാൻ സർക്കാരിന് വല്ല നികുതിയും തരുന്നുണ്ടോ; ഉണ്ടെങ്കിൽ അതെന്താണെന്നു പറയുമോ?

ഉത്തരം.

കെ. സി. രാമൻകുഞ്ഞ് എന്ന എക്സ്. എം. എൽ. ഏ-ക്ക് മത്സ്യം വളർത്തുന്നതിനായി കായൽ പതിച്ചുകൊടുത്തിട്ടില്ല. മറ്റു ചോദ്യങ്ങൾക്ക് ഉത്തരം ഉദിക്കുന്നില്ല.

കാളേജ് ഹോസ്റ്റൽ ജോലിക്കാർ.

൩൭. [൩] ശ്രീ. സി. അച്ചുതമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം മഹാരാജാസ് കാളേജ് ഹോസ്റ്റലിൽ എത്ര ജോലിക്കാരുണ്ട്;

(ബി) അവരുടെ ശമ്പളമെന്ത്;

(സി) അവക്ക് ജോലിസമയം ക്ലിപ്തപ്പെടുത്തിയിട്ടുണ്ടോ; ഓരോരുത്തരും ദിവസം എത്ര മണിക്കൂർ ജോലി ചെയ്യുന്നുണ്ട്;

(ഡി) അവർക്ക് ലീവ് ഉണ്ടോ; കൊല്ലത്തിൽ എത്ര ദിവസം?

ഉത്തരം

(എ) ൩൪.

മാനേജർ	൧
ക്ലാർക്കന്മാർ	൨
മേട്രൺ	൧
റസിഡൻറ് ററ്യൂട്ടർമാർ	൪
പാചകരും, മററ ജോലിക്കാരും	൨൬
	൩൪

(ബി) മാനേജർ	രൂ. ൩൦—൭൫.	ക്ഷാമബത്താ	രൂ.	൨൭
സീനിയർക്ലാർക്ക്	൨൫—൪൦.	,,	,,	൧൦
ജൂനിയർക്ലാർക്ക്	൨൫—൩൦.	,,	,,	൧൦
മേട്രൺ	൩൦—൪൫.	,,	,,	൨൭
റെസിഡണ്ട് ററ്യൂട്ടർമാർ		അലവൻസ്	,,	൧൫
ഹെഡ്കുക്ക് ൨.	(൨൦—൩൦)	ക്ഷാമബത്താ	,,	൧൦
അസിസ്റ്റൻറ് കുക്ക് ൭.	(൧൬....൨൦)	,,	,,	൧൦
വാച്ചുമാൻ ൩.	(൧൦—൧൫)	,,	,,	൧൦
സ്റ്റോർ അസി: ൧.	(൧൦—൧൫)	,,	,,	൧൦
പ്യൂൺ ൧.	(൧൦—൧൫)	,,	,,	൧൦
മററജോലിക്കാർ ൭.	(൧൦—൧൫)	,,	,,	൧൦
ആഫീസ് പ്യൂൺ ൧.	(൨൦)	,,	,,	൧൦
സ്വീപ്പർ തോട്ടി ൧.	(൭—൧൨)	,,	,,ശമ്പളത്തിൻെറ പകുതി	
തോട്ടം വേലക്കാർ ൧.	(൭—൧൨)		,,	
വേലക്കാരി ൧.	(൭—൧൨)	,,	,,	
തൂപ്പുകാരി ൧,	(൭)	,,	,,	൩ൽ

(സി). മേൽ പറഞ്ഞവർ ഹോസ്റ്റലിൽ താമസിച്ച് ജോലി ചെയ്യുന്നവരാണ്. അവരുടെ ജോലിസമയം ക്ലിപ്തപ്പെടുത്തേണ്ട ആവശ്യം നേരിട്ടിട്ടില്ല.

(ഡി) മാനേജർക്കും, മേട്രണും, ക്ലാർക്കന്മാർക്കും ആണ്ടിൽ ൨൦ ദിവസത്തെ ക്യാഷ്വൽ അവധിക്കും, മററുള്ള ഗവൺമെൻറ് ഉദ്യോഗസ്ഥന്മാരെപ്പോലെ പ്രിവിലേജ് അവധിക്കും അവകാശമുണ്ട്. മാനേജരും, ക്ലാർക്കന്മാരും വെക്കേഷനില്ലാത്ത ഡിപ്പാർട്ടുമെൻറ ജോലിക്കാരാണ്. അവർ എല്ലാ വെക്കേഷനും ജോലിചെയ്യുന്നു. എന്നാൽ പാചകക്കാരും, മററ ജോലിക്കാരും വെക്കേഷൻ മുഴുവൻ ഉപയോഗിക്കുന്നു. അതിനു പുറമെ ആണ്ടിൽ ൧൫ ദിവസത്തെ ക്യാഷ്വൽ അവധിക്കും അവക്ക് അവകാശമുണ്ട്.

Price of timber.

64. [9] **Shri N. P. Varghese:** Will the Minister for Revenue be pleased to state:

(*a*) what is the seigniorage rate and tariff rate for one candy or 16 cubic ft. of timber of 1. Anjili. 2. Jackwood. 3. Thembavu 4. Teak, sold for building schools or hospitals.

(*b*) whether seigniorage rate has been enhanced recently and if so the percentage.

(*c*) what is the cost of working charges for one candy of timber levied on those who are given timber at seigniorage rates.

Answer.

(*a*)

	Tariff (per cft.)	Seigniorage (per cft).
1. Anjili	Rs. 6-0-0	Rs. 1-8-0
2. Jackwood	4-0-0	1-8-0
3. Thembavu	4-0-0	1-0-0
4. Teak I Class	Rs. 10.	No. seigniorage.
do. II Class	Rs. 7-8-0	No. seigniorage.
do. III Class	Rs. 5-0-0	No. seigniorage.

(*b*) Yes.

1. Anjili 60 per cent
2. Jackwood 60 per cent
3. Thembavu 33 1/3 per cent.

(*c*) This varies with the nature of the locality from where the timber is worked down and the situation of the depot from where the timber is taken delivery of.

Supply of timber to Schools.

65. [10] **Shri N. P. Varghese:** Will the Minister for Revenue be pleased to State:

(*a*) the quantity of timber given in 1952-53 for building aided schools at concession rates by the Forest Department;

(*b*) the names of schools which were so supplied in 1952-53; and

(*c*) whether any timber at concession rates is given to school committees who construct Government schools and surrender to Government free of cost.

Answer.

(*a*) 1801 candies.

(*b*) The names of schools are given in the list given below.

(*c*) No.

The names of schools.

1. S. N. V. S. School, Aloor
2. H. S. Parappukara
3. A. P. S. Alathur
4. N. S. S. Pazhookara
5. K. P. S. Rapal
6. National H. S. Kodakara
7. St. Antony's M. S. Chirathoppu
8. St. Ignatius M. S. Puthenthoppu
9. M. S. Payyad
10. S. N. V. High School, Paravoor
11. St. Augustine High School, Murukumpuzha
12. C. H. S. High School, Kottanam
13. M. S. Venga, Karunagapally
14. Primary school, Ponmana
15. T. N. High School, Valakam
16. St. Xaviour M. S. Mithrakary
17. St. Joseph's Primary School, Koovapally
18. C. S. L. S. S, Chelakkottukara
19. S. B. H. S. Kurumbilavu
20. H. S. Mundathicode
21. H. S. Pengamuck
22. L. S. Perinchery
23. C. S. H. S. Trichur
24. L. S. S. Pallissery
25. L. S. S. Anthikad
26. H. S. Ammadam
27. A. S. M. M. School, Mulloorkara
28. St. Francis H. S. Mattom
29. A. P. S. Pookode
30. A. P. S. Thykattusseri
31. Christian E. H. S. Mahilalayam
32. D. D. S. S. Chennamangalam
33. St. Rockes M. S. Pallipuram

വെള്ളായണിക്കായൽകൃഷി.

൬൬. [൧൧] ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭൂനികുതിവകുപ്പു മന്ത്രി സമയം മറുപടി പറയുമോ:

(എ) നെയ്യാററിൻകര താലൂക്കിലെ വെള്ളായണിക്കായൽ കൃഷിക്ക് ഏൽപ്പിച്ചുകൊടുത്തിട്ടുള്ളത് എന്തു വ്യവസ്ഥയിന്മേലാണ്;

(ബി) ഇങ്ങനെ സ്ഥലം ഏറെറടുത്തിട്ടുള്ളവരിൽ എത്ര ആളുകൾ അതു നേരിട്ടു കൃഷി ചെയ്യുന്നുണ്ട്;

(സി) ആ കായലിന്റെ പരിസരപ്രദേശങ്ങളിലുള്ള ആർക്കെങ്കിലും കായൽ കൃഷിക്ക് ഏൽപ്പിച്ചുകൊടുത്തിട്ടുണ്ടോ ;

(ഡി) കായൽക്കൃഷിക്ക് ഏറ്റുവാങ്ങിയവർ ആരെങ്കിലും അവരുടെ അവകാശം തീറു വിറ്റിട്ടുണ്ടോ ?

ഉത്തരം.

(എ) ൧൨ കൊല്ലത്തേക്ക് കുത്തകപ്പാട്ടവ്യവസ്ഥയിൽ.

(ബി) സകലപാട്ടക്കാരും നേരിട്ടു കൃഷിചെയ്യുകയാണ്.

(സി) പാട്ടക്കാരിൽ ൭൫ ശതമാനം പരിസരപ്രദേശവാസികളാണ്.

(ഡി) തീറുവിറ്റതായി ഗവണ്മെന്റിന് അറിവില്ല.

Government Primary School.

67. [12] **Shri M. V. Cheriyan :** Will the Chief Minister be pleased to state :

(*a*) whether there was a requisition from the citizens of Keezhoor in Vaikom stating that they are prepared to bear half the cost for improvements for their dilapidated Government primary school ; and

(*b*) if so, do the Government propose to implement the same next year ?

Answer.

(*a*) Yes.

(*b*) The Education Department is taking necessary action in the matter.

Primary School.

68. [13] **Shri M. V. Cheriyan :** Will the Chief Minister be pleased to state :

(*a*) whether there is a petition pending before the Education Department praying for building grant to the already entrusted Government Primary School, Onakkoor South, in the Muvattupuzha taluk ;and

(*b*) was there any undertaking from the petitioners to surrender the building free of cost and if so whether a copy of that agreement will be placed on the table ?

Answer.

(*a*) Yes.

(*b*) Yes. A copy of the undertaking is placed on the table. (Placed in the Library)

Village Office at Koothattukulam.

69. [14] **Shri M. V. Cheriyan :** Will the Minister for Revenue be pleased to state :

(*a*) whether there is a budget provision for constructing a village office at Koothattukulam ;

(*b*) has the work been commenced and at what stage is it now ;

(*c*) who is responsible for the delay caused in completing the building within the period ; and

(*d*) have the Government got any explanation from the officers concerned ?

Answer.

(*a*) Yes.

(*b*) The last date of receipt of tender was fixed on 19-2-53 and steps have been taken to commence the work immediately.

(*c*) Arrangements have been made by the Chief Engineer, (P. W. D.) to commence and complete the work during this financial year itself. Hence this question does not arise at this stage.

(*d*) The question does not arise in view of answer to (*c*) above.

ഭവന നിർമ്മാണം.

൭൦. [൧൫] ശ്രീ. കെ. കെ. കുമാരപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷകതൊഴിലാളികൾക്ക് ഭവനങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി ഏതു നിലയിൽ ഇരിക്കുന്നു;

(ബി) ഈ സാമ്പത്തികവർഷത്തിൽ കർഷകതൊഴിലാളികൾക്ക് എത്ര ഭവനങ്ങൾ എവിടെയെല്ലാം നിർമ്മിച്ചിട്ടുണ്ട്?

ഉത്തരം.

(എ) കർഷകതൊഴിലാളികൾക്ക് ഭവനങ്ങൾ നിർമ്മിച്ചു കൊടുക്കുന്നതിനുള്ള പദ്ധതി ഓരോ സ്ഥലങ്ങളിലായി നടപ്പിലാക്കി വരുന്നു.

(ബി) ഈ സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന സ്ഥലങ്ങളിലായി ൧൦ വീടുകൾ തീരുന്നതാണ്.

(൧)	ഇരിഞ്ഞാലക്കുട,	൩
(൨)	കിടങ്ങൂർ,	൨
(൩)	പള്ളം,	൨
(൪)	വള്ളംകാവ്,	൩
		൧൦

Housing Scheme.

71. [17] **Shri R. Ponnappa Nadar :** Will the Minister for Local Self Government be pleased to state :

(*a*) the number of houses constructed at Theroor under the Housing Scheme ;

(*b*) whether the houses are completed ;

(*c*) is it a fact that the above houses are intended only for the caste Hindus ; and

(*d*) if not, the caste-war statement of the people occupying the houses ?

Answer.

(*a*) Twenty.

(*b*) Yes.

(*c*) No. The houses are intended for the members of the Kasturba Grama Multi-purpose Co-operative Society No. 3241, Theroor.

(*d*) Vellalas	..	9	houses
Nairs	..	6	,,
Kammala	..	2	,,
Nadar	..	1	,,
Savalakaran	..	1	,,
Marava	..	1	,,

പഞ്ചായത്തുവക കിണർ.

൭൨. [൧൮] ശ്രീ. കെ. കെ. അയ്യപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) കണയന്നൂർ താലൂക്ക് പൂണിത്തുറ വില്ലേജിൽ വൈററില പഞ്ചായത്തിൽ പൂന്തുരുത്തി ദേശത്ത് സെൻറ ത്രേസ്യാകോൺവെൻറിൻെറ മുൻവശം പണിതിട്ടുള്ള പഞ്ചായത്തുവക കിണർ ഇതുവരേയും പൊതുജനങ്ങൾക്ക് ഉപയോഗിക്കത്തക്ക നിലയിലല്ലെന്നു മന്ത്രിയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ആ കിണർ അവിടെ പണിചെയ്യിച്ചിട്ടു എത്ര കൊല്ലമായി ?

ഉത്തരം.

(എ) വൈററിലയിൽ സെൻറ് ക്രെസ്ററ ഷോ ദി കിങ്സ് കോൺവെൻറുകാർ ഫ്രീ സറണ്ടറായി ഗവണ്മെൻറിലേക്ക് വിട്ടുകൊടുത്ത സ്ഥലത്തു കുഴിച്ചിട്ടുള്ള കിണർ പൊതുജനങ്ങൾക്ക് ഉപയോഗിക്കത്തക്ക നിലയിലല്ലെന്ന് അറിയാം.

(ബി) രണ്ടു വർഷം.

<u>மேமலே கவர்ன்மெண்டு உத்தியோகஸ்தர்களுடைய அலவன்ஸ்.</u>

73. [21] ஸ்ரீ. எஸ். ஜி. தேவியப்பன் : கீழ் காணும் விஞக்களுக்கு முதல் மந்திரி அவர்கள் விடை பகர்வார்களாக :

(எ) திருவிதாங்கூர் ஸ்டேட் ரெகுலேஷன்படி மேமலேயிலிருக்கும் கவர்மென்டு உத்தியோகஸ்தர்களுக்கு என்ன அலவன்ஸ் அளிக்கப்படுகிறது ;

(பி) அவர்களுக்கு கிடைத்துக்கொண்டிருந்த அலவ்ன்ஸை குறைத்ததுண்டா ;

(ஸி) அதற்கு காரணம் என்ன ?

<u>ഉത്തരം.</u>

(എ) ടി. എസ്. ആർ. അപ്പെൻഡിക്സ് ൫ ബിയിൽ കൊടുത്തിട്ടുള്ള നിരക്ക നൽകുന്നു. അതിന്റെ ഒരു പട്ടിക താഴെ ചേർത്തിരിക്കുന്നു.

Rates prescribed in Appendix 5B, T. S. R.

	Pay of Officer	*Rate of allowances.*
1.	Officers whose salary is not less than Rs. 175.	10% of salary, subject to a maximum of Rs. 35/ per mensem.
2.	Officers whose salary is less than Rs. 175 but not less than Rs. 50 per mensem.	20% of salary, provided that salary plus local allowance shall not exceed Rs. $192\frac{3}{4}$ per mensem.
3.	Officers whose salary is less than Rs. 50 but not less than Rs. 20 per mensem.	30% of salary, provided that the salary plus local allowance shall not exceed Rs. 60/per mensem.
4.	Officers whose salary is less than Rs. 20 per mensem.	50% of salary, provided that salary plus local allowance shall not exceed Rs. 26/ per mensem and provided that the allowance of no officer shall be less than such as to raise the rate of his monthly income to a minimum of Rs. 10.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

Mr. Speaker : Order, order, please. Question time is over.

12 Noon]

Adjournment Motion re : Cutting off supply of Electricity in Alwaye.

Mr. Speaker : I have received a motion for adjournment of the House from Shri Abdul Khader. Has the Minister in charge received any notice of it ?

Minister for Works and Transport **(Shri Kalathil Velayudhan Nair) :** Yes. The motion relates to the cutting off of the supply of electricity in Alwaye. Regarding the connections which were given after 1949, there is a aspecific clause in agreement that whenever necessary, it will be completely cut off. As per the agreement, all connections after 1949 are asked to be cut off now due to the shortage of water supply at the reservoir at Pallivasal. that is a general rule affecting all parts of the State.

ஸ்ரீ. என். கணபதி ; மலையில் ஏராளம் தண்ணீர் வந்துவிட்டால் இவர்களுக்கு மீண்டும் கரண்டு கொடுக்கப்படுமா ?

Mr. Speaker : This is a temporary measure, owing to shortage of water.

Shri M. M. Abdul Khader : That clause relating to the cutting off of supply of electricity relates even to agreements entered into prior to 1949.

Shri Kalathil Velayudhan Nair : That does not refer to agreements entered into before 1949.

Shri M. M. Abdul Khader : Even in the agreements entered into prior to 1949 there is the provision to cut off the supply. That being so, why should those who have been given connections after 1949 alone be mulcted ? Would it not be proper and sufficient to effect a cut on the percentage of supply, so that the industrial establishments which have come in after 1949 would not be completely closed down?

Shri Kalathil Velayudhan Nair : There is this difference between the agreements entered into after 1949 and those entered into before 1949. In the agreements entered into before 1949 there is no provision for completely stopping the supply ; but in the agreements after 1949, there is a clause for completely cutting off supply. It is in pursuance of that clause, that supplies to those who have taken connections after 1949 have been completely stopped.

Shri V. R. Krishnan Ezhuthassan : Has there been any partial cut in connections given prior to 1949 ?

Shri Kalathil Velayudhan Nair : In connections given before 1949, there was a cut of 33 1/3 per cent. Now it is 60 percent

Shri N. Ganapathi : On a point of order, Sir.

மழையை வருத்துவதற்கு எதாவது வழிகளுண்டா? ஏதோ மந்திரங்கள் சொன்னுல் மழை வருமென்று சொல்லப்படுகிறதே. அதைப்பற்றி மந்திரி அவர்களுக்கு எதாவது சொல்லமுடியுமா?

Mr. Speaker : I do not know. Probably some Ministers may have such powers.

Shri Kalathil Velayudhan Nair : I am told that in Madras people have been asked to pray for rains. If that will help us, we shall also do so.

Mr. Speaker : After having heard the Minister's statement, does the hon. Member press the motion ?

Shri M. M. Abdul Khader : Sir, it affects a large number of people. I am not satisfied with the answers given and I press the motion.

Mr. Speaker : I am rather unwilling to rule the adjournment motion out of order. It refers to the administrative policy of Government. According to the agreement entered into between the Government (Electricity Department) and the private consumers, that agreement is in force. It is something which is done in the ordinary course of the administrative policy of the Government. Is the House very particular about discussing this subject ?

Shri A. Thanu Pillai : Unless the motion is read out, the House will not be in a position to say whether it can be narrowed down to this question of agreement relating to pre-1949 or post-1949.

Mr. Speaker : The rule says :—

> "If the Speaker is of opinion that the matter proposed to be discussed is in order, he shall read the statement to the Assembly."

So, the Speaker is bound to read the motion. If I am inclined to rule it out of order, there is no obligation on my part to read this motion to the House.

Shri A. Thanu Pillai : Then there is no point in asking anything about it. To me it is a very important matter. Why there is shortage of water, does this shortage really justify this cut, how far this will affect the consumers—have all to be discussed. There are various aspects to this question.

Mr. Speaker : I have no objection in reading the motion.

The motion is as follows :—

> "I move that the Assembly do now adjourn to discuss a definite matter of urgent public importance, namely, the cutting of electric connections to all industrial establishments at Alwaye given after 1949."

There are a large number of such concerns. As a result this leads to widespread unemployment. That is the motion. *Prima facie* the motion is in order. The Minister in charge was asked to give some information on the motion and he has given some facts. Is there any objection to the motion being discussed ?

Shri Kalathil Velayudhan Nair : I have no objection.

Mr. Speaker : No objection is taken and I find *prima facie* that this motion is in order. I take it that the Member has the leave of the House to move the motion.

The House agreed.

Shri Kalathil Velayudhan Nair : I pray that the discussion of the motion may be fixed for tomorrow.

Mr. Speaker : I have a different view in regard to that matters The provision in regard to it is as follows :

> " If objection is taken, the Speaker shall request those member. who are in favour of leave being granted to rise in their places, and if not less than twenty-five members rise accordingly, the Speaker shall intimate that leave is granted and that the motion shall be taken at 4 p. m., or, if the Speaker after consultation with the Leader of the House so directs, at any earlier hour at which the business of the day may terminate. If less than twenty-five members rise, the Speaker shall inform the member that he has not the leave of the Assembly. "

Then there is another relevant provision also, *viz*,

> " Not more than one such motion shall be made at the same sitting. "

I have received more than one motion also on this subject. Therefore, I put a different interpretation on this rule. There is only one 4'o clock, that is, at 4 p. m. today, and there is only one motion which is admissible under this provision. I have already said that this motion is in order. If the Leader of the House wishes, I can fix some time earlier than 4 o'clock, but not after 4 o'clock.

(*After a pause*).

The House will take up the discussion of the motion at 4 o'clock today.

Reference on the death of Shri K. A. Gangadhara Menon.

Mr. Speaker : Before proceeding to the next business, I have to make a reference. I regret to inform the House of the very sad demise yesterday of Shri K. A. Gangadhara Menon who was a member of the Travancore Representative Body and then of the integrated Assembly of the United State ofTravancore-and Cochin. Later on, he became the Attorney General of the integrated State. and therefrom he was raised to the bench as a Judge of the Travancore-

Cochin High Court. He was a very active member of the Legislature when he was with us. I desire, on behalf of the House, to express our sense of the loss we have sustained and our sympathy to be the relative of the deceased.

The House may stand in silence for some time as a mark of respect for the departed soul.

All the Members stood in silence for two minutes as a mark of respect to the deceased.

MOTION UNDER RULE 43 re : Constitution (Second Amendment) Bill, 1952.

Minister for Finance and Civil Supplies (**Shri Panampilli Govinda Menon**) : I move that the amendment of Article 81 of the Constitution proposed to be made by the Constitution (Second Amendment) Bill, 1952, as passed by the two Houses of Parliament be discussed.

പാർലിമെന്റിൽ ഭരണഘടനയുടെ ൮൧-ാമത്തെ വകുപ്പു ഭേദഗതി ചെയ്യുന്നതിനുള്ള ഒരു ബിൽ പാസായിട്ടുണ്ടു്. അതു് ജനസഭയിലും കൌൺസിൽ ഓഫ് സ്റ്റേറ്റിലും പാസായിട്ടുണ്ടു്. ആ ബിൽ നിയമമാകണമെങ്കിൽ ഭരണഘടനയിലെ ൩൬൮-ാമത്തെ ആർട്ടിക്കിൾ അനുസരിച്ചു് ചില നടപടികൾ നടത്തേണ്ടതുണ്ടു്. ൩൬൮-ാമത്തെ ആർട്ടിക്കിൾ ഭരണഘടനാഭേദഗതി ചെയ്യേണ്ടതു് എങ്ങനെയാണു് എന്നുള്ളതിനെ സംബന്ധിച്ചുള്ളതാണു്. ൩൬൮-ാമത്തെ ആർട്ടിക്കിളിൽ പറയുന്നതു് ഇങ്ങനെയാണു്:

"Provided that if such amendment seeks to make any change in—

- (*a*) article 54, article 55, article 73, article 162 or article 241, or
- (*b*) Chapter IV of Part V, Chapter V of Part VI, or Chapter I of Part XI, or
- (*c*) any of the Lists in the Seventh Schedule, or
- (*d*) the representation of States in Parliament, or
- (*e*) the provisions of this Article,

the amendment shall also require to be ratified by the Legislatures of not less than one-half of the States specified in Parts A and B of the First Schedule by resolutions to that effect passed by those Legislatures before the Bill making provision for such amendment is presented to the President for assent."

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ] :

ഈ ബിൽ ഈ ആർട്ടിക്കിളിലെ (ബി) വകുപ്പിൽ ഉൾക്കൊള്ളുന്നതാണ്. അതുകൊണ്ട് ഈ ബിൽ പ്രസിഡൻറിൻെറ അനുമതിക്കു സമർപ്പിക്കുന്നതിനു മുമ്പ് ഏതാനും സ്റ്റേറ്റുകൾ അവരുടെ നിയമസഭകളിൽ പ്രമേയങ്ങൾമൂലം ഈ ബിൽ റാറ്റിഫൈ ചെയ്തിട്ടുണ്ടാവണം. ഇപ്പോൾ ഈ പ്രമേയം ഞാൻ അവതരിപ്പിച്ചിരിക്കുന്നതു് ആ ബിൽ റാറ്റിഫൈ ചെയ്യണമോ വേണ്ടയോ എന്നുള്ളതിനല്ല. റാറ്റിഫൈ ചെയ്യുവാനുള്ള ഒരു പ്രമേയമല്ല ഞാൻ കൊണ്ടുവന്നിരിക്കുന്നതു്. റാറ്റിഫൈ ചെയ്യുന്നുള്ള ഒരു പ്രമേയം അല്ലാത്തവിധത്തിൽ കൊണ്ടുവന്നതു് ഈ സഭയിലെ വിവിധഭാഗങ്ങളിലുള്ള ബഹുമാനപ്പെട്ട അംഗങ്ങളോടു് ആദരവു് പ്രകടിപ്പിക്കുവാൻ വേണ്ടിയാണ്. ഇതു് ഇവിടത്തെ ഭരണത്തെ സംബന്ധിക്കുന്ന ഒരു കാര്യമല്ല. ഇൻഡ്യാഗവണ്മെൻറിൻെറ ഭരണത്തെപ്പോലും സംബന്ധിക്കുന്ന ഒരു കാര്യമല്ല ഇതു്. ഇതു് നമ്മുടെ രാജ്യത്തെ ഫണ്ടമെൻറൽ ലാ എന്നു പറയുന്ന കൺസ്റ്റിറ്റ്യൂഷനിലെ ഒരു ഭേദഗതിയുടെ കാര്യമാണ്. ഈ പ്രമേയം ഗവണ്മെൻറ് ഇവിടെ കൊണ്ടുവന്നിരിക്കുന്നതു് ആ ഭേദഗതി റാറ്റിഫൈ ചെയ്യണമെന്ന പ്രമേയം ഇവിടെ കൊണ്ടുവരുന്നതിനെക്കാൾ ഭൂഷണമായിട്ടുള്ളതു് ഈ ബില്ലിലെ വ്യവസ്ഥകൾ നിയമസഭയിൽ വാദപ്രതിവാദം ചെയ്ത സഭയുടെ അഭിപ്രായം ഏകദേശം മനസ്സിലാക്കി അതു റാറ്റിഫൈ ചെയ്യുകയോ വേണ്ടയോ എന്നു തീരുമാനിക്കുകയായിരിക്കും എന്നു വിചാരിച്ചാണ്.

ശ്രീ. എം. ഗോപാലൻ നായർ: ആ ബിൽ സർക്കുലേറ്റ് ചെയ്ത അവസരത്തിൽ അതിനെ അനുകൂലിച്ച് ഒരു പ്രമേയം ഈ നിയമസഭയിൽ പാസാക്കുകയുണ്ടായിട്ടില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർക്കുലേറ്റുചെയ്ത ബില്ല് അല്ല പാസ്സാക്കിയതു്. സെലക്റ്റുകമ്മിറ്റിയിൽ സാരമായ ചില ഭേദഗതികൾ അതിൽ വരുത്തിയിട്ടുണ്ട്. സർക്കുലേറ്റുചെയ്ത ബില്ലായിരുന്നു പാസ്സാക്കിയതു് എന്നുണ്ടെങ്കിൽ ഞാൻ ഈ വിധത്തിലുള്ള ഒരു പ്രമേയം കൊണ്ടുവരുമായിരുന്നില്ല. ഇതു് ആർട്ടിക്കിൾ ൮൧-ലുള്ള ഒരു ഭേദഗതിയാണ്. ആർട്ടിക്കിൾ ൮൧ (൧) (എ)-ൽ പറയുന്നതു് ഇങ്ങനെയാണ്.

"Subject to the provisions of Clause (2) and of Article 82 and 331, the House of the People shall consist of not more than five hundred members directly elected by the voters in the States."

ഇതിനെ ബിൽബാധിക്കുന്നില്ല ജനസഭയിൽ ൫൦൦ അംഗങ്ങളിൽ കൂടുതൽ പാടില്ല എന്നുള്ളതിനെക്കുറിച്ചാണ് ഇതിൽ പറയുന്നതു്. ൮൧ (ബി) എന്ന വകുപ്പിനാണ് ഇപ്പോൾ ഭേദഗതി വരുത്തുവാൻ പാർലിമെൻറ പ്രൊപ്പോസ് ചെയ്യുന്നതു്. (ബി) വകുപ്പ് ഇങ്ങനെയാണ്.

"For the purpose of sub-clause (a) the States shall be divided, grouped or formed into territorial constituencies and the number of members to be allotted to each such constituency shall be so determined as to ensure that there shall be not less than one member for every 750,000 of the population and not more than one member for every 500,000 of the population."

ഇവിടെ സർക്കുലേററ ചെയ്ത ബില്ലിൽ പറഞ്ഞിരുന്നതു് ൭൫,൦൦൦൦ എന്നുള്ളതു് ൮൫൦,൦൦൦-ം, ൫൦,൦൦൦൦ എന്നുള്ളതു് ൬,൫൦,൦൦൦-ം ആയിരിരിക്കണം എന്നാണു്. ആ ബിൽ സെലക്ററകമ്മിററിയിൽ പോയപ്പോൾ സെലക്ററകമ്മിററിയിലെ അംഗങ്ങൾ തീരുമാനിച്ചതു് ൧൫൦,൦൦൦ എന്നുള്ള ഒരു അപ്പർലിമിററ് ആവശ്യമില്ല എന്നാണു്. അപ്പർ ലിമിററ് ആവശ്യമില്ലന്നു് തീരുമാനിക്കുന്നതിനു് അവരെ പ്രേരിപ്പിച്ച കാരണം അപ്പർ ലിമിററും ലോവർ ലിമിററും വയ്ക്കുകയാണെങ്കിൽ ഓരോ സെൻസസ് കഴിയുമ്പോഴും ഭരണഘടന ഭേദഗതി ചെയ്തുകൊണ്ടിരിക്കേണ്ടിവരും എന്നുള്ളതാണു്. അതുകൊണ്ടു് അപ്പർ ലിമിററ് എടുത്തുകളയുവാൻ അവർ തീരുമാനിച്ചു. ഈ ബിൽ തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തെ ഏതുവിധത്തിൽ ബാധിക്കും എന്നുള്ള നിലയിൽ സംസാരിച്ചാൽ നമുക്കു് ഈ ബില്ലിന്റെ ആപ്ലിക്കേഷൻ ശരിക്കു മനസ്സിലാക്കാവുന്നതാണു്.

ഈ വാദത്തിനു വേണ്ടി, നമ്മുടെ ജനസംഖ്യ ൯൦ ലക്ഷം എന്നു കണക്കാക്കുകയാണെങ്കിൽ—ശരിയായിട്ടുള്ള ജനസംഖ്യ ൯൦ ലക്ഷമല്ല.—ആർട്ടിക്കിൾ ൮൧ (ബി) അനുസരിച്ചു് മററൊരു തരത്തിൽ നമുക്കു് വ്യാഖ്യാനിക്കാവുന്നതാണു്. അതായതു് തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തു നിന്നും പാർലമെൻറിൽ ൧൮-ൽ കൂടാതെയും, ൧൬-ൽ കുറയാതെയും അംഗങ്ങൾ ഉണ്ടായിരിക്കണമെന്നു്.

ആദ്യം സർക്കുലേററ ചെയ്ത ബിൽ അനുസരിച്ചാണെങ്കിൽ ഇതിനു വ്യത്യാസം വരികയില്ല. അതു പാർലമെൻറിൽ ബഹുമാനപ്പെട്ട കേന്ദ്ര നിയമവകുപ്പുമന്ത്രി ശ്രീ. ബിശ്വാസു് അവതരിപ്പിച്ച സന്ദർഭത്തിൽ തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തു പുതിയ ബിൽ അനുസരിച്ചു് യാതൊരു വ്യത്യാസവും വരുത്തിയിട്ടില്ല എന്നു പറഞ്ഞിട്ടുണ്ടു്, ഇപ്പോൾ സെലക്ററകമ്മിററി ഭേദഗതി ചെയ്തതിൽ പിന്നീടു് അതിനു് അല്പം വ്യത്യാസം വരും.

ഈ സഭ തീരുമാനിക്കേണ്ടതു് ഈ വിധത്തിലുള്ള കാൺസ്റ്റിററ്യൂഷൻ അമെൻറമെൻറ നാം റാററിഫൈ ചെയ്യണമോ വേണ്ടയോ എന്നുള്ളതാണു്. തിരുവിതാംകൂർ കൊച്ചിയിലെ ജനസംഖ്യ അല്ല ഇൻഡ്യയിലെ ജനസംഖ്യ വർദ്ധിക്കും തോറും പാർലമെൻറിലെ അംഗങ്ങളുടെ സംഖ്യ ൫൦൦-ൽ കൂടുതലായാൽ സഭാനടപടികൾ നടത്തിക്കൊണ്ടു പോകാൻ വളരെ പ്രയാസമായിരിക്കും, ഡിസ്കഷനു് അസൗകര്യമായിരിക്കും എന്നു ചില മെംബറന്മാർക്കു് അഭിപ്രായമുള്ളതായി അറിയാം. അതു ശരിയല്ല; അഞ്ഞൂററും, അറനൂററും മെംബറന്മാർ ആകുന്നതിൽ തരക്കേടില്ല. ബ്രിട്ടീഷ് പാർലമെൻറിൽ ൬൩൦ പേരുണ്ടു്, മെംബേഴ്സിന്റെ ൫൦൦ എന്ന അംഗസംഖ്യയ്ക്കു അത്ര വലിയ പ്രാധാന്യം കൊടുക്കേണ്ട ആവശ്യമില്ല. പാർലമെൻറിലേക്കു് മെംബറന്മാരെ തെരഞ്ഞെടുത്തയയ്ക്കേണ്ട വോട്ടർമാരുടെ എണ്ണം കൂടാതെ ശരിപ്പെടുത്തുകയാണു വേണ്ടതു്. ഇപ്പോൾതന്നെ പാർലമെൻററി നിയോജകമണ്ഡലം വളരെ വലുതാണു്. അവിടെയുള്ള ആളുകൾക്കു കൂടക്കൂടെ തമ്മിൽ കാണുന്നതിനും സമ്പർക്കം പുലർത്തുന്നതിനും അസൗകര്യമുണ്ടു്. ഡെമോക്രസിയിൽ ശരിയായ പ്രാതിനിദ്ധ്യം കൊടുക്കേണ്ടതു് വോട്ടർമാർക്കാണു്. ഈ കാര്യങ്ങളെല്ലാം ഏതു വിധത്തിൽ വേണമെന്നു തീരുമാനിക്കാൻ നമുക്കാണവകാശം. കൂടാതെ ൮൧ വ-ാം വകുപ്പനുസരിച്ചു് പകുതിയിൽ അധികം

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ] :

സ്റ്റേറ്റുകൾ ഇതു റാറ്റിഫൈ ചെയ്യുകയാണെങ്കിൽ ഇതു നിയമമാകും, എന്നു വിചാരിച്ചു നമ്മുടെ അഭിപ്രായം പറയാതിരിക്കുവാൻ നിവൃത്തിയില്ല. അംഗങ്ങളുടെ സംഖ്യ ഫവ്യ-ൽ കൂടാൻ പാടില്ലെന്നുള്ള നില മാറുകയും, ഫവ്യ—ൽ കൂടാനും, ഫവ—ൽ കുറയാനും പാടില്ലെന്നുള്ളതു ശാശ്വതമായ ഒരു നിയമമായി സ്വീകരിക്കുകയും ഏതാണ്ട വേണ്ടതെന്നു ഈ സഭയുടെ നാനാഭാഗത്തു നിന്നും അർഹിക്കുന്ന ഗൗരവത്തോടുകൂടിയുള്ള അഭിപ്രായങ്ങൾ ഉണ്ടാകുമെന്നുള്ള വിശ്വാസത്തോടുകൂടി ഞാൻ ഈ അമൻഡ്മെൻറുബിൽ അവതരിപ്പിച്ചുകൊള്ളുന്നു.

<u>ശ്രീ. ഈ. പി. വർഗ്ഗീസ്</u>: ഇതിനകം ഏതെങ്കിലും സ്റ്റേറ്റുകൾ ഈ ബിൽ അംഗീകരിച്ചിട്ടുണ്ടോ?

<u>ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ</u>: അതിനെപ്പറ്റി ശരിയായ അറിവില്ല. പത്രങ്ങളിലും കണ്ടില്ല.

<u>ശ്രീ. എം. ഗോപാലൻ നായർ</u>: അപ്പർ ലിമിററും ലോവർ ലിമിററും നിശ്ചയിച്ചിട്ടുള്ള ഒരു ബിൽ സർക്കുലേററു ചെയ്തശേഷം ഇതു മാററാനുള്ള കാരണമെന്താണ്?

<u>ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ</u>: ഇന്നത്തെ ബിൽ നിയമം അനുസരിച്ചു നമ്മുടെ സ്റ്റേററിനെ ബാധിക്കുന്നതല്ല.

<u>ശ്രീ. ചെന്താരപ്പള്ളി പി. നാരായണൻ പോററി</u>: ഒരു പോയിൻറ് ആഫ് ആർഡർ. കാൺസ്റ്റിററ്യൂഷനിലെ ആർട്ടിക്കിൾ വ്യ ഫ-നെ സംബന്ധിക്കുന്ന ഒരു അമൻഡ്മെൻറ് എന്ന നിലയിലല്ലേ ഈ ബിൽ ഇവിടെ അവതരിപ്പിച്ചിരിക്കുന്നതു്. ആ നിലയിൽ വ്യ ഫ (ബി) മാത്രം ഡിസ്കസ്സ് ചെയ്യാതെ എ-യും, ബി-യും മുഴുവനായി ഡിസ്കസ്സു ചെയ്യാൻ പാടില്ലേ?

<u>ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ</u>: വാസ്തവത്തിൽ വ്യ ഫ (ബി)-യെ മാത്രം ബാധിക്കുന്ന ഒരു അമെൻഡ്മെൻറാണ് ഇവിടെ കൊണ്ടുവന്നിട്ടുള്ളതു്. വ്യ ഫ (എ) അംഗമായി നിൽക്കുന്നതിനുവേണ്ടിയാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളതു്.

<u>ശ്രീ. ആർ. കേശവപിള്ള</u>: സർ, എൻെറ അഭിപ്രായത്തിൽ പാർലമെൻറിൽ ഇപ്പോഴുള്ള അംഗങ്ങളുടെ സംഖ്യയിൽ വർദ്ധനവു വരുത്തുന്നതിനായി നിയമം ഭേദഗതി ചെയ്യേണ്ട ആവശ്യമില്ല. അംഗങ്ങളുടെ സംഖ്യ കൂട്ടുന്നതുകൊണ്ടല്ല, അംഗങ്ങളുടെ കാര്യക്ഷമതയും മററു ഗുണങ്ങളും കൊണ്ടാണ് പല കാര്യങ്ങളും ചെയ്യാൻ സാധിക്കുന്നതു്. ഉദാഹരണമായി ബ്രിട്ടീഷ് പാർലമെൻറു നോക്കാം. അവിടെ ഇപ്പോൾ ൬൩൦ അംഗങ്ങൾ ഉണ്ടെന്നു ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. അതു കുറെക്കാലമായിട്ടുള്ളതാണെങ്കിലും ഇതേവരെ അവിടെ അംഗങ്ങളുടെ സംഖ്യ കൂട്ടിയിട്ടില്ല. അതിനെ മാതൃകയായി നാം സ്വീകരിക്കുകയാണെങ്കിൽ ഇവിടെയും അംഗങ്ങളുടെ സംഖ്യ വീണ്ടും ഓരോ പത്തു വർഷം കഴിയുമ്പോഴും കൂട്ടേണ്ട ആവശ്യമില്ല. ഏതു സമിതിയായാലും അതിലുള്ള കുറെയാളുകൾ മാത്രമാണ് മറെറല്ലാ അംഗങ്ങളെയും നിയന്ത്രിച്ചുകൊണ്ടു പോകുന്നതും, മററുള്ളവർക്കു നേതൃത്വം നൽകുന്നതും, ഇതു തന്നെയാണു പാർലമെൻറിലെയും സ്ഥിതി.

സുപ്രീംകോടതിയിലെ ഒരു ജഡ്ജി ഒരവസരത്തിൽ ഫുൾബെഞ്ച് കൂടുന്നതിനെപ്പററി ഒരഭിപ്രായം പറയുകയുണ്ടായി. അതായതു്, ഫുൾബെഞ്ചിൽ ജഡ്ജിമാരുടെ എണ്ണം കൂടുന്നതിലല്ല, സമർത്ഥന്മാരും കാര്യശേഷിയുള്ളവരുമായ ജഡ്ജിമാരുണ്ടായിരിക്കുന്നതാണ് കാര്യനടപ്പിന് ആവശ്യമെന്നായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം.

ശ്രീ. ജോസഫ് വാഴപ്പിള്ളി: പാർലമെൻറിലെ അംഗങ്ങളുടെ എണ്ണം കൂട്ടണമെന്നാണോ കുറയ്ക്കണമെന്നാണോ മെമ്പറുടെ അഭിപ്രായം?

ശ്രീ. ആർ. കേശവപിള്ള: കൂട്ടണമെന്നില്ലായെന്നുള്ളതാണു എന്റെ അഭിപ്രായം.

ശ്രീ. ചെങ്ങാരപ്പിള്ളി പി. നാരായണൻ പോററി: ബ്രിട്ടീഷ് പാർലമെൻറിലെ അംഗസംഖ്യ ൬൪൦ ആണെന്നു പറഞ്ഞല്ലോ. പാർലമെൻറ ആരംഭിച്ച കാലംമുതൽ ഈ സംഖ്യയാണോ കണക്കപ്പെടുത്തിയിരുന്നതു്?

ശ്രീ. ആർ. കേശവപിള്ള: ആദ്യം ഈ സംഖ്യ അല്ലായിരുന്നു. അടുത്തകാലത്തു ൬൪൦ ആക്കിയതു സ്ഥിരമായി നിൽക്കുകയാണ്.

ശ്രീ. എം. എം. അബ്ദുൽഖാദർ: സ്ഥിരമായി നിൽക്കുന്നില്ല. ൨൫൦൦൦ വോട്ടറന്മാർക്കു ഒരാൾ എന്ന കണക്കിനാണു നിൽക്കുന്നതു്.

ശ്രീ. ആർ. കേശവപിള്ള: ഇപ്പോൾ ൬൪൦ ആയി നിൽക്കുന്നുവെന്നാണു ഞാൻ പറഞ്ഞതു്. ഇനി കൂടിയേക്കാം. പല വിധത്തിലുള്ള മാററങ്ങൾ ലോകത്തിൽ സംഭവിക്കാം. അതുകൊണ്ടു് എല്ലാക്കാലത്തും ഇതേ രീതിയിൽതന്നെ തുടർന്നുകൊണ്ടുപോകണമെന്നു എനിക്കു അഭിപ്രായമില്ല.

ആ ജഡ്ജി ൫൦൦൦ രൂപയും അതിനുമേലുമുള്ള കേസ്സുകൾ തീർക്കുന്നതിനു ഫുൾബെഞ്ചു തുടർന്നുകൊണ്ടുപോകണമെന്നു ആവശ്യപ്പെട്ടില്ല. എന്താണു ഈ ഫുൾബെഞ്ചിലുള്ള പ്രത്യേകത. ഫുൾബെഞ്ചിൽ മൂന്നു ജഡ്ജിമാർ ഉണ്ടെങ്കിലും മിക്കവാറും ഒരു ജഡ്ജിയുടെ അഭിപ്രായമനുസരിച്ചാണു കാര്യങ്ങൾ പോകുന്നതു്.

ശ്രീ. ഒ. സി. നൈനാൻ: ഭൂരിപക്ഷത്തിന്റെ അഭിപ്രായപ്രകാരമല്ലേ കേസ്സുകൾ തീരുമാനിക്കുന്നതു്?

ശ്രീ. ആർ. കേശവപിള്ള: ഭൂരിപക്ഷത്തെ നിയന്ത്രിക്കുന്നതിനു ഒരാൾക്കു സാധിച്ചുവെന്നുവരും.

ശ്രീ. ഒ. സി. നൈനാൻ: ഒരു ജഡ്ജിക്കു മററു ജഡ്ജിമാരെ നിയന്ത്രിക്കുന്നതിനു് സാധിക്കുമെന്നാണോ പറയുന്നതു്?

ശ്രീ. ആർ. കേശവപിള്ള: കൂട്ടത്തിൽ ബുദ്ധികൂടുതലുള്ള ജഡ്ജിയുടെ അഭിപ്രായം മററുള്ളവർ സ്വീകരിച്ചുവെന്നുവരും.

ശ്രീ. ഒ. സി. നൈനാൻ: മൂന്നുപേരും ഒരുപോലെ ബുദ്ധിയുള്ളവർ ആണെങ്കിലോ?

ശ്രീ. ആർ. കേശവപിള്ള: അങ്ങനെ സാധാരണ കാണുകയില്ല ഇവിടെത്തന്നെ നോക്കിയാലും നമുക്കതു അറിയാൻ കഴിയും. ചിലക്ക് ബുദ്ധിക്കൂടുതലും ചിലക്ക് ബുദ്ധികുറവുമുള്ളതായി കാണാം.

Mr. Speaker : Don't create troubles. All are wise here.

ശ്രീ. ആർ. കേശവപിള്ള: അതുകൊണ്ടു് നമ്പർ കൂട്ടണമെന്നില്ലെന്നാണു് എന്റെ അഭിപ്രായം. ഒരു നിശ്ചിതതുക ഇപ്പോഴും നിശ്ചയിച്ചിട്ടുണ്ടു്. അതിൽക്കൂടുതൽ ആവശ്യമില്ലെന്നാണു ഞാൻ കരുതുന്നതു്.

ശ്രീ. സി. അച്യുതമേനോൻ: ഈ മോഷന്റെ സ്വഭാവത്തെപ്പറ്റി വ്യക്തമായി മനസ്സിലായില്ല. ഇതു ഇവിടെ ഡിസ്കസ് ചെയ്തു കഴിഞ്ഞു. ഈ സഭയുടെ അഭിപ്രായം ഇൻഡ്യാ ഗവണ്മെന്റിനെ അറിയിക്കേണ്ടതുണ്ടെങ്കിൽ ആ അമെൻഡ്മെന്റിനെ റാറ്റിഫൈ ചെയ്യുന്ന ഒരു പ്രമേയം ഈ സഭയിൽ അവതരിപ്പിക്കേണ്ടതല്ലേ?

Mr. Speaker: This motion has been brought forward by Government under Rule 43 so that the House might have an opportunity to discuss it. Ultimately, the motion will be put vote and the decision of the House will be ascertained. Therefore, in one way, object of the motion is to get ratification of the House. Article 368 of the Constitution of India which is the relevant Article here says.

> "Provided that if such amendment seeks to make any change in (d) the representation of States in Parliament, the amendment shall also require to be ratified by the Legislatures of not less than one-half of the Startes specified in parts A and B of the First Schedule by resolutions to that effect passed by those Legislatures before the Bill making provision for such amendment is presented to the President for assent."

ശ്രീ. സി. അച്യുതമേനോൻ: അവിടെ ചെയ്യുന്നതു് റാറ്റിഫൈ ചെയ്യണമെങ്കിൽ അതിനെ അനുകൂലിച്ചുള്ള ഒരു പ്രമേയം ഈ നിയമസഭ മുമ്പാകെ വയ്ക്കണം. അതു് പാസ്സാക്കുകയോ തള്ളുകയോ ചെയ്യാം. എന്നാൽ അങ്ങനെയൊരു പ്രമേയം ഇവിടെ വന്നിട്ടില്ല.

Shri P. S. Nataraja Pillai : If I understand correct, after all, we are only canvassing opinion on this matter. Here we are only ascertaining the wishes of the House in this matter.

Shri Panampilli Govinda Menon : This is a very important matter and as such it is not either a government or a party question. it is a matter for legislation. I could not get time to ascertain the views of the leaders of parties and it is doubtful whether this should be left to the leaders of the parties either. Therefore, after some discussion, some of us can take counsel and see whether it is a matter for ratification or otherwise.

Shri A. Thanu Pillai : As things stand, we can either ratify or refuse ratification. We cannot make further amendment. So it is a simple ' yes ' or ' no '.

Shri M. M. Abdul Khader: Sir, I wish to make one or two observations on this matter. Article 81 consists of two clauses, one stating that parliament should consist of 500 members and the other stipulating one member for a certain number of the population. Now, Sir, what is sought to be done by the amendment is to abrogate the Second clause, the effect of which would be this that one member now would have to be voted by a larger number of people. This, evidently, would go against the democratic spirit of the Constitution, because, whereas 750,000 people could get one member previously, now, a larger number than that would be only entitled to the same one member.

Shri Panampilli Govinda Menon: That is not correct.

Shri M. M. Abdul Khader: That is the effect. No ceiling is being put on the number which could vote one member. That has been left blank so that it gives an opportunity to the Parliament to tamper with the constituencies as they like. The object of the amendment is to provide for the increase in population. Ultimately, the position will be this: that a larger number of persons than before would be entitled to vote for one. This would virtually be disenfranchising a section of the people. Whereas 750,000 were sure of getting one member under the Constitution, now, by virtue of this amendment that number is certainly going to be increased and not reduced which is tantamount to saying that a section of the people is going to be virtually disenfranchised. This, I submit, militates against the very democratic spirit of the Constitution.

ശ്രീ. ആർ. കേശവപിള്ള : എല്ലാവർക്കും വോട്ടു ഇല്ലേ? അതു മൂല്യം കിട്ടുന്നതാണല്ലോ.

Shri M. M. Abdul Khader: I could understand that. I think that I had elaborated that point sufficiently for the hon. Member to understand that whereas 750,000 people got one member previously a higher number of people would get only one member if the amendment bill becomes law.

Shri Panampilli Govinda Menon: The share of each voter in the representation goes down.

Shri M. M. Abdul Khader: Yes. The position in this respect in other democracies may be understood with benefit in this connection. In the House of Representatives in the U. S. A. the number has grown from 65 to more than 400 now with the increase in census figures. Similarly also in the case of Canada and South Africa.

[Shri M. M. Abdul Khadar.]

In all these Constitutions the principle adopted has been that one member is given to a certian number of voters and the members then elected ultimately form the total number of members in the Houses. In England for instance, 25,000 are entitled to one member and in thea House of Commons there are now about 630 persons. Even in Burma which is a neighbouring state of ours the proportion is very much higher than ours because one lakh of people would be entitled to one member. The financial and other circumstances of Burma are certainly not better than India and as such no argument can now be brought forward that an increase in the number of members in the House by raising the constitutional provision of 500 would be necessary having regard to the expenses of the State and the conditions of the country Another factor about this which the hon. Mover himself pointed out is that alredy the constituencies are two unwieldy Perhaps we have got the largest parliamentary constituency in the whole world. Therefor, a an increse further which would be the practical result of this amendmaent would make them more unwieldy which would eventually make it difficult for the members to be in living contact with their constituencies.

Another relevant factor in this connection is that, actually today there is no appreciable increase in population. There is of course increse in population no doubt. But there is no appriceable or relative increase such as to call for an amendment of this sort. Even today the number of members in Parliament is less than 500 and for the next five years to come, I do not think that our population is going to increase to such an extent as to call for any radical increase of this 500. Therefore, an amendment at this juncture, at any rate is premature. Moreover, in keeping with the democratic spirit of the Constitution it would be necessary that people should be given as liberal and as free a franchise representation and possible to make themselves heard Now the effect of this amendment would be to curtail that. Therefore in the light of these important considerations and having regard to the spirit of the constitution, the democratic content in it, I hope the House will agree that such an amendment at this juncture would not be necessary. In order to provide for the increasing census figures it would be be tter and proper and certainly more democratic to follow the example of other democratic countries like England, United States and Canada all of which do not unalterably fix the number of members of their legislative bodies; but let us follow their Constitutional practice of leaving the numercial Strength of legislative bodies to be fixed on the basis of the population rather than putting a slab and a ceiling on the membership of the Houses.

ശ്രീ. ഒ. സി. മേനോൻ: ഈ വിഷയത്തെ സംബന്ധിച്ച് ഓരോരുത്തരുടേയും മനോധർമ്മം അനുസരിച്ച് ഇവിടെ നടന്ന വിവിധ ചർച്ചകളും കേട്ടതിൽ ഇതേസംബന്ധിച്ച് എനിക്കുള്ള അഭിപ്രായം അറിയിക്കണമെന്നു തോന്നി. ഈ കാൺസ്റ്റിറ്റ്യൂഷൻ പാസ്സായിട്ടു അധികം നാളുകൾ ആയില്ല. നമ്മുടെ രാജ്യത്തിന്റെ സ്ഥിതിയും ജനസംഖ്യയുടെ സ്ഥിതിയും മററും പരിഗണിച്ചശേഷം തൽക്കാലം നമ്മുടെ രാജ്യത്തിന്റെ സ്ഥിതിക്കു ജനസഭയിൽ അഞ്ഞൂറു അംഗങ്ങളിൽ കൂടുതൽ ഉണ്ടായിരിക്കുന്നതു പാർലമെൻറു നടത്തിപ്പിനുതന്നെ ശരിയല്ലെന്നു ബോദ്ധ്യംവന്നതുകൊണ്ടാണ് അഞ്ഞൂറു എന്നു കണക്കാക്കപ്പെട്ടിട്ടുള്ളതു്. നാം കൂടിയാണു അതു തീരുമാനിച്ചതെന്നുള്ളതിനും യാതൊരു തക്കവുമില്ല. ഈ അഞ്ഞൂറു എന്നുള്ളതു അറന്നൂറാക്കിയാലും,

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഏഴരലക്ഷത്തിനു ഒരു പ്രതിനിധിയാണെന്നുള്ളതും നാമാണു തീരുമാനിച്ചതെന്നറിയാമോ?

ശ്രീ. ഒ. സി. മേനോൻ: ഞാൻ ആ ഭാഗത്തേക്കു വരുന്നു, ക്ഷമിക്കണം. അഞ്ഞൂറെന്നുള്ളതു അറന്നൂറാകരുതെന്നോ ഏഴരലക്ഷമെന്നുള്ളതു എട്ടുലക്ഷമെന്നോ ആയിക്കൂടെ എന്നുള്ളതു പ്രസക്തിയുള്ള ചോദ്യമാണ്. ഈ പാർലമെൻറുഹൗസ്സിൽ സ്ഥലസൗകര്യം പരിഗണിച്ചും മററു കാര്യങ്ങൾ ശരിയായി നടത്തിക്കൊണ്ടുപോകുന്നതിനും വളരെ കൂടുതൽ അംഗങ്ങളായാൽ സാധിക്കുമോ എന്നും ആലോചിക്കേണ്ടതാണ്. ഇൻഡ്യൻ പാർലമെൻററി പ്രൊസീഡിംഗ്സ് നോക്കിയാൽതന്നെ ഈ കാര്യം മനസ്സിലാകുന്നതാണ്. അവിടെ പാർട്ടികളുടെ എണ്ണം കൂടിയിരിക്കുന്നതിനാൽ അംഗങ്ങൾ കുറവാണെങ്കിലും, പാർലമെൻറു കാര്യങ്ങൾ ശരിയായി നടത്തിക്കൊണ്ടുപോകാൻ സ്പീക്കർക്ക് വളരെ പ്രയാസം ഉണ്ടെന്നു കാണാവുന്നതാണ്. അംഗങ്ങൾക്കു പൊതുപ്രാധാന്യമുള്ളകാര്യങ്ങളും അവരുടെ നിയോജകമണ്ഡലങ്ങളിലെ കാര്യങ്ങളും സഭയെ അറിയിക്കുന്നതിനു വിഷമങ്ങൾ ഉണ്ടാകുന്നതിനെ പരിഗണിച്ചു ആ മാതിരി പ്രയാസങ്ങൾ ഉണ്ടാകരുതെന്നു കരുതി ദീർഘദൃഷ്ടിയോടുകൂടി അഞ്ഞൂറു മെമ്പറന്മാർ എന്നു കണക്കാക്കപ്പെടുത്തിയിരിക്കയാണ്. അഞ്ഞൂറു മെമ്പറന്മാർ മാത്രം ഉണ്ടായിരുന്നിട്ടുപോലും അവർക്കു ഓരോ വിഷയങ്ങളെ സംബന്ധിച്ചു അഭിപ്രായങ്ങൾ പറയുന്നതിനും അവരുടെ കാര്യങ്ങൾ വിവരിക്കുന്നതിനും സമയം കിട്ടുന്നില്ലാ എന്നുള്ള പരാതി ധാരാളമായിട്ടുണ്ടെന്നു നാം ഓർക്കേണ്ടതാണ്. അതുകൊണ്ട് ഈ അഞ്ചോ ആറോ കൊല്ലം കഴിയുമ്പോൾ അഞ്ഞൂറെന്നുള്ള അംഗസംഖ്യ മാററാം എന്ന വിശ്വാസം ബുദ്ധിപൂർവ്വമായിരിക്കുമെന്നു എനിക്ക് തോന്നുന്നില്ല. ആളുകളുടെ എണ്ണം കൂടുന്നതിൽ എനിക്കു വലിയ പ്രതിപത്തി ഒന്നുമില്ല. ഇപ്പോൾ ഏഴരലക്ഷം ജനങ്ങൾക്കു ഒരു പ്രതിനിധിയെന്നാണു പറയുന്നതു്. തെരഞ്ഞെടുപ്പുകാലത്തു ഈ ഏഴരലക്ഷം ജനങ്ങളെ സമീപിച്ച് അവരുടെ വോട്ടു കരസ്ഥമാക്കുന്നതു വളരെ പ്രയാസമായിട്ടുള്ള ഒരു കാര്യമാണ്. എന്നാൽ ഏഴരലക്ഷം ജനങ്ങളുടെ ഇടയിൽപ്പോയി വോട്ടു കരസ്ഥമാക്കുന്ന ഒരാളിനു അതിൽ കുറച്ചുകൂടി കൂടുതലായി ആളുകളെ സമീപിച്ചു വോട്ടുസമ്പാദിക്കുന്നതിൽ വലിയ പ്രയാസമുണ്ടെന്നു തോന്നുന്നില്ല. അപ്പോൾ അതിനു മറിച്ചു ഒരു ചോദ്യം ചോദിച്ചേയ്ക്കാം. ഈ ഏഴരലക്ഷം എന്നുള്ളതു പതിനഞ്ചുലക്ഷമാക്കരുതോ

[ശ്രീ. ഓ. സി. നൈനാൻ]

എന്നു്. അങ്ങനെ ക്ലിപ്തമായിട്ടൊരു തുക നിശ്ചയിക്കാൻ സാദ്ധ്യമാകയില്ല. പ്രാതിനിധ്യത്തിനുള്ള ജനസംഖ്യ നിശ്ചയിക്കുന്നതിൽ പ്രയാസങ്ങൾ ഉണ്ടാകാം. അതു ഭാരതഭൂമി ഒട്ടുക്കുള്ള ജനസംഖ്യയും മററു പല കാര്യങ്ങളും ആലോചിച്ചു വിവേകത്തോടുകൂടി നിശ്ചയിക്കേണ്ട സംഗതിയാണു്. ഇങ്ങനെയുള്ള സംഗതികൾ വളരെ ആലോചിച്ചതിനുശേഷമാണു് അഞ്ഞൂറു മെമ്പറന്മാർ ജനസഭയിലുണ്ടായിരിക്കണമെന്നു ഭരണഘടനാസമിതി തീരുമാനിച്ചതു്. ഇതു ഏററവും യുക്തിപൂർവ്വമാണെന്നു കാണാവുന്നതാണു്.

എഴുപത്തഞ്ചുലക്ഷമെന്നു ക്ലിപ്തമില്ല. കോൺസ്റ്റിററ്യുവൻസിയിൽ തിരഞ്ഞെടുപ്പിനു പോപ്പുലേഷൻ അല്പം കുറവായാൽപോലും ആ സ്ഥലത്തു ഒരു പ്രതിനിധികൂടി വയ്ക്കാവുന്നതാണെന്നും വ്യവസ്ഥചെയ്തിട്ടുണ്ടു്. മാക്സിമം ലിമിററിനേയും മിനിമം ലിമിററിനേയും സംബന്ധിച്ചുള്ള വ്യവസ്ഥകൾ കോൺസ്റ്റിററ്യൂഷന്റെ ൮൧-ാം വകുപ്പിൽ വിവരിച്ചിട്ടുണ്ടു്. അതിൽ ലോവർ ലിമിററ് ഇത്രയെന്നുള്ളതു എടുത്തുകളയുന്നില്ല. അതായതു അഞ്ചുലക്ഷം എന്നുള്ളതു ഇപ്പോൾ മാററംവരുന്നില്ല. അപ്പോൾ എത്രയായിരുന്നാലും ഒരു മെമ്പർക്കു അഞ്ചുലക്ഷം ജനസംഖ്യ എന്നുള്ളതു ഇപ്പോഴും ക്ലിപ്തം ചെയ്തിട്ടുണ്ടു്. അതുപോലെ എഴുപത്തഞ്ചുലക്ഷം എന്നുള്ളതു കുറച്ചുകൂടി ആകാം. ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന അമെൻറ്മെൻറുകൊണ്ടു് ആ വിഷമങ്ങൾ നാം അഭിമുഖീകരിക്കുകമാത്രമല്ല അതു തരണംചെയ്യുകകൂടി ചെയ്യുന്നു. ഭേദഗതി സ്വീകരിക്കാത്തപക്ഷം മെമ്പറന്മാരുടെ സംഖ്യ അഞ്ഞൂററിപ്പത്തോ അഞ്ഞൂററിപ്പന്ത്രണ്ടോ ജനസംഖ്യയുടെ തോതനുസരിച്ചു ക്ലിപ്തകണക്കിൻപ്രകാരം ആകാമെന്നുള്ളതാണു്. ഓരോ കൊല്ലവും ജനസംഖ്യ വർദ്ധിച്ചുവരികയാണു്. ചില കാരണങ്ങളാൽ ചിലപ്പോൾ കുറഞ്ഞു എന്നും വന്നേക്കാൻ ഇടയുണ്ടു്. അങ്ങനെ വരുമ്പോൾ പ്രൊപ്പോർഷനേററായി അംഗങ്ങളുടെ സംഖ്യ വർദ്ധിപ്പിക്കണമെന്നു വരുന്നു. അപ്രകാരം വ്യവസ്ഥവച്ചാൽ കോൺസ്റ്റിററ്യൂഷനിൽ അമെൻറ്മെൻറു കൂടക്കൂടെ കൊണ്ടുവരേണ്ടതായിവരും. അപ്രകാരം കൊണ്ടുവരുന്നതു ശരിയല്ല. അങ്ങനെ ഒരു ജനസംഖ്യ ക്ലിപ്തം വയ്ക്കുന്നപക്ഷം ഓരോ പ്രാവശ്യവും തെരഞ്ഞെടുപ്പുവരുമ്പോൾ ജനസഭയിൽ എത്ര അംഗങ്ങൾ ഉണ്ടായിരിക്കണമെന്നു ജനസംഖ്യയുടെ പ്രൊപ്പോർഷൻ കണക്കാക്കി അപ്പഴപ്പോൾ നിശ്ചയിക്കേണ്ടിവരും. അപ്പോൾ ഓരോ പ്രാവശ്യവും ഈ കോൺസ്റ്റിററ്യൂഷനിൽ അമെൻറ്മെൻറുണ്ടാക്കണം. അങ്ങനെ കൂടക്കൂടെ അമെൻറ്മെൻറുണ്ടാക്കുന്ന ഒരു സ്ഥാനത്തേയ്ക്കു നമ്മൾ പോകണമോ അതോ ഇപ്പോൾ അസംബ്ളി നടത്തുന്നതിനുള്ള പ്രയാസങ്ങളെ മനസ്സിലാക്കി ഈ അമെൻറ്മെൻറ് സ്വീകരിക്കയാണോ ഇതിൽ എന്താണു് നല്ലതു് എന്നുള്ളതാണു് ഇവിടെ ചർച്ചാവിഷയമായിരിക്കുന്നതു്. ഈ വക ബുദ്ധിമുട്ടുകളേയും മററു കാര്യങ്ങളേയും വിവേചിച്ചതിനുശേഷവും ആലോചിച്ചതിനുശേഷവുമാണു് ഈ ഭരണഘടനാഭേദഗതിയുണ്ടാക്കിയിരിക്കുന്നതു്. കൂടക്കൂടെ ഭേദഗതിചെയ്യാതിരിക്കുന്നതാണു് ബുദ്ധിപൂർവ്വകമായിട്ടുള്ളതെന്നു എനിക്കു തോന്നുന്നു. അതുകൊണ്ടു് ഇപ്പോൾ ഇതു കുറഞ്ഞതു് അഞ്ചുലക്ഷം എന്നുള്ളതു ഭേദഗതിചെയ്തു എഴര

ലക്ഷം എന്നു കൂട്ടുന്നതു (വളരെ കൂട്ടുന്നതല്ല) ശരിയായിട്ടുള്ളതാണെന്നും ഞാൻ വിചാരിക്കുന്നു. ഇത്രയും മാത്രം പ്രസ്താവിച്ചുകൊണ്ടു ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

<u>ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ</u>: സർ, "Not less than one member for every 7½ lakhs of the population"—ഇൻഡ്യൻ ഭരണഘടന ൮൧-ാം വകുപ്പിൽനിന്നു മേൽപ്പറഞ്ഞ ഭാഗം നീക്കം ചെയ്യുന്നതിനു കേന്ദ്രപാർലമെൻറ പാസാക്കിയ ഭേദഗതിയെക്കുറിച്ചാണല്ലോ നാം ഇവിടെ ചർച്ചചെയ്യുന്നതു്. ഇങ്ങനെ ഒരു ഭേദഗതിയുടെ ആവശ്യം ഇന്നത്തെ സ്ഥിതിക്കു ഇല്ലെന്നാണു് എന്റെ വ്യക്തമായ അഭിപ്രായം. പാർലമെൻറിലെ മെംബറന്മാരുടെ പരമാവധിയെണ്ണം ൫൦൦ എന്നു ഭരണഘടനയിൽ നിശ്ചയിച്ചിട്ടുള്ളതു മാററം വരുത്താൻപാടില്ലെന്നു ശഠിക്കുകയാണെങ്കിൽപോലും ഏഴരലക്ഷം ജനങ്ങൾക്കു ഒരു പ്രതിനിധിയെന്ന തോതിൽ കണക്കാക്കിയാൽ മുപ്പത്തേഴരകോടിയിൽ കൂടുതൽ ജനസംഖ്യ ഉണ്ടെങ്കിൽമാത്രമെ ഭരണഘടനയിൽ ഇപ്പോൾ നിർദ്ദേശിക്കുന്ന തരത്തിലുള്ള ഒരു ഭേദഗതി ആവശ്യമായി വരികയുള്ളു. അങ്ങനെ ഒരു പ്രശ്നം ൧൯൫൧-ലെ സെൻസസ്സിനുശേഷംമാത്രമെ നമ്മെ അഭിമുഖീകരിക്കാൻ ഇടയുള്ളുവെന്നു വ്യക്തമായിരിക്കെ ഇത്ര തിടുക്കപ്പെട്ടു ഭരണഘടനയിൽ ഇങ്ങനെ ഭേദഗതി ചെയ്യുന്നതിന്റെ ഉദ്ദേശം മനസ്സിലാക്കാൻ വിഷമമാണു്. ഇതു അന്നത്തെ പാർലമെൻറ ചെയ്യേണ്ട ഒരു കാര്യമാണു്.

രണ്ടാമത്തെ കാര്യം ജനസംഖ്യ എത്രതന്നെ വർദ്ധിച്ചാലും പാർമെൻറിൽ അഞ്ഞൂറ മെംബറന്മാരിൽ കൂടുതൽ ഉണ്ടാകുവാൻ പാടില്ലെന്നു ശാഠ്യംപിടിക്കേണ്ടതിന്റെ ആവശ്യകതയുണ്ടോ എന്നതാണു്. എന്റെ അഭിപ്രായത്തിൽ പാർലമെൻറിൽ ഏതാനും മെംബറന്മാർകൂടി ഉണ്ടായതുകൊണ്ടു യാതൊരാപത്തും വരാനില്ല. ബ്രിട്ടീഷ് പാർലമെൻറിൽ ൬൪൦ മെംബർമാരുണ്ടെന്നു ധനകാര്യമന്ത്രിതന്നെ ഇവിടെ പ്രസ്താവിക്കുകയുണ്ടായി. ഇംഗ്ലണ്ടു ജനസംഖ്യയിലും വിസ്തീർണ്ണത്തിലുമെല്ലാം ഇൻഡ്യയെക്കാൾ എത്രയോ ചെറിയ ഒരു രാജ്യമാണു്. അയർലണ്ടിൽ മുപ്പതിനായിരം ജനങ്ങൾക്കു പാർലമെൻറിൽ ഒരു പ്രതിനിധിവീതവും, ബർമ്മയിൽ ഒരു ലക്ഷത്തിനു ഒരു പ്രതിനിധിവീതവും ഉണ്ടെന്നുകാണുന്നു. ഇൻഡ്യയെപ്പോലെ ഒരു പാർലമെൻറംഗത്തിനു് ഇത്രയധികം ജനങ്ങളെ പ്രതിനിധീകരിക്കേണ്ടിവരുന്ന മറേറതെങ്കിലും രാജ്യമുണ്ടോ എന്നുതന്നെ സംശയമാണു്. അങ്ങനെയിരിക്കെ പാർലമെൻറ നിയോജകമണ്ഡലങ്ങളുടെ വ്യാപ്തി പിന്നെയും വർദ്ധിപ്പിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഈ ഭേദഗതി ഒരിക്കലും ന്യായീകരിക്കത്തക്കതല്ല. ഇപ്പോൾതന്നെ ഒരു പാർലമെൻറമെംബർക്കു തന്റെ നിയോജകമണ്ഡലത്തിൽ ഒരുവട്ടം സഞ്ചരിക്കുന്നതിനു് എന്തുമാത്രം ക്ലേശമുണ്ടെന്നു നമുക്കു ഊഹിക്കാവുന്നതാണു്. കൊല്ലം മാവേലിക്കരപോലുള്ള നിയോജകമണ്ഡലങ്ങളുടെ കാര്യം പറയുകയേ വേണ്ടാ. പാർലമെൻറിൽ അംഗങ്ങൾ കൂടിയാൽ വാദപ്രതിവാദത്തിൽ എല്ലാ മെംബർമാർക്കും പങ്കെടുക്കാൻ അവസരം കിട്ടാതെ വരുമെന്നുള്ളതുകൊണ്ടു മെംബറന്മാരുടെ എണ്ണം ക്ലിപ്തപ്പെടുത്തേണ്ടതു ആവശ്യമാണെന്നു് ഇവിടെ ചില മെംബറന്മാർ പ്രസ്താവിക്കുക

[ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ]

യുണ്ടായി. ആ വാദത്തിനു വലിയ കാമ്പില്ലെന്നാണു എന്റെ അഭിപ്രായം. പാർലമെന്റിൽ പ്രസംഗംചെയ്യുന്നതിൽക്കൂടി മാത്രമല്ല ഒരു മെംബർക്കു താൻ പ്രതിനിധീകരിക്കുന്ന ജനങ്ങളെ സേവിക്കാൻ കഴിയുക. അധികാരസ്ഥാനങ്ങളിൽ തന്റെ നിയോജകമണ്ഡലത്തിന്റെ ആവശ്യങ്ങൾ മററു പലവിധത്തിലും എത്തിക്കാനും തന്നെ തിരഞ്ഞെടുത്ത ജനങ്ങൾക്കുവേണ്ടി വാദിക്കാനും സന്ദർഭമുണ്ടാകുമെന്നകാര്യം നാം മനസ്സിലാക്കണം.

ഇനി ഏഴരലക്ഷത്തിനു ഒരു പ്രതിനിധിയെന്ന തോതിൽ തിരഞ്ഞെടുക്കുകയാണെങ്കിൽ അൻപതുകോടി ജനസംഖ്യയുണ്ടാകുന്ന ഒരവസരത്തിൽപോലും ൭൦൦ പ്രതിനിധികളിൽ കൂടുതൽ ഉണ്ടായിരിക്കുകയില്ല. ഒരു നൂറുകൊല്ലത്തിനപ്പുറമെ അതിലും വർദ്ധിച്ച ഒരു ജനസംഖ്യ നാം പ്രതീക്ഷിക്കേണ്ടതുള്ളു. അതുകൊണ്ടു ഏഴരലക്ഷം ജനങ്ങൾക്കു ഒരു പ്രതിനിധി ഉണ്ടായിരിക്കണമെന്ന വ്യവസ്ഥ നിലനിറുത്തിയാൽ അനിയന്ത്രിതമായവിധം മെംബറന്മാരുടെ എണ്ണം വർദ്ധിച്ചുപോകുമെന്നുള്ള ആശങ്ക തികച്ചും അസ്ഥാനത്താണ്. ഈ കാരണങ്ങളാൽ ഇന്നത്തെ നിയോജകമണ്ഡലങ്ങളെ ഇഷ്ടംപോലെ മാററി മറിക്കാനുള്ള അധികാരം ഗവണ്മെന്റിനു നൽകുന്ന ഈ ഭേദഗതി അനാവശ്യമാണെന്നും അഥവാ എന്തെങ്കിലും ഒരു ഭേദഗതി ആവശ്യമായി വരികയാണെങ്കിൽ അതു മെംബറന്മാരുടെ എണ്ണം പരമാവധി ൫൦൦ എന്നു വ്യവസ്ഥ ചെയ്തിട്ടുള്ളതു മാററി അതു വർദ്ധിപ്പിക്കാൻ അനുവദിക്കുന്ന തരത്തിലായിരിക്കണമെന്നും അഭിപ്രായപ്പെടുന്നതോടൊപ്പം പാർലമെന്റു പാസാക്കിയിട്ടുള്ള ഈ ഭേദഗതിയെ ഈ സഭ തിരസ്കരിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. എം. ഗോപാലൻനായർ: ഈ ഭേദഗതി ആവശ്യമില്ല എന്ന അഭിപ്രായത്തോടു ഞാൻ യോജിക്കുന്നു. ഈ പ്രശ്നത്തെപ്പററി പര്യാലോചിക്കുമ്പോൾ ആർട്ടിക്കിൾ (൮൧) ൧-(എ) കൂടി ഒന്നു അമെൻറു ചെയ്യുകയാണ് നമ്മുടെ പ്രധാനമായ കർത്തവ്യം. അതിൽ രണ്ടു പ്രസ്താവനകൾ അടങ്ങിയിട്ടുണ്ട്. ഒന്നു പാർലമെന്റ് അതിന്റെ മാക്സിമം അഞ്ഞൂറാക്കണമെന്നുള്ളതാണ് ആദ്യത്തെ വ്യവസ്ഥ. രണ്ടാമതു അഞ്ചുലക്ഷത്തിനും ഏഴരലക്ഷത്തിനും ഇടയ്ക്കുള്ള ഒരു സംഖ്യയെ സംബന്ധിച്ചുള്ളവ്യവസ്ഥ. ഈ രണ്ടു വ്യവസ്ഥകളിൽ ഏതിനും കാൺസ്റ്റിററ്യൂഷൻ അമെൻറുചെയ്യേണ്ട.

മി. സ്പീക്കർ: സഭ ഇപ്പോൾ ലഞ്ചിനു പിരിയുന്നതാണ്.

The House rose for lunch at 1 P.M. and re-assembled at 2 P.M. with Mr. Speaker presiding.

ശ്രീ. എം. ഗോപാലൻ നായർ: (തുടർച്ച) സർ, ഈ ബിൽ ആദ്യമായി അവതരിപ്പിച്ചതു് ഏഴരലക്ഷം എന്നുള്ളതു എട്ടരലക്ഷവും, അഞ്ചുലക്ഷം എന്നുള്ളതു ആറരലക്ഷവും മിനിമം ആയിരിക്കുമെന്നുള്ള രീതിയിലാണ്.

2 p. m.

ഈ ബിൽ അവതരിപ്പിച്ചപ്പോൾ ഇതിനെപ്പററി ശക്തിയായ എതിർപ്പ

ഹൗസ് ഓഫ്, പീപ്പിളിൽ ഉണ്ടായി. ഇതു സംബന്ധിച്ച് ഒരു പ്രസംഗത്തിന്റെ ഒരു ഭാഗത്തു ഇങ്ങനെ പറയുന്നു:—

"Sir, in spite of the clarifications sought to be made by those who have spoken in support of the Bill, I am afraid it is not clear in the minds of many of us as to whether this Bill is at all necessary or not. The limits which were mentioned in article 81 of our Constitution were not arrived at in a light -hearted manner. In fact, if you refer to the debates that took place at the time of framing the Constitution you will find that after considering various factors it was thought that, bearing in mind, the conditions existing in India the figures that we included in the Constitution, namely five lakhs as the lower limit and seven and a half lakhs as the upper limit would be a fair compromise. I am not saying that the figures cannot be changed under any circumstances, but surely the onus lies heavily on Government to make out a case for an increase in these figures. What I regret is that this Bill has been brought forward without a full examination of the considerations which would have justified such an increase".

കൂടാതെ ഈ ബില്ലിനെ എതിർത്തുകൊണ്ട് ശ്രീ. ശ്യാമപ്രസാദ് മുക്കർജി ചെയ്ത പ്രസംഗം ശ്രദ്ധേയമാണ്. അതിലെ ഒരു ഭാഗം ഞാൻ ഇവിടെ ഉദ്ധരിക്കാം.

Mr. Speaker : Has not the Member quoted sufficiently well on this point?

Shri M. Gopalan Nair : For another point, I want to do that. Though I may be able to say that in my own way, that may not be so clear to the House. So I am reading that portion also It reads :—

"I am glad that the Law Minister has been able to explain the matter more clearly in the afternoon than he did in the morning. Let me put the problem in my own way before the hon. Minister. India's population according to the 1951 census figures is 35 crores 68 lakhs and odd and if we divide it by 750,000 we get 476 seats. I have not taken into account the extra weightage given to Part C States. So if you have 500 as the maximum limit as now fixed, you still have 24 seats, if not more, in your hands to make such readjustments as you wish to make. Unfortunately the figures are not yet available to us."

ഇങ്ങനെ ഈ ബില്ലിനെ സംബന്ധിച്ച് എതിർപക്ഷത്തുനിന്നു വിപരീതാഭിപ്രായമാണുണ്ടായിട്ടുള്ളത്. എന്നാൽ ഇപ്രകാരം ഭേദഗതി ചെയ്യണമെന്നും ഗവണ്മെന്റു ഭാഗത്തുനിന്നും കൂടുതൽ വാദഗതികൾ

[ശ്രീ. എം. ഗോപാലൻ നായർ.]

ഉന്നയിച്ചതായും കാണുന്നില്ല. തിരുവിതാംകൂർ-കൊച്ചിയിലെ ജനസംഖ്യയെ സംബന്ധിച്ചാണെങ്കിൽ, ഇൻഡ്യയിലെ മററു ചില ഭാഗങ്ങളെ അപേക്ഷിച്ച് വളരെ കൂടുതലാണ്. ഈ രീതിയിൽ അഞ്ചുലക്ഷം ആളുകൾക്കു ഒരു പ്രതിനിധിയെന്ന നിലയിൽ അംഗങ്ങൾ ഉണ്ടായിരിക്കണമെന്ന അഭിപ്രായത്തോടു അനുകൂലിച്ച് നിൽക്കണമെന്നാണു എന്റെ അഭിപ്രായം. ഓരോ സെൻസസു കഴിയുന്തോറും പ്രതിനിധികളുടെ സംഖ്യയും വർദ്ധിച്ചുവരും. നമ്മുടെ മെംബർമാർ കൂടുതലായാൽ നമുക്കു കൂടുതൽ സ്വാധീനവും ശക്തിയും പ്രയോഗിക്കാൻ സാദ്ധ്യതയുണ്ടാകുമെന്നാണെന്റെ അഭിപ്രായം. ഈ ഭേദഗതിയെ അനുകൂലിക്കേണ്ടെന്നും നേരെമറിച്ച് ൮൧ (എ) വകുപ്പ് ഭേദഗതി ചെയ്യാൻ ആവശ്യപ്പെടണമെന്നുമാണ് എനിക്കു പറയുവാനുള്ളത്.

വേറെ ഒരു സംഗതി പ്രധാനമായി ഇവിടെ പറയുവാനുള്ളതു ഈ ബിൽ ഇവിടെ ആദ്യം സർക്കുലേററു ചെയ്ത അവസരത്തിൽ കൺസ്റ്റിററ്യൂഷൻ അനുസരിച്ച് ൧൮ സ്റ്റേററുകൾ ഉള്ളതിൽ, ൯ സ്റ്റേററുകൾ ഈ ഭേദഗതിയെ അനുകൂലിച്ചു പാസാക്കിയാൽ മാത്രമെ പ്രസിഡൻറിന്റെ അനുമതി ലഭിക്കുകയുള്ളു എന്നു പറയുകയുണ്ടായി. തിരുവിതാംകൂർ-കൊച്ചിയുൾപ്പെടെ ഒൻപതു സ്റ്റേററു അനുകൂലിച്ചാൽ മാത്രമേ അതിനു സാദ്ധ്യതയുള്ളു എന്നു കാണാൻ കഴിയും. അപ്പോൾ നാം ഇതിനെ എതിർക്കുകയാണെങ്കിൽ ഇതു പാസാക്കാൻ സാധിക്കാതെ വരും. അടുത്ത പത്തുകൊല്ലം കഴിഞ്ഞതിനുശേഷം ഈ നിയമത്തിനു ഒരു ഭേദഗതി മതിയെന്നാണു എനിക്കു പറയുവാനുള്ളത്. ഈ വക കാരണങ്ങളാൽ ഈ ബിൽ സ്വീകാര്യമല്ലെന്നു ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

Shri P. S. Nataraja Pillai : Sir, as was indicated to the House by the hon. mover, this amendment relates to article 81. When we consider that, I think it will be useful to remember the full implications of article 81. Clause 1 (*a*) says about the fixation of the number of members for the House of people and has fixed the maximum number as 500. *i. e.* the upper limit. Clause 1 (*b*) which is the clause under discussion now, fixes the lower and upper limits of the number of people in each constituency. Clause 1 (*c*) is the ratio between the number of members allotted to each constituency and the population so as to have a kind of uniformity. Clause 2 which with Part C States. In the next clause, 3 it is stated thus :

> "Upon the completion of each census, the representation of the several territorial constituencies in the House of the people shall be readjusted by such authority, in such manner and with effect from such date as Parliament may, by law, determine."

So, after every decennial census, the right is given to readjust the representation in the House of the People. That is the wording used here. The representation from the several territorial consti-

tuencies will include not only the number of voters in each constituency, but also the number of members in the Parliament. Under clause 3, if the people of India come to the conclusion that the maximum number of members in the House of the People is to be increased they have the power to do so and also to reduce the number of voters in each constituency. An upper limit of 5 lakhs or of 10 lakhs can be fixed and we can also increase the number of representations in the House of the People. So then, the power is given to the people to decide the representation of the people in the House of People periodically at the time when a census is taken. That is a substantial right vested in the people. That is the intention of the Constitution which we are legitimately entitled to draw from the wording of article 81. That article was not enacted with the intention of fixing for all time to come 500 as the maximum number in the House of the People and the scale of representation from 5 lakhs or 7 1/2 lakhs for each constituency. It is made definite by clause 3 that periodically the people of India shall have the right to revise both these things. When the original bill was introduced in the House of People these principles were accepted and the lower limit was fixed at 6 1/2 lakhs and the maximum at 8 1/2 lakhs. That was the arrangement accepted at the first instance. At the next Census also if the Parliament comes to the conclusion that there is necessity for revision, that can be done by increasing the number of membership of the House. Of course that will be done according to the necessities of the time on the basis of the facts which will be available then. I am strengthened in my position by Art. 368 which provides for amendment of the Constitution. Proviso (d) of that Article speaks about "The representation of States in Parliament." As it stands, if the Amendment Act under discussion is to be valid, it has to get the ratification of our States. According to the wording of the present Act which takes away the upper limit, there will be no meaning to this clause. What the clause now says is that there shall be not more than 500 members and not more than one member for 5 lakhs of people and there is no upper limit. It means that for any number less than 500,000, there shall not be a member in the House of the People. The Act fixes 500 as the upper limit of membership. If population increases we can increase the number of people in each constituency to the maximum of 5, 8, 9 or 10 lakhs. That can now be done by an Act of Parliament. That is what I want to place before the House. The point is, the representation of the several territorial constituencies in the House of People shall be readjusted by such authority, in such manner and with effect from such date as Parliament may by law determine.

[Shri P. S. Nataraja pillai]

So, that will be by a delimitation Act passed by Parliament. Then, it would not require the ratification of the States. Practically it will not be an amendment of the Constitution. It will be a law enacted by Parliament in its authority. Then, if at the next census the Parliament decides that the scale of representatiom will be for 10 lakhs or 12 lakhs, then again the matter will not come up for the ratification of the States ; it will be done by Parliament under their authority, I think we ought to realise the important consequences that follow the present Amendment Act. By the present Amendment Act, the right of representation and the consent of the States which is necessary to enforce a change in the representation in the House of the People, is being taken away from the people of the country. That is not right, according to me.

I feel Sir, the provision now in the Constitution was made because it was considered that the people must have the right of reviewing periodically the scale of representation and of fixing the strength of the House of the People. Suppose after twenty years we reach a stage when it becomes absolutely necessary that there should be an increase in the number of members in the House of the People. Then we should have the right to change it. As it is, it will be possible to do so, after the matter has received the ratification of the State Legislatures If that right is taken away, if the upper limit is removed, then for all time to come, the Parliament, by itself, will be in a position to fix the scale of representation and to change the delimitation of the constituency as they like. That, I think is unnecessary in the present circumstances. Moreover, I feel strengthened in my position that according to the Census figures of 1951, even with the representation of 7.5 lakhs of voters for each constituency, there is no necessity to change the number at all. What prompted the Members of Parliament to make a change like this at the present moment, is beyond my comprehension. As far as I can understand, it must have been to provide for constituencies which exceed the 7.5 lakhs limit. If there are such constituencies, I think the number could be re-adjusted by a proper delimitation, the scale of representation still being fixed at 7.5 lakhs. Therefore, the better procedure would be to fix the upper and lower limits as proposed in the original bill which was circulated and which was supported by our Government also. But in the final form in which the Act has come before us they have omitted the upper limit and have taken the lower limit alone as the basis. They have fixed the composition of the House of the people and limited it to 500 for all time to come. That may not be advantageous in the long run to the interest of the States concerned. This review of the scale of represen-

tation is a fundamental right and that right should not be so easily taken away by a legislation of this kind. Therefore, what I would say is that we should not tie ourselves to a proposition which would place a bar on the coming generations to review the scale of representation as might become necessary under the changed circumstances then prevailing. In the exigencies of the present time we can carry on very well with the limits now set in article 81 itself. Therefore the Act, in its present form, is not advantageous and I think we should be very careful before we ratify it. I express my personal opinion. I think it would be better that this is not ratified.

Shri E. P. Varghese : Sir, after having listened to the speakers on this subject, I am inclined to support the Amendment Act. Though some reasons have been advanced both here and in the House of the People that this amendment should not be passed on the whole, I feel that it may be passed.

One of the arguments is that the population of India at present is only 36 millions and even if the upper limit is kept, such an amendment will not be necessary for even there will be only 481 members, which will not exceed the limit under Article 81 (*a*). But looking through the discussions in the House of the People, it is found that including weightage given to certain C. States it may be rightly anticipated that it may exceed 500, or go up to 505. In that case, the amendment is necessary. It may be seen that the number of seats that will be necessary with a limit of 7 1/2 lakhs voters ,can be fixed only after delimitation is made. So this amendment is made in order to avoid the possibility of an amendment after delimitation and to meet that contingency. As the hon. Member for Trivandrum said leaving Article 81 (*a*) as it is and amending Article 81 (*b*) as proposed now, there will not be any necessity to bring in such an amendment hereafter, because once it is fixed that the maximum number of the House shall be 500, then, of course, it is enough if we divide the total population by 500 and fix the total number of voters is fixed in a constituency. The minimum number of voters is fixed at 5 lakhs. That gives a convenience for not amending the Constitution in this manner again. It was after a very full discussion and mature deliberation that the Constituent Assembly came to the decision that the total number of Members of the House of the People shall be 500. Our representatives are also there. Therefore, the House of the People is not a foreign body. Our representatives and the representatives of other States considered this question more than once, in the Constituent Assembly and now at the time of discussing this amendment. They have had an opportunity to discuss whether there should be an amendment of article 81 A, that is,

[Shri E. P. Varghese.]

whether the upper limit should be raised or left as it is, etc. They decided that it is better that it is left as it is. Of course, much may be said on both sides. It may be said, for instance, that the British Parliament contains over 600 Members. But what I say is that this number of 500 has been arrived it after mature consideration by our representatives. Of course, as I said just now, there may be differences of opinion people might ask why not it be raised to 600 or 700. But we have come to some understanding that the number may be 500, and it is better to work with that number in mind.

One of the points that has been raised here is that parliamentary representation would be rather unwieldy and that it might be reduced to a farce. But, when we deal with a vast sub-continent like India, we have to be practical in our considerations. We should think whether it is right to allow our House of People to go on swelling to an indefinite number.

Shri A. Thanu Pillai : May I know from the hon. Member whether the proposed amendment does not give the Parliament the power to reduce the number of 500 to any extent that it may like ?

Shri E. P. Varghese : Of course, that follows when the upper limit is removed. But not to any great extent.

Shri A. Thanu Pillai : What is there to prevent that ?

Shri E. P. Varghese : There is the provision that there should be at least one member for over 5 lakhs.

Shri A. Thanu Pillai : It is not so. It is only provided that there shall not be more than one member for over five lakhs.

Shri E. P. Varghese : But 5 lakhs have to be represented by one member.

Shri Panampilli Govinda Menon: That is a misapprehension. As the member for Trivandrum stated, there is nothing preventing Parliament, by law, to provide, for example, that 10 lakhs of people shall have one member. In such a case, the strength of the Parliament may be only 350 and it will be perfectly constitutional also. The 5 lakhs provision only provides that an area which contains less than 5 lakhs shall not be a constituency. That is all that it means..

Shri E. P. Varghese: That is one view of the question, perhaps. My attention was not drawn to that aspect so far. The upper limit being taken away it gives room for that. But what I want to stress is that our members are also in the Parliament. So let us

not take it that the Parliament is an external body, trying to impose its will on us. We have the advantage now that our view point is also brought in there.

Shri Panampilli Govinda Menon: But hereafter, if this amendment is passed, the State Legislatures will have no opportunity to consider the question.

Shri E. P. Varghese: Of course, I understand it, 81 (3) gives the Parliament the power to readjust a constitutiency in its own fashion.

Then the question remains whether the amendment should be to Article 81 (a) or to 81 (b) I do not think that the Parliament would decide to go much below the number of 500; what I think, they would do is to divide the population by 500, and thus fix the average number of voters to constitute a constituency. Of course, there may be variations a little on both sides. The number of voters may go above 7.5 lakhs a little or go below it a little. But I feel the general idea is to fix the number at 500. When 500 has been fixed, it is too much on our part to think that they will go to the length of fixing it at a lower figure, say 200 or 250. Then there will be a hue and cry. No State will agree easily to reducing the representation to such a level. Ordinarily, what would happen is that they will divide the population by 500 and fix the population for each constituency. It may vary a little either this side or that side. I am inclined to support it, because I find that the House of the people and the Constituent Assembly consiting of representatives of all the States in India, have thought that the limit should be fixed at 500 at least for the time being. 361 millions is the population according to the 1951 Census and that is the figure that will be taken into consideration in the de-limitation for the next elections. Even if they divide the whole population into 500 constituencies, the population in each constituency may be only 7.2 lakhs. The Section even if left unamended may not have landed us in difficulties. perhaps as some of the speeches of the Law Minister disclose, there may be some difficulty and sometimes it may be found that 500 may not be reached if the upper limit of 7 1/2 lakhs is kept. I do not think that we need be very much afraid especially in a democratic set up that Parliament will manage things in such a way that they will reduce number to absurd limits discarding the views of the public. I don't think there will be any reduction. The only thing is that they may not be able to go beyond 500. I do not think they will go below the present number either. I think it will be better for us to support the amendment.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: സർ, ഇന്നു ഇൻഡ്യൻ പാർലമെൻറിൽ ൪൯൯ അംഗങ്ങളാണുള്ളത് എന്നാണ് എന്റെ അറിവ്. ൩൧൮ പേർ എ. സ്റ്റേറ്റിൽനിന്നും ൯൬ പേർ ബി. സ്റ്റേറ്റിൽനിന്നും ൨൩ പേർ സി. സ്റ്റേറ്റിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്നു. ബാക്കിയുള്ളവരെ നാമിനേററു ചെയ്യുന്നു. ഇപ്പോൾ ഇങ്ങനെ ഒരു ഭേദഗതി പാർലമെൻറിൽ കൊണ്ടുവരാനുള്ള കാരണം അതിന്റെ പ്രായോഗിക പരിഗണനകൾകൊണ്ട് മാത്രമാണെന്നാണ് എനിക്കു തോന്നുന്നത്. ഇന്നത്തെ നമ്മുടെ ഈ അസംബ്ലിതന്നെ നോക്കുക. ൨൦൦ അംഗങ്ങളെ വച്ചുകൊണ്ട് ഈ സഭ നടത്തിക്കൊണ്ടുപോകുവാൻ സാദ്ധ്യമാണോ? ഇപ്പോഴുള്ള സീററിംഗ് അറേഞ്ച്മെൻറുകൾ എത്രതന്നെ മാററിയാലും അതു സാദ്ധ്യമല്ല. അതുപോലെ, ഇൻഡ്യൻ പാർലമെൻറ മന്ദിരത്തിന്റെ നില നോക്കുകയാണെങ്കിൽ, ഇന്നത്തെ പരിതഃസ്ഥിതിയിൽ, ൫൦൦ പേരിൽ കൂടുതൽ ആളുകൾക്ക് അവിടെ ഇരിക്കാൻ സാദ്ധ്യമല്ല. ഇക്കാര്യം ഈ ഭേദഗതി കൊണ്ടുവരാൻ ഇടയാക്കിത്തീർത്ത പരിഗണനകളിൽ ഒന്നാണെന്നാണ് എനിക്കു തോന്നുന്നത്.

പക്ഷെ, ഇൻഡ്യയെപ്പോലെയുള്ള ഒരു രാജ്യത്തിനു അംഗങ്ങളുടെ സംഖ്യ കുറയ്ക്കുവാനോ കൂട്ടുവാനോ, കെട്ടിടത്തിന്റെ അസൗകര്യം ഒരു പരിഗണന ആകുമോ എന്നു ചോദിച്ചേക്കാം. എന്നാൽ ഇന്നത്തെ പരിതഃസ്ഥിതിയിൽ അതിലേക്കു കൂടുതൽ പണം ചെലവാക്കി കെട്ടിടങ്ങൾ പണിയിക്കേണ്ടിവരിക എന്ന കാര്യംകൂടി ഭരണം നടത്തിക്കൊണ്ടിരിക്കുന്നവർ ആലോചനാവിഷയമാക്കേണ്ടതാണ്. ഭരണം നടത്തേണ്ടാത്തവർക്ക് ഏതു തരത്തിലുള്ള അഭിപ്രായവും പറയാം. പക്ഷെ ഭരണം നടത്തുന്നവർക്ക് അതിന്റെ പ്രായോഗികതയെയും മററു സൗകര്യങ്ങളെയുംകൂടി പരിഗണിച്ചേ തീരൂ.

Shri P. S. Nataraja Pillai: May I put a question? What is the seating capacity of the House of Commons?

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: അതെപ്പററി എനിക്കു നല്ല നിശ്ചയമില്ല. ഇൻഡ്യൻ പാർലമെൻറ് ഞാൻ കണ്ടിട്ടുണ്ട്.

ഇങ്ങനെയുള്ള സൗകര്യങ്ങളെല്ലാം നോക്കി ഇന്നത്തെ പരിതഃസ്ഥിതിയിൽ ൫൦൦ പേരിൽ കൂടുതൽ പാടില്ല എന്നു നിശ്ചയിച്ചതായിരിക്കണം. വാസ്തവത്തിൽ ഞാൻ മുമ്പുപറഞ്ഞ കെട്ടിടത്തിന്റെ സൗകര്യവും മററു പരിഗണനകളും നോക്കുമ്പോൾ ൫൦൦ പേരിൽ കൂടുതൽ അനുവദിക്കാൻ സാദ്ധ്യമല്ല. എന്നാൽ ആളുകൾക്കു റിപ്രസൻറേഷൻ വളരെ കുറഞ്ഞുപോയി എന്നുവരാനും പാടില്ല. അതുകൊണ്ടാണ് സാമാന്യമര്യാദയനുസരിച്ച് ഇതിനു ഒരു ലിമിററ് ഉണ്ടായിരിക്കുന്നത്. കഴിഞ്ഞ സെൻസസ് അനുസരിച്ച് ൭൫ ലക്ഷത്തോളം ജനങ്ങൾ തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തുണ്ടായിരുന്നു. ഇപ്പോഴത്തെ സെൻസസ് അനുസരിച്ച് ൯൨ ലക്ഷമുണ്ട്. അതായത് ൨൦ ശതമാനം കൂടുതലുണ്ട്. ഇൻഡ്യയിൽ ഒന്നാകെ നോക്കുമ്പോൾ ൧൩ ശതമാനം ജനങ്ങൾ കൂടുതലുണ്ട്. ആ നിലയ്ക്ക് അങ്ങോട്ട് അങ്ങോട്ട് പോകുന്തോറും വളരെ കൂടുതൽ അംഗസംഖ്യ കൂട്ടേണ്ടതായി വരും. ഇതെല്ലാം നോക്കുമ്പോൾ ഒരു സാമാന്യരീതി അനുസരിച്ച് പാർലമെൻറിലെ അംഗസംഖ്യക്ക് ഒരു ലിമിററ് വയ്ക്കേണ്ടതാണെന്നു കണ്ട് ഈ ഭേദഗതി കൊണ്ടുവന്നതാണെന്ന് അനുമാനിക്കാം.

ശ്രീ. എ. താണുപിള്ള: കെട്ടിടത്തിന്റെ സൗകര്യക്കുറവുകൊണ്ടു് ഭേദഗതി വരുത്തണമെന്നുണ്ടെങ്കിൽ ഒരു കാലത്തു് ഫൈനാൻസ് മിനിസ്ട്രിയുടെ അഭിപ്രായപ്രകാരം, പണച്ചെലവു കൂടുന്നു എന്ന കാരണത്താൽ ൬൦൦-നെ ൪൦൦ ആക്കാൻ കഴിയുമല്ലോ, അതു് കുറച്ചു ശരിയുമാണല്ലോ, അങ്ങനെ വന്നാലോ?

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: അതും ഒരു പരിഗണന ആണെന്നുള്ളതിനു സംശയമില്ല. പക്ഷെ പ്രാതിനിധ്യത്തിനും തുല്യപ്രാധാന്യം ഉണ്ടെന്നുള്ളതിൽ ഞാൻ എതിരല്ലെന്നുകൂടി ബഹുമാനപ്പെട്ട മെമ്പർ ധരിക്കണം. ഇന്നത്തെ പരിഗണനയിൽ എത്രമാത്രം പ്രായോഗികമാണെന്നുകൂടി നോക്കേണ്ടതാണ്. അഡ്മിനിസ്ട്രേഷനിൽ ഇരിക്കുന്നവർക്ക് അതുംകൂടി നോക്കണം. ഡെമോക്രാറ്റിക് പ്രിൻസിപ്പൽ അനുസരിച്ചു് ആളുകൾക്ക് എത്രമാത്രം പ്രാതിനിധ്യം വേണമെന്നുള്ളതു മറ്റൊരു പ്രശ്നമാണ്. അമേരിക്കൻ പ്രസിഡന്റിന്റെ തിരഞ്ഞെടുപ്പു രീതിയും ബ്രിട്ടീഷ് പാർലമെന്റിലെ അംഗങ്ങളുടെ തിരഞ്ഞെടുപ്പു രീതിയും വ്യത്യസ്തമാണെങ്കിലും ഡെമോക്രാറ്റിക് പ്രിൻസിപ്പിൽതന്നെയാണ് രണ്ടിടത്തും അവലംബിച്ചിരിക്കുന്നതു്. ഡെമോക്രാറ്റിക് പ്രിൻസിപ്പിളിനെ ആദരിച്ചും അതേ സമയം പ്രായോഗികതയെക്കൂടി പരിഗണിച്ചും ഇക്കാര്യം തീരുമാനിക്കേണ്ടതായിട്ടുണ്ടു്. അതുംകൂടി ചിന്തിച്ചുകൊണ്ടുവേണം ഈ ഭേദഗതിയെപ്പറ്റി ചർച്ചചെയ്യുവാൻ.

ശ്രീ. ചെങ്ങാരപ്പിള്ളി പി. നാരായണൻ പോറ്റി: സർ, ഗവണ്മെന്റ് ഭാഗത്തുനിന്നും ഭരണഘടനയുടെ ഒരു ഭേദഗതി അവതരിപ്പിച്ചുകൊണ്ടു് ബഹുമാനപ്പെട്ട മന്ത്രി ചില കാര്യങ്ങൾ ഇവിടെ പറയുകയുണ്ടായി. ഇതു് ഒരു ഗവണ്മെന്റ് പ്രശ്നമല്ലെന്നും ഒരു പാർട്ടി പ്രശ്നമല്ലെന്നും ഈ സഭയുടെ ചർച്ചാസമയത്തു മെമ്പറന്മാർ പ്രകടിപ്പിക്കുന്ന ചിന്താഗതികൾ കേന്ദ്രത്തിലേയ്ക്കു എഴുതി അയയ്ക്കുന്നതാണെന്നും അദ്ദേഹം സംസാരിക്കുകയുണ്ടായി. സർ, പാർലമെന്റിൽ വച്ചു് നിയമമന്ത്രിയായ ശ്രീ. ബിശ്വാസ് ഈ ഭേദഗതി അവതരിപ്പിച്ചുകൊണ്ടു് പ്രസ്താവിച്ചതിൽ തിരുവിതാംകൂർ-കൊച്ചി ഗവണ്മെന്റ് ഇതിനെ അനുകൂലിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ടു്. ആ പശ്ചാത്തലത്തിൽ ഇതു് ഒരു ഗവണ്മെന്റ് പ്രശ്നവും പാർട്ടി പ്രശ്നവും അല്ലെന്നു എങ്ങനെ പറയാൻ കഴിയുമെന്നു എനിക്കു നിശ്ചയമില്ല.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ബഹുമാനപ്പെട്ട മെമ്പർ, ഞാൻ ഇതിനെപറ്റി പറഞ്ഞപ്പോൾ ഒന്നുകിൽ ഇവിടെ ഉണ്ടായിരുന്നില്ല, അല്ലെങ്കിൽ, ഞാൻ പറഞ്ഞതെന്താണെന്നു ശ്രദ്ധിച്ചില്ല. ഞാൻ ബഹുമാനപ്പെട്ട നേമം മെമ്പറുടെ ഒരു ചോദ്യത്തിനുത്തരമായി പറഞ്ഞപ്പോൾ, ഇപ്പോൾ പാസ്സായ ബില്ലിനെപ്പറ്റി അല്ല പാർലമെന്റിൽ അവതരിപ്പിച്ചിരിക്കുന്ന ബില്ലിനെപ്പറ്റിയാണ് ഈ ഭേദഗതി കൊണ്ടുവന്നിരിക്കുന്നതെന്നു പറയുകയുണ്ടായി. അതുകൊണ്ടു് ഈ വാദം ഇവിടെ ഉന്നയിക്കേണ്ട കാര്യമില്ലെന്നാണ് എന്റെ വിനീതമായ അഭിപ്രായം.

ശ്രീ. ചെങ്ങാരപ്പിള്ളി പി. നാരായണൻ പോറ്റി: ഒരു വാദപ്രതിവാദത്തിനുവേണ്ടി അല്ല ഞാനും പറയുന്നതു്. സാങ്കേതികമായ ഒരു

[ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി]

മറയിൽനിന്നുകൊണ്ട് ഇതൊരു പാർട്ടി പ്രശ്നമല്ലെന്നും മററും പറയുമ്പോൾ അതിന്റെ സാംഗത്യത്തെപ്പററി ചിന്തിച്ചുകൊണ്ട് ഞാൻ അല്പം പറഞ്ഞതാണ്. ഈ ഭേദഗതി തിരുവിതാംകൂർ കൊച്ചിയിലെ ജനങ്ങൾക്ക അനുകൂലമാണെന്നു ഈ ഗവണ്മെന്റ് മുൻകൂട്ടി വിധിച്ചിരിക്കുന്നതായി ഞങ്ങൾക്ക കിട്ടിയ രേഖകളിൽ നിന്നു കാണുന്നു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആ രേഖയിലും അങ്ങനെ കാണുകയില്ല. ആ രേഖ സെലക്ട്കമ്മിററിക്ക പോകുന്നതിനു മുമ്പുള്ള രേഖയാണ്. സെലക്ട്കമ്മററിയിൽവച്ച് ബില്ലിൽ സാരമായ ഭേദഗതികൾ ചെയ്തിട്ടുണ്ട്. അതുകൊണ്ട് ആ അഭിപ്രായവും ശരിയല്ല.

ശ്രീ. ചെങ്ങാരപ്പിള്ളി പി. നാരായണൻ പോററി: ഗവണ്മെന്റു ഈകാര്യത്തിൽ യാതൊരു മുൻവിധിയും എടുത്തിട്ടില്ലെങ്കിൽ ഞാൻ വളരെ സന്തോഷിക്കുന്നു.

സർ, ഈ ഭേദഗതി ബില്ലിനെപററി സംസാരിക്കുമ്പോൾ രണ്ടു പ്രധാനകാര്യങ്ങളാണ് ചൂണ്ടിക്കാണിക്കാനുള്ളതു്. ഒന്നാമത്, പാർലമെന്റിലെ മൊത്തസംഖ്യ കൂടുതലാക്കണമോ വേണ്ടയോ എന്നുള്ളതു്. രണ്ടാമതു്, എത്ര ആളുകളെയാണ് ഒരു മെമ്പർ പ്രതിനിധീകരിക്കേണ്ടതെന്നുള്ളതു്. ബില്ലിനെപററി പല മെമ്പറന്മാർ സംസാരിച്ചു എങ്കിലും ഈ രണ്ടു കാര്യങ്ങളാണ് പ്രധാനമായി ഉന്നയിക്കപ്പെട്ടതു്. ൩൦൦ ആളുകളെ പാടുള്ളൂ എന്നു നിശ്ചയിക്കുന്നതും അതിനുകാരണമായി പറഞ്ഞ കാര്യങ്ങളും കൂടി വച്ചുനോക്കുമ്പോൾ വളരെ പരിഹാസ്യമായ ഒരു നിലപാട് ചിലർ കൈക്കൊണ്ടിട്ടുള്ളതുപോലെ തോന്നുന്നു. ൩൦൦ ആളുകൾ തന്നെ വളരെ കൂടുതലാണെന്നും അതിനുള്ള സ്ഥലസൗകര്യം പാർലമെന്റിനില്ലെന്നും പറയുമ്പോൾ സ്ഥലം ഇല്ലെങ്കിൽ ആളുകൾ വേണ്ടാ എന്ന തത്വമാണ് അങ്ങിനെ അഭിപ്രായപ്പെടുന്നവർ സ്വീകരിച്ചിരിക്കുന്നതെന്നു കാണാം. ഹൗസ് ആഫ് കാമൺസിൽ ൬൪൦ മെമ്പറന്മാർ ഉണ്ടെങ്കിൽ അത്രയും പേർ ഒരേ സമയത്തു ഹാജരാകുന്നപക്ഷം അവിടെ ഇരിക്കാൻ സ്ഥലം മതിയാകുകയില്ല, അത്രയുംപേർ അവിടെ ഒരേ സമയത്തു ഇരിക്കുന്നും ഇല്ല. എന്റെ അഭിപ്രായത്തിൽ കെട്ടിടം ഒരു പ്രശ്നമേ അല്ല. ഭരണഘടന എടുത്തു നോക്കിയാലും അതിനകത്തുതന്നെ വാഗ്ദാനം ചെയ്തിരിക്കുന്ന വകുപ്പുകൾ എടുത്തു നോക്കിയാലും ജനാധിപത്യ അവകാശങ്ങൾ സുരക്ഷിതമാക്കപ്പെട്ടിട്ടുണ്ടെന്നു കാണാം. അതു് സുരക്ഷിതമാക്കാതിരിക്കാൻവേണ്ടി ചെയ്യുന്ന യത്നങ്ങളിൽ ഒന്നാണ് ഇതെന്നു കരുതി ഇതിനെ നിരുത്സാഹപ്പെടുത്തേണ്ടതാണെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. ആർ. കേശവ പിള്ള: ൧൯൦൦-ന മുമ്പ് ഗ്രേററ് ബ്രിട്ടനിൽ ൭൦൭ മെമ്പറന്മാർ ഉണ്ടായിരുന്നതായി അറിയാമോ?

ശ്രീ. ചെങ്ങാരപ്പിള്ളി പി. നാരായണൻ പോററി: എനിക്കറിഞ്ഞുകൂടാ.

സർ, ഭരണഘടന ഉണ്ടാക്കികഴിഞ്ഞു് രണ്ടു കൊല്ലം കഴിഞ്ഞപ്പോൾ ഇങ്ങനെ ഒരു ഭേദഗതി അവതരിപ്പിക്കുവാൻ തക്കവണ്ണം ഗുരുതരമായ

ഒരവസ്ഥ ഇവിടെ ഉണ്ടായിട്ടുണ്ടോ എന്നു ഞാൻ ചോദിക്കുന്നു. ജനസംഖ്യയുടെ വർദ്ധനവ് നമ്മെ ഞെരുക്കുകയും ഞെക്കുകയും ചെയ്തുകൊണ്ടിരിക്കുകയും അതിന് പരിഹാരമോ മററു പോംവഴികളോ ഒന്നും കാണാതിരിക്കുകയും ചെയ്യുന്നതക്ക ഒരു പരിതഃസ്ഥിതി ഇവിടെ വന്നുവോ? ൫ ലക്ഷത്തിനും ഏഴരലക്ഷത്തിനും ഇടയ്ക്കുള്ള ജനസംഖ്യയ്ക്കു ഒരു മെംബർ എന്ന കണക്കാണ് ഇപ്പോൾ എടുത്തിട്ടുള്ളതെന്നു തോന്നുന്നു. കൃത്യമായ കണക്കു എനിക്കു ഓർമ്മയില്ല. ആ കണക്കനുസരിച്ചു ഇപ്പോൾ ൪൯൯ മെംബറന്മാർ ഉണ്ടു്. പാർലമെൻറ മന്ദിരത്തിൽ അവർക്കുതന്നെ ഇരിക്കാൻ സ്ഥലമില്ലെന്നാണ് ആക്ഷേപം. മററു രാജ്യങ്ങളിൽ, പ്രാതിനിധ്യവ്യവസ്ഥ ഇതിനെക്കാൾ ഉദാരമാണ്. ഇൻഡ്യയെക്കാൾ ഭൂമിശാസ്ത്രപരമായി തുലോം തുച്ഛമായി കിടക്കുന്ന ഗ്രേററബ്രിട്ടനിൽ ൫൮,൭൦൦ പേർക്ക് ഒരു പ്രതിനിധി ഉണ്ടു്. അയർലണ്ടിൽ ൩൦,൦൦൦ പേർക്കു ഒരു പ്രതിനിധിയും ബർമ്മയിൽ ഒരു ലക്ഷത്തിനും മൂന്നു ലക്ഷത്തിനും ഇടയ്ക്കുള്ള ജനങ്ങൾക്ക് ഒരു പ്രതിനിധിയും ഉണ്ടു്. എന്നാൽ ഇവിടെ അഞ്ചു ലക്ഷത്തിനും ൭·൫ ലക്ഷത്തിനും ഇടയ്ക്കുള്ള ആളുകൾക്ക് ഒരു പ്രതിനിധി മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ എന്നാണ് ഭരണഘടനപ്രകാരം ഇന്നു നിലവിലുള്ള വ്യവസ്ഥ. അഥവാ ഈ രീതിയിൽ ഇതു പാസാക്കേണ്ടതാണെങ്കിൽ, ഈ നിയമം നമ്മുടെ സംസ്ഥാനത്തെ എപ്രകാരം ബാധിക്കുമെന്നു കൂടി പരിശോധിക്കേണ്ടതാണ്.

ബഹുമാനപ്പെട്ടമന്ത്രി ബിശ്വാസത്തിൻെറ കണക്കനുസരിച്ചു നോക്കുകയാണെങ്കിൽ, പാർട്ട് എ-യും, ബി-യും സ്റ്റേററുകളിൽ ആകെ ൪൧൦ മെംബറന്മാർ ഉണ്ടെന്നു കാണുന്നു. അദ്ദേഹത്തിൻെറ ഇപ്പോഴത്തെ കണക്കനുസരിച്ച് ജനസംഖ്യാനുപാതികമായി നോക്കുന്നപക്ഷം നമുക്ക് ഒരു പ്രതിനിധി കുറയുകയാണു ചെയ്യുന്നതു്. ബീഹാർ, പഞ്ചാബ്, വെസ്ററ് ബംഗാൾ മുതലായ സ്റ്റേററുകൾക്ക് അഞ്ചു സ്ഥാനങ്ങൾ കുറയുമ്പോൾ നാലു സ്ഥാനങ്ങൾ കൂടുന്നു. പാർട്ട് എ-യ്ക്കും, ബി-യ്ക്കും ഇത്ര മെംബറന്മാർ വേണമെന്നു ഭരണഘടനയനുസരിച്ച് ക്ലിപ്തപ്പെടുത്തിയിരിക്കുമ്പോൾ ബഹുമാനപ്പെട്ട ബിശ്വാസിൻെറ കണക്കനുസരിച്ച് കുറയുകയാണു ചെയ്യുന്നതു്. പാർട്ടു സി. സംസ്ഥാനങ്ങൾക്ക് ഇപ്പോൾതന്നെ ഓവർ റെപ്രസെൻേറഷനാണ്. ഈ കണക്കനുസരിച്ച് ആ സംസ്ഥാനങ്ങളിൽനിന്നും നാലു സ്ഥാനങ്ങൾ നഷ്ടപ്പെടാനിടയുണ്ടെന്നു കാണാൻ കഴിയും. ബി. സ്റ്റേററിനെപ്പററിയാണെങ്കിൽ അതുപോലെതന്നെ അഞ്ചുലക്ഷത്തിനും ഏഴരലക്ഷത്തിനും ഇടയ്ക്കുള്ള കണക്കുവച്ച് പ്രതിനിധികളെ അയയ്ക്കാനുള്ള അവകാശംകൂടി നഷ്ടപ്പെടുകയാണു ചെയ്യുന്നതു്. സർ, ഞാൻ ഈ അവസരത്തിൽ ഒരു കാര്യം പറഞ്ഞുകൊള്ളട്ടെ. ജനായത്തഭരണത്തിൻെറ പേരിൽ, രണ്ടുമൂന്നു കൊല്ലങ്ങളായി, തിരഞ്ഞെടുപ്പിനെ സംബന്ധിച്ചിടത്തോളം, അവ ഉപതിരഞ്ഞെടുപ്പായാലും കൊള്ളാം, പൊതു തിരഞ്ഞെടുപ്പായാലും കൊള്ളാം, പൊതുജനങ്ങളെ സംബന്ധിച്ചിടത്തോളം ഗുണകരമായ യാതൊരു തത്വങ്ങളും അധികാരത്തിലിരിക്കുന്നവർ അനുഷ്ഠിച്ചുവരുന്നില്ല. ഉദാഹരണമായി പറയുകയാണെങ്കിൽ ചെങ്ങന്നൂരിലെയും ചവറയിലെയും തിരഞ്ഞെടുപ്പുകളെ എടുക്കാം. ജനകീയത്തിൻെറ പേരിൽ, ജനായത്തഭരണസമ്പ്രദായത്തിൻെറ പേരിൽ, ഭരണം നടത്തുന്ന ഈ ഗവണ്മെൻറ്

[ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി]

ഡെമോക്രസിയെപ്പററി, ജനങ്ങൾക്കുള്ള വിശ്വാസം വദ്ധിക്കത്തക്ക യാതൊരു തത്വങ്ങളും മാറ്റങ്ങളും സ്വീകരിക്കുന്നില്ലെന്നു് മാത്രമല്ല, കേന്ദ്ര അസംബ്ലിയിലേയ്ക്കുള്ള പ്രതിനിധികളുടെ എണ്ണം കുറയ്ക്കാൻ തുടങ്ങുമ്പോൾ [illegible] യെ അനുകൂലിക്കുകയുമാണു ചെയ്യുന്നതു്.

മറെറാരുസംഗതി, ഇനിയും പ്രതിനിധികൾ വദ്ധിക്കുകയാണെങ്കിൽ ചെലവു് കൂടുമെന്നും ഇപ്പോൾത്തന്നെ സ്ഥലസൗകര്യമില്ലാതിരിക്കെ കൂടുതൽ അസൗകര്യമുണ്ടാകുമെന്നും പറയുന്നു. അവിടെ പോകുന്ന അഞ്ഞൂറു പ്രതിനിധികൾക്കും വാദപ്രതിവാദത്തിൽ പങ്കെടുക്കാൻ സാധിക്കുകയില്ലെന്നുള്ള ഒരു ധ്വനിയാണു് അതിൽ അന്തർഭവിച്ചിരിക്കുന്നതെന്നു തോന്നുന്നു. അഞ്ഞൂറു പ്രതിനിധികൾ സമ്മേളിക്കുന്ന ഒരു അസംബ്ലിയിൽ സ്ഥലസൗകര്യമില്ലെന്നു വരുന്നപക്ഷം, അല്ലെങ്കിൽ അവക്കു് എല്ലാം ഉപാധികം സംസാരിക്കാനുള്ള അവസരം ലഭിക്കുന്നില്ലെങ്കിൽ വേറെയൊരു ഭേദഗതി കൊണ്ടുവന്നു് പാസ്സാക്കാമായിരുന്നു. നേരെമറിച്ചു് പൊതുജനങ്ങളുടെ അവശതകളെ ചൂണ്ടിക്കാണിച്ചു് അവരുടെ മേന്മയ്ക്കായി പ്രതിനിധീകരിക്കുന്ന മെംബറന്മാരെ കുറയ്ക്കണമെന്നു പറയുന്നതു് ഒട്ടും ശരിയല്ല. ജനകീയഭരണസിദ്ധാന്തം വളരെ പരിമിതമായ നിലയിൽ ഇരിക്കുന്ന വടക്കേ ഇൻഡ്യയിലുള്ള ആളുകൾക്കു് നമ്മെക്കാൾ കൂടുതൽ സൗകര്യം ലഭിക്കാനുള്ള അവസരം നൽകിയിട്ടുണ്ടു്. അതുകൊണ്ടു് എനിക്കവസാനമായി പറയാനുള്ളതു് നമുക്കു കിട്ടിയിരിക്കുന്ന അവസരം നിസ്സാരമെന്നു കരുതി പാഴാക്കാൻ പാടില്ല. രാജപ്രമുഖന്റെ പ്രസംഗത്തിൽ സൂചിപ്പിച്ച നമ്മുടെ പാരമ്പര്യത്തെപ്പററി നാം ഓക്കേണ്ടതാണു്. ഉത്തരേൻഡ്യാക്കാരെക്കാൾ ജനപ്രതിനിധി സ്ഥാപനങ്ങളുമായി നമുക്കു് കൂടുതൽ ദീർഘമായ പരിചയമുണ്ടു്. പാർലമെന്റു് മെംബറന്മാർ പ്രതിനിധീകരിക്കേണ്ട എലക്ടോറേററു് (Electorate) ഇന്നു് നിലവിലുള്ളതിനെക്കാൾ—ഇപ്പോൾത്തന്നെ നമ്മുടെ പാർലമെൻററി കാൺസ്റ്റിററ്യുവൻസികൾ unwieldy യാണെന്നു് അനുഭവംകൊണ്ടു് നമുക്കു് അറിയാം—വിപുലമാക്കുകയാണെങ്കിൽ, അതു് ഡെമോക്രസിയെയോ ഡെമോക്രസിയിൽ ജനതയ്ക്കു് ഉണ്ടാകണമെന്നു് ഭരണാധികാരികൾ ആവശ്യപ്പെടുന്ന വിശ്വാസത്തെയോ വളത്താൻ ഉതകുകയില്ല എന്നു് ഞങ്ങൾക്കുള്ള അഭിപ്രായം ഞാൻ ഇവിടെ ഊന്നി പ്രസ്താവിച്ചുകൊള്ളട്ടെ. ഈ കാരണങ്ങൾ ഒരു നിസ്സാരകാര്യമാണെന്നു് പറഞ്ഞു തള്ളിക്കളയരുതെന്നപേക്ഷിച്ചുകൊണ്ടു് ഞാൻ ഈ ഭേദഗതിയെ എതിക്കുന്നു.

ശ്രീ. ജോസഫ് വാഴപ്പിള്ളി: സർ, ഈ ഭേദഗതിയാൽ പറഞ്ഞിരിക്കുന്നതായിട്ടുള്ള കാര്യങ്ങൾ ഗണിതശാസ്ത്രതത്വാടിസ്ഥാനത്തിൽക്കൂടിയാണു്. ഇതനുസരിച്ചു് നിലവിലുള്ള ഇന്നത്തെ ഭരണഘടനപ്രകാരം കുറഞ്ഞതു് ഒരു പ്രതിനിധിക്കു് അഞ്ചുലക്ഷം ജനങ്ങളെ പ്രതിനിധീകരിക്കാനുള്ള അവകാശം ഉണ്ടു്. കൂടിയാൽ ഏഴരലക്ഷംവരെയും ആകാം.. ഈയൊരു വ്യവസ്ഥകൊണ്ടുതന്നെ പാർലമെൻറിലെ അംഗങ്ങൾ ഒരു നിശ്ചിത സംഖ്യയിൽ കൂടുകയില്ലെന്നും, മറെറാരു നിശ്ചിതസംഖ്യയിൽ കുറയുകയില്ലെന്നും വ്യക്തമാകുന്നുണ്ടു്. നിലവിലിരിക്കുന്ന ഭരണഘടന ൮൧ (എ) ഉപവകുപ്പനുസരിച്ചു് മെംബറന്മാരുടെ കൂടിയ എണ്ണം ൫൦൦

ആക്കിയതുകൊണ്ട് ഇനിയും അതിൽ കൂടാൻ നിവൃത്തിയില്ലെന്നുകാണുന്നു. അതുപോലെതന്നെ കൂടുതൽ ഏഴരലക്ഷം ജനങ്ങൾക്ക് ഒരു പ്രതിനിധി യെന്നു ഒരു സ്റ്റാൻഡേർഡ് ക്ലിപ്തപ്പെടുത്തിയിരിക്കുകയും ചെയ്യുന്നു. പൊതുവെ പറയുന്നപക്ഷം ഒരു ക്ലിപ്തമായ എണ്ണമാണ് പ്രതിനിധികളെ സംബന്ധിച്ചിടത്തോളം അംഗീകരിച്ചിരിക്കുന്നതു്. എന്നാൽ നിയമമന്ത്രി ഇവിടെ കൊണ്ടുവന്നിരിക്കുന്നതായ ഭേദഗതി നാം സ്വീകരിക്കുന്നപക്ഷം പാർലമെൻറിൻെറ അംഗസംഖ്യ എത്രവേണമെങ്കിലും കുറയ്ക്കാൻ സാധിക്കും. അങ്ങനെ കുറയ്ക്കുന്നതിനു യാതൊരു നിയമതടസ്സവും ഈ പ്രമേയം പാസ്സാകുന്നപക്ഷം ഉണ്ടാകുമെന്നു വിചാരിക്കാൻ ന്യായമില്ല. തിരുവിതാംകൂർ—കൊച്ചിയിൽ ൻ൦ ലക്ഷം ജനങ്ങളുണ്ടെന്നു വിചാരിക്കുന്ന പക്ഷം ഈ ഭേദഗതി പാസ്സാകുന്നതുമൂലം പതിനെട്ടിൽകൂടുതൽ പ്രതിനിധികൾക്ക് പ്രാതിനിധ്യം വഹിക്കാൻ സാധിക്കുകയില്ലെന്നുള്ളതാകുന്നു. കുറഞ്ഞതു് എത്രവേണമെങ്കിലും കുറയ്ക്കാം. കുറഞ്ഞതു് ഒരെണ്ണം വേണമെങ്കിലും ആകാം. അതുപോലെതന്നെ ജനസംഖ്യ തോതനുസരിച്ച് ഓരോ പത്തുപത്തുകൊല്ലം കഴിയുമ്പോൾ പ്രതിനിധികളുടെ എണ്ണം ക്ലിപ്തപ്പെടുത്തണമെങ്കിൽ ഭരണഘടന വ്യ ൮ (എ) ഉപവകുപ്പിൽ ഒരു ഭേദഗതി വരുത്തിയേതീരൂ. അതായതു് പാർലമെൻറ് സ്ഥാനാർത്ഥികൾ ഇത്രയിൽ കൂടാൻ പാടില്ല എന്നു പറയാതെ ഇത്രയിൽ കുറയാൻ പാടില്ല എന്നു വേണം പറയാൻ. എന്നാൽ മാത്രമെ അതുകൊണ്ട് ഉദ്ദേശിക്കുന്ന ഫലം സിദ്ധിക്കുകയുള്ളൂ. അതുപോലെ ബി ഉപവകുപ്പിൽ കുറഞ്ഞതു് അഞ്ചു ലക്ഷം ജനങ്ങളെ പ്രതിനിധീകരിക്കാൻ സാധിച്ചാൽ അതോടുകൂടിത്തന്നെ എ ഉപവകുപ്പിലും ക്ലിപ്തമായി എത്ര ലക്ഷം ജനങ്ങളെ പ്രതിനിധീകരിക്കേണ്ടതാണെന്നു കാണിച്ച് ഒരു ചെറിയ ഭേദഗതികൂടെ കൊണ്ടുവരണമെന്നു ഇൻഡ്യാഗവമെൻറിനെ അറിയിക്കണമെന്നുള്ളതാണ് എനിക്ക് ഈ സഭയെ ഉൽബോധിപ്പിക്കാനുള്ളതു്. ഞാൻ പ്രമേയത്തെ എതിർക്കുന്നു.

ശ്രീ. പി. ഗോവിന്ദപ്പിള്ള: സർ, ഇൻഡ്യൻ ഭരണഘടന വ്യ ൮൧-ാം വകുപ്പിനെ സംബന്ധിക്കുന്ന ഈ ഭേദഗതി ഞാൻ എതിർക്കുന്നു. ഈ ഭേദഗതിയുടെ ആവശ്യംതന്നെയില്ലായിരുന്നു. ഇതു് ഇവിടെ പാസ്സാക്കാൻ കൊണ്ടുവന്നിരിക്കുന്നതു് ഒരു ടെക്കനിക്കൽ ഒബ്ജക്ഷൻ ഉണ്ടായിട്ടുള്ളതുകൊണ്ടാണ്. അതു് അത്ര കാര്യമായിട്ടു എടുക്കാനില്ല. എൻെറ അഭിപ്രായത്തിൽ ഒരു ഭരണഘടന നിയമമായിത്തീർന്നാൽ ചെറിയ അഡ്ജസ്റ്റ്മെൻറിനുവേണ്ടിമാത്രം അതിൽ ഒരു ഭേദഗതിയും വരുത്താൻ പാടില്ലാത്തതാണ്. അങ്ങിനെ വരുത്തുന്നതു് ഭരണഘടനയെ മാത്രമല്ല ഭരണത്തെത്തന്നെയും കുഴക്കിമറിക്കുന്ന ഒരു ഏർപ്പാടാണ്. നിലവിലിരിക്കുന്ന ഭരണഘടന നടപ്പിൽവന്നിട്ടു മൂന്നുകൊല്ലം തികയുന്നതിനുമുൻപു ഭരണഘടനയെ സാരമായി സ്പർശിക്കുന്ന രണ്ടു ഭേദഗതികൾ കാൺഗ്രസ്സ് പാർട്ടി അതിൽ കൊണ്ടുവന്നു ചേർക്കുന്നതു അത്ര ഉചിതമല്ല. രണ്ടുകൊല്ലം മുമ്പ് ഭരണഘടനയുടെ പ്രധാനാംശമായ മൌലികാവകാശങ്ങൾ അനുവദിക്കുന്ന ൧൯-ാം വകുപ്പ് കാൺഗ്രസ്സ് പാർട്ടിയുടെ ഉത്സാഹത്തിൽ ഭേദഗതിചെയ്യപ്പെട്ടു. ഇന്നു കൊണ്ടുവന്നിരിക്കുന്ന ഭേദഗതി അന്നത്തെപ്പോലത്ര ജനാധിപത്യവിരുദ്ധവും അപകടകരവുമാണെന്നു ഞാൻ കരുതുന്നില്ല. എന്നാലും ഇന്നത്തെ പരിതസ്ഥിതിവച്ചു നോക്കുമ്പോൾ ഈ

[ശ്രീ. പി. ഗോവിന്ദപ്പിള്ള]

രണ്ടാം ഭേദഗതി അനാവശ്യമാണെന്നു മാത്രമല്ല, ചെറിയ അഡ്ജസ്റ്റ്മെന്റിനുവേണ്ടിമാത്രം ഭരണഘടനയെമാററി മറിക്കുകയെന്ന അനാരോഗ്യകരമായ വഴക്കം സൃഷ്ടിക്കുന്നതുമാണ്, എന്താണ്, ഈ ഭേദഗതി അനുവദിച്ചില്ലെങ്കിൽ വരാൻപോകുന്ന വിപത്ത്? അടുത്ത തിരഞ്ഞെടുപ്പു കഴിഞ്ഞ് പിന്നിടാകുമ്പോഴേക്കും പത്തു പതിനഞ്ചു പാർലമെന്റമെംബറന്മാർ കൂടുതൽ കാണും. അതിനടുത്ത തവണ കുറെക്കൂടി അതുകൊണ്ട്? പാർലമെന്റ പ്രതിനിധികൾ ൫൦൦-ന് പകരം ൭൦൦ ആയാൽ തന്നെയും അതുകൊണ്ടു പറയത്തക്ക അപാകതയൊന്നും വരാനില്ല. എല്ലാവരും പാർലമെന്റിൽ ഒരേസമയത്ത് സംസാരിക്കണമെന്നില്ല. പല കമ്മിററികളും കമ്മിഷനുകൾ മുഖാന്തരവും മററും എല്ലാവർക്കും നടപടികളിൽ പലവിധത്തിൽ പങ്കെടുക്കാം. ശരിയായ ഒരു വാദപ്രതിവാദക്രമം വച്ച് നടപടികൾ സഭയിൽ നിയന്ത്രിക്കുന്നതിന് സാധിക്കും.

ശ്രീ. കെ. കരുണാകരൻ : അപ്പർ ഹൗസിൽ ഈ കാര്യത്തെപ്പററി വാദപ്രതിവാദം തുടങ്ങിപ്പോൾ കമ്മ്യൂണിസ്റ്റുകാർ ഇറങ്ങിപ്പോയതായി അറിയാമോ?

ശ്രീ പി. ഗോവിന്ദപ്പിള്ള : പാർലമെന്റിൽ നിരവധിതവണ കൂക്കുവിളിച്ചും കയ്യടിച്ചും സഭ്യേതരമായി പെരുമാറിയതും കാൺഗ്രസ്സ് പാർട്ടിയായിരുന്നു എന്നുള്ളതു പാർലമെന്ററി നടപടി പരിശോധിച്ചാൽ മനസ്സിലാക്കാം. അതിന് ഞാൻ എന്റെ മാന്യസ്നേഹിതനെ ക്ഷണിക്കുന്നു. കെട്ടിടത്തിനു സൗകര്യമില്ല, ഉള്ളവർക്കെല്ലാവർക്കും സംസാരിക്കാനുള്ള സൗകര്യമില്ല എന്നൊക്കെ പറഞ്ഞു പ്രതിനിധികളെ കുറയ്ക്കാൻ തുടങ്ങുന്നതു ശരിയല്ല. ബാലിശമായ ആവക വാദത്തിനു പ്രസക്തിയുമില്ല. അതുകൊണ്ടു ഈ ഭേദഗതിയെ എതിർത്തുകൊണ്ടുള്ള ഒരു ഭേദഗതി ഇവിടെനിന്നും പാസാക്കി ഇൻഡ്യാഗവൺമെന്റിൽ അയയ്ക്കണമെന്നാണ് എന്റെ അപേക്ഷ. ബഹുമാനപ്പെട്ട അവതാരകനോടുകൂടെ ഈ സഭ ഇന്നലെ ഐകകണ്ഠ്യേന കേന്ദ്രത്തിനെതിരായി ഒരു പ്രമേയം പാസ്സാക്കിയതുപോലെ ഉറച്ചുനില്ക്കുമെന്നു പ്രതീക്ഷിക്കുന്നു.

3 P. M.]

ശ്രീമതി കെ. ആർ. ഗൗരി : ഇൻഡ്യൻ ഭരണഘടന വ്യ ൮൧ (എ) അനുസരിച്ച് പാർലമെന്റിൽ ൫൦൦-ൽ കൂടുതൽ പ്രതിനിധികൾ ഉണ്ടാകാൻ പാടില്ലെന്നുള്ളതു ശരിയാക്കുന്നതിനുവേണ്ടിയാണ് ഈ ഭേദഗതികൊണ്ടു ഉദ്ദേശിക്കുന്നതു്. ഈ ഭേദഗതി വരുന്നതിനുമുൻപുള്ള Section ഇതാണ്.

> "For the purpose of sub-clause (a) the States shall be divided, grouped or formed into territorial constituencies and the number of members to be allotted to each such constituency shall be so determined as to ensure that there shall be not less than one member for every 7,50,000 of the population and not more than one member for every 5,00,000 of the population," ഭേദഗതിയിൽ "omit not less than" one member for every 7,50,000 of the population എന്നാണ്.

ശ്രീമതി കെ. ആർ. ഗൗരി: ഇതിൽ മെമ്പറന്മാരുടെ എണ്ണം ൫൦൦ തന്നെ ആയിരിക്കണമെന്നു കാൺസ്റ്റിറ്റ്യൂഷൻ ഉണ്ടാക്കിയപ്പോൾ ഉദ്ദേശിച്ചിരുന്നുവെങ്കിൽ തീർച്ചയായും സെക്ഷൻ ൮൧ (ബി) ഉണ്ടാകുകയില്ലായിരുന്നു. അതുകൊണ്ട് അന്നത്തെ ഇൻറൻഷൻ കുറഞ്ഞതു ൫,൦൦,൦൦൦ പോപ്പുലേഷനും, കൂടിയാൽ ൭,൫൦,൦൦൦ പോപ്പുലേഷനും ഒരു പ്രതിനിധിവേണമെന്നാണ്. ഈ ഉദ്ദേശം ഉള്ളിൽവച്ചുകൊണ്ടുതന്നെയാണ് ആദ്യം പാർലമെൻറിൽ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. ൫൦൦ മെമ്പറന്മാർ മാത്രമേ ഉണ്ടാകാവൂ എന്നു അന്നു നിർബ്ബന്ധമില്ലായിരുന്നു. പാർലമെൻറിലെ ഇൻറൻഷനു എതിരായി വരത്തക്ക സാഹചര്യം ഇന്നു ഉളവായിട്ടില്ല. അതുകൊണ്ടു ഈ ഭേദഗതി ഇന്നാവശ്യമില്ല.

രണ്ടാമതായി ൫ ലക്ഷം മിനിമം പോപ്പുലേഷനു ഒരു പ്രതിനിധിയെങ്കിലും വേണമെന്നല്ലാതെ മാക്സിമം പോപ്പുലേഷൻ എത്ര വേണമെന്നു തീരുമാനിച്ചിട്ടില്ല. അപ്പോൾ ഈ പുതിയ ഭേദഗതിപ്രകാരം നിയോജകമണ്ഡലം ഇഷ്ടംപോലെ വിഭജിക്കുവാനുള്ള അവകാശം ഗവണ്മെൻറിനു വിട്ടുകൊടുക്കുകയാണ്. ൫ ലക്ഷത്തിൽ കുറയാൻ പാടില്ലെന്ന നിബന്ധന മാത്രമേയുള്ളു. അതേ സമയം ൨൦ ലക്ഷമോ, ൫൦ ലക്ഷമോ ഉള്ള നിയോജകമണ്ഡലമുണ്ടാക്കുവാൻ ഗവണ്മെൻറിനു അധികാരം കൊടുക്കുകയാണ്. സെക്ഷൻ ൮൧, സബ്ക്ലാസ്സ് (സി) പ്രകാരം തിരുവിതാംകൂർ-കൊച്ചിക്കു ഇത്ര മെമ്പറന്മാർ വേണമെന്നു തീരുമാനിക്കാം. പക്ഷെ ഇത്ര ജനസംഖ്യയ്ക്കു ഒരു മെമ്പർ വേണമെന്നു വാദിക്കുവാൻ നിവൃത്തിയില്ല.

മൂന്നാമതായി നിയോജകമണ്ഡലം ക്രമാതീതമായി വലുതാകയാണെങ്കിൽ മെമ്പറിനു നിയോജകമണ്ഡലവുമായി ബന്ധം പുലർത്തുവാൻ അസാദ്ധ്യമാണ്. നമ്മുടെ രാജ്യം കാർഷികരാജ്യമാണ്. ഈ നാട്ടിലെ ഉൽപ്പന്നങ്ങൾക്കു വില കുറഞ്ഞുവരികയാണ്. ഈ കാര്യത്തിൽ വിദേശമാർക്കറ്റിനെ ആശ്രയിക്കേണ്ട സ്ഥിതി ഉളവായിരിക്കുകയാണ്. ജനങ്ങളുടെ അഭീഷ്ടമനുസരിച്ചു വേണ്ടവിധം ഏതേതുരാജ്യവുമായി കച്ചവടബന്ധത്തിൽ ഏർപ്പെടണമെന്നും, നാട്ടിൽ പൊതുവേയുള്ള സ്ഥിതി എന്താണെന്നും പാർലമെൻറിൽ അറിയിക്കേണ്ട ചുമതല ഓരോ മെമ്പറിനുമുണ്ട്. കാൺസ്റ്റിറ്റ്യൂഷൻപ്രകാരം അധികാരവികേന്ദ്രീകരണമല്ല, അധികാരകേന്ദ്രീകരണമാണ് കേന്ദ്രത്തിനുള്ളതു്. അപ്പോൾ ഓരോ പാർലമെൻറു മെമ്പറിനും ഉള്ള ചുമതല കൂടുതലാകയാണു ചെയ്യുന്നതു്. ഇപ്പോൾത്തന്നെ നിയോജകമണ്ഡലങ്ങൾ വലുതായിപ്പോയെന്നും എല്ലാ സ്ഥലത്തും പാർലമെൻറു മെമ്പറന്മാർക്കു എത്താൻ സാധിക്കുന്നില്ലെന്നും പരാതികളുണ്ട്.

മെമ്പർഷിപ്പു കുറച്ചു് ചെലവു ചുരുക്കുവാനാണെങ്കിൽ കൗൺസിൽ ആഫ് സ്റ്റേറ്റ്സ് ആണു നിറുത്തലാക്കേണ്ടതു്. അതു നിറുത്തി ഇന്നത്തെ ജനപ്രതിനിധി സഭയുടെ എണ്ണം ചുരുക്കിക്കരുതു്. കെട്ടിടത്തിന്റെ കുറവു പഞ്ചവത്സരപദ്ധതിയിൽ പരിഹരിച്ചുകൂടെ? ഒരു പഞ്ചവത്സരപദ്ധതി കഴിയുമ്പോൾ ഒരു പാർലമെൻറു കെട്ടിടമെങ്കിലും നമുക്കുണ്ടാക്കുവാൻ സാധിക്കുമെന്നു വിശ്വസിക്കാം. ഈ ഭേദഗതിയെ ഞാൻ എതിർക്കുന്നു.

ശ്രീ. എ. കുഞ്ഞൻ നാടാർ: ആർട്ടിക്കിൾ ൮൧ എ–ൽ ഏഴര ലക്ഷത്തിനു് ഒരു പ്രതിനിധിയെന്നു നിശ്ചയിച്ചിട്ടുള്ളതു് ഒരു തത്വത്തെ അടിസ്ഥാനപ്പെടുത്തിയാണു്. ഇത്ര നിയോജകമണ്ഡലം നമുക്കു് വേണമെന്നു് തീരുമാനിച്ചിട്ടുള്ളതു് ആ തത്വത്തിന്റെ അടിസ്ഥാനത്തിലാണു്. എക്സിക്യൂട്ടീവിനു് അധികാരം കൊടുക്കുന്നതു് ഡെമോക്രസിക്കു് വിപരീതമാണെന്നുള്ള അഭിപ്രായമാണുള്ളതു്. കോൺസ്റ്റിററ്യുവൻസിയുടെ വ്യാപ്തി നിശ്ചയിക്കുന്നതു് എക്സിക്യൂട്ടീവു് ആണു്.

ശ്രീ. ഈ. പി. വർഗ്ഗീസ്: എക്സിക്യൂട്ടീവു് ആണോ സീററുകളുടെ എണ്ണം നിശ്ചയിക്കുന്നതു്.

ശ്രീ. എ. കുഞ്ഞൻ നാടാർ: ഞാൻ പറഞ്ഞതു് സീററുകളുടെ എണ്ണമല്ല. കോൺസ്റ്റിററ്യുവൻസിയുടെ വ്യാപ്തിയാണു്. ഏഴരലക്ഷത്തിനു് ഒരു മെംബർ എങ്കിലും വേണമെന്നുള്ളതു് ഒരു നിയോജകമണ്ഡലത്തിനുള്ള വ്യാപ്തി ക്ലിപ്തപ്പെടുത്തണം എന്നുള്ള നിശ്ചയത്തിലാണു്. ഈ അമെൻഡ്മെൻറ് സ്വീകരിച്ചാൽ അഞ്ചുലക്ഷത്തിനു് ഒരു മെംബർ എന്നാകും.

ശ്രീ. ഈ. പി. വർഗ്ഗീസ്: ആർട്ടിക്കിൾ അനുസരിച്ചു് ഉള്ള എണ്ണം വ്യത്യാസപ്പെടുത്തുവാൻ പാടില്ല എന്നുണ്ടോ?

ശ്രീ. എ. കുഞ്ഞൻ നാടാർ: ആർട്ടിക്കിൾ ൧൭൦ അനുസരിച്ചു് ൫൦൦ വരെ ആകാം എന്നു നിശ്ചയിച്ചിരിക്കുകയാണു്. അതു് കെട്ടിടത്തിന്റെ സൗകര്യത്തെയോ മറേറാ നോക്കിയല്ല നിശ്ചയിച്ചിട്ടുള്ളതു്. ഇതിലും കൂടുതൽ മെംബർമാർ ഉള്ള രാജ്യങ്ങൾ വേറെ ഉണ്ടു്. മദ്രാസിലും മററു സ്റ്റേററുകളിലും നിന്നു് വരുന്ന പല മെംബർമാരുമായി സമ്പർക്കം പുലർത്തുന്നതിനു് നമുക്കു് ഇപ്പോഴുള്ള നിയോജകമണ്ഡലങ്ങൾ വളരെ അത്യാവശ്യമാണു്. ഞാൻ ഈ ഭേദഗതിയെ എതിർക്കുകയും ഇതിനൊരു മാക്സിമം ഉണ്ടായിരിക്കണമെന്നു് അഭിപ്രായപ്പെടുകയും ചെയ്യുന്നു.

Shri A. Thanu Pillai: Sir, this is really a very important matter that we are discussing and it should not appear that without giving adequate consideration to the proposal this House took the decision one way or the other. Many points that may be urged for and against the proposal have already been urged here. Sir, the position seems to be more or less clear. Now, what is it that is sought to be amended? The amendment seeks to bring in a provision for deleting that part of clause (1) (b) of Ariticle 81 which makes it compulsory that for a particular number of persons there should be at least one Member in the House of the people. Of course, the figure given in the Constitution is 7,50,000 persons. Now, as was pointed out by the hon. Minister, in the Bill as originally presented to Parliament, that figure 7,50,000 was sought to be replaced by 8,50,000. Will there be some guarantee that the number of Members in the Parliament will not go beyond a particular limit? Somehow, the Select Committee made an alteration to that provi-

sion, and deleted part (b) of clause (1) of Article 81 altogether and merely provided that there shall be no member unless the area has a population of 5 lakhs. Now, Sir, we have to consider whether we should be party in allowing this salutary provision. The Constituent Assembly decided that there should be a guarantee that there would be at least one Member for 7,50,000 of the population in the Parliament. Now we are going to do away with it. What is it that justifies the deletion of that provision altogether if it is not for the mere administrative convenience of some sort? So also, as far as I am able to gather from the report of the proceedings of the parliament relating to this Bill, certain facts are clear just at present. That is to say, until another census is taken there is really no necessity to alter the existing provision. It has been stated that there is provision not only for making adequate provision for representation of part C States and other miscellaneous States, but there is complete possibility also to deal with representation in accordance with the existing provision in the Constitution. All that was urged on behalf of the mover of the Bill in Parliament was that according to this figure 7,50,000 there would be some change in a few States. The number of Members will have to be reduced in a few States and in a few other States the number of Members will have to be increased, so much so that the total result will not make it necessary to make any change in the existing provision. Then, Sir, the only argument that was urged in Parliament in connection with this was that there might be some difficulty in delimiting some constituencies and the delimitation of constituencies in a few States will have to be changed. Where is the difficulty? I ask? That will come in the delimitation law. In a few States the boundaries of some constituencies may have to be changed. Merely in view of that difficulty is there any justification for changing this salutary provision in this Constituion? All this has been made out in the debate in Parliament in connection with this. That is one of the practical aspects of the matter. There is provision in Article 81 (3) "upon the completion of each census, the representation of the several territorial constituencies in the House of the people shall be readjusted by such authority, in such manner and with effect from such date as Parliament may by law determine". There is a delimitation Bill there and under the provision of the Bill necessary changes in regard to the representation may be fully complied with. I am unable to see why this change should be effected in the present juncture. Apart from that the aspects of principle involved in this has been pointed out by Mr. P. S. Nataraja Pillai. I do not think we should give up this right that we now enjoy in regard to the representation of people in the parliament. Mr.

[Shri A. Thaun Pillai]

Varghese in reply to my question said that parliament is not likely to do anything on this matter. Of course, we do not expect anything. But a provision in the Constitution is something quite apart from what the parliament may or may not do. Even though we do not agree, the Parliament will certainly be able to enact a law. Parliament will be able to enact a provision that the members in the Parliament may be anything less than 500 or 400 or even 300. Not that they may do it. There is the possibility. There is no point in saying that Parliament will not do anything. Do we want to have a voice in the fixation of members of representatives so far as Parliament is concerned? To me it seems that this amendment cannot be approved. If they have fixed a limit to the number of persons in a local assembly we could have agreed to that. I do not know why the Select Committee deleted this provision entirely. The original number was 8,50,000 or even less. As things now stand there is no necessity to change this. I am therefore definitely of the view that we should not agree to this amendment. That does not mean that this amendment will not be carried through. About half the number of States should be aggrieved of this. We are one of them. But that does not mean that we should make ourselves party to an amendment of this kind. I am glad that the motion has been brought forward to be discussed here. Anyway, if we people do not agree to this amendment the hon. Minister will bring forward another motion to this effect. If the majortiy of the members are of that view it may be accepted without opposition. Of course, in matters of this kind some opposition can very well be expected. I am glad that the motion sought to be brought forward has been placed before this House for discussion.

ശ്രീ. സി. അച്യുതമേനോൻ: സർ, ഭരണഘടനയിൽ ൮൧-ാം വകുപ്പിന് ഇപ്രകാരം ഒരു ഭേദഗതി വരുത്തണമോ വേണ്ടയോ എന്ന പ്രശ്നത്തെ സംബന്ധിച്ച് ഈ സഭയിലുള്ള ഭൂരിപക്ഷം അംഗങ്ങളുടേയും അഭിപ്രായം എന്താണെന്നു അറിയുന്നതിന് ബഹുമാനപ്പെട്ട നിയമമന്ത്രി തുനിഞ്ഞതിൽ എനിക്കു വളരെ സന്തോഷമുണ്ടെന്നുള്ള കാര്യം ആദ്യമായി ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു. ഭരണഘടനയെ സംബന്ധിച്ച് എന്തെങ്കിലും മാററം വരുത്തുന്നതായാൽ അതു് ഈ സഭയിലെ എല്ലാ പാർട്ടികളുടേയും എല്ലാ അംഗങ്ങളുടേയും അഭിപ്രായം ആരാഞ്ഞിട്ടേ ചെയ്യുകയുള്ളു എന്നുള്ള ഒരു നല്ല വഴക്കം സൃഷ്ടിക്കുന്ന ഒരു കാര്യമായതുകൊണ്ടാണ് ഞാൻ അദ്ദേഹത്തെ അതിൽ അഭിനന്ദിക്കുന്നതു്. അതുകൊണ്ടു് ഓരോ പാർട്ടിയിലുംപെട്ട അംഗങ്ങളുടെ വ്യക്തിഗതമായ അഭിപ്രായത്തിനെ ഇവിടെ വ്യക്തമായി പരിഗണിക്കേണ്ടതു് ആവശ്യമാണെന്നു ഞാൻകരുതുന്നു. ഈ ഭേദഗതി നാം റാററിഫൈ ചെയ്യുവാൻ പാടില്ല എന്നാണ് എന്റെ അഭിപ്രായം. പല മെംബറന്മാരും ഇവിടെ ചൂണ്ടിക്കാണിക്കു

യുണ്ടായി, ഈ പുതിയ സെൻസസ് എടുത്തതിനുശേഷവും വാസ്തവത്തിൽ ഇങ്ങനെ ഒരു ഭേദഗതി കൊണ്ടുവരേണ്ട ആവശ്യം അതിൽനിന്നും തെളിഞ്ഞിട്ടില്ല എന്ന്. പുതിയ സെൻസസ്സ് പ്രകാരംതന്നെയുള്ള ജനസംഖ്യ ൩൬ കോടിയിൽപരമാണ്. ഒരു നിയോജകമണ്ഡലത്തിലെ ജനസംഖ്യ ൧,൫൦,൦൦൦ വീതം കണക്കാക്കിയാൽപോലും ൫൦൦ മെംബർമാരുള്ള ഒരു പാർലിമെന്റാണ് നമുക്ക് ഉണ്ടാകേണ്ടതെങ്കിൽ ൭൫ കോടി വരെയും ജനസംഖ്യയാകുന്നതിനു വിരോധമില്ല. ഈ കണക്കുനോക്കുകയാണെങ്കിൽ ഇങ്ങനെയുള്ള ഒരു ഭേദഗതി ഉണ്ടായാലെ കാര്യങ്ങൾ ശരിക്കു നടക്കുകയുള്ളു എന്നുള്ള ഒരു നില വന്നുകഴിഞ്ഞിട്ടില്ലെന്നാണ് എനിക്കു തോന്നുന്നത്. ശ്രീമാൻ ഇ. പി. വർഗ്ഗീസ് അതിന് എതിരായി ചില കാര്യങ്ങൾ ഇവിടെ ചൂണ്ടിക്കാണിച്ചു. അതായത് പാർട്ട് സി സ്റ്റേറ്റുകൾക്കു നൽകേണ്ട വെയിറേറജ് മുതലായ കാര്യങ്ങൾ എടുക്കുന്ന അവസരത്തിൽ വാസ്തവത്തിൽ ഇന്നത്തെ പാർലമെന്റിലെ അംഗസംഖ്യ ചിലപ്പോൾ ൫൦൦-ൽ കൂടിപ്പോകേണ്ടിവരും. ആ നില മാററുവാൻ ഈ ഭേദഗതി ആവശ്യമാണെന്നാണ് അദ്ദേഹം പറഞ്ഞതു്. അദ്ദേഹംതന്നെ ചൂണ്ടിക്കാണിച്ചു, പാർലമെന്ററി കാൺസ്റ്റിററ്യുവൻസികളുടെ ഡീലിമിറേറഷൻ കാര്യം അവസാനമായി തീരുമാനിച്ചതിനുശേഷമേ ഈ വക കാര്യങ്ങളെപ്പററി ആലോചിക്കുവാൻ നിവൃത്തിയുള്ളു എന്നു്. അങ്ങനെയുള്ള സന്ദർഭം വരികയില്ലെന്നാണ് എനിക്കു തോന്നുന്നതു്. അതുകൂടാതെതന്നെ പാർലമെന്ററി നിയോജകമണ്ഡലത്തിന്റെ വിഭജനത്തിൽ ആവശ്യമായ ഭേദഗതി വരുത്തുകയാണെങ്കിൽ ൫൦൦-ൽ കവിയാത്ത വിധത്തിലുള്ള ഒരു ഡീലിമിറേറഷൻ നടത്തുവാൻ സാധിക്കും. ഒരു പക്ഷെ ൫൦൦-ൽ അധികം മെംബറന്മാർ പാർലമെന്റിൽ വന്നുപോയി എന്നിരുന്നാൽതന്നെയും അതും വലിയ അപകടമുള്ള സംഗതിയല്ലെന്ന് ബഹുമാനപ്പെട്ട പല മെംബറന്മാരും ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. വാസ്തവത്തിൽ പാർലമെന്റിൽ വളരെയധികം അംഗസംഖ്യ അഭിലഷണീയമാണെന്ന് ഞാൻ വിചാരിക്കുന്നില്ല. പത്തുരണ്ടായിരം ആളുകളുള്ള ഒരു പാർലമെന്റ വേണമെന്നല്ല ഞാൻ പറയുന്നതു്. അങ്ങനെ ഭാവിയിൽ അത്ര വലിയ അംഗങ്ങൾ വരുന്ന ഒരു പാർലമെന്റ ഉണ്ടാകുവാൻ വഴിയില്ല. ൫൦൦ എന്നുള്ളതു് ൬൦൦ ആയി, അല്ലെങ്കിൽ ൭൦൦ ആയി വർദ്ധിക്കുന്നതുകൊണ്ട് ഇന്നത്തെ പാർലിമെന്റിന്റെ സ്വഭാവത്തിൽ മൗലികമായ ഒരു വ്യത്യാസവും വരുവാൻ പോകുന്നില്ല. ൫൦൦ അംഗങ്ങളുള്ള ഒരു പാർലമെന്റിന്റെ സ്ഥാനത്തു് ൫൨൫ മെംബറന്മാരുടെ ഒരു പാർലമെന്റ ഉണ്ടായി എന്നു വയ്ക്കുക. അതുകൊണ്ട് പാർലമെന്റിലെ വാദപ്രതിവാദം സംബന്ധിച്ചോ മററു നടപടികളെ സംബന്ധിച്ചോ മൗലികമായ യാതൊരു വ്യത്യാസവും വരുകയില്ല. പാർലമെന്റിൽ കൂടുതൽ മെംബറന്മാരുണ്ടാകുന്നതിനുള്ള ഒരു ഭേദഗതി അല്ലേ അവതരിപ്പിക്കേണ്ടിയിരുന്നതു് എന്നാണ് എനിക്കു ചോദിക്കാനുള്ളതു്. ഇന്ന് ഈ ഭേദഗതി വളരെ അത്യാവശ്യമായിട്ടുള്ള ഒരു ഭേദഗതിയാണെന്നു തെളിയിക്കുവാനായിട്ട് പാർലമെന്റിൽ ഈ ബിൽ അവതരിപ്പിച്ചുകൊണ്ട് പ്രസംഗിച്ച ബഹുമാനപ്പെട്ട ബിശ്വാസിനാടകട്ടെ അദ്ദേഹത്തെ പിൻതാങ്ങി പ്രസംഗിച്ച മററു മെംബറന്മാർക്കാകട്ടെ സാധിച്ചിട്ടില്ലെന്നാണ് എന്റെ അഭിപ്രായം. അതിലും വിശേഷിച്ച് അവർ പറഞ്ഞ അതിപ്രധാനമായ ഒരു കാര്യം ശരിയാണെന്ന് എനിക്ക് അശേ

[ശ്രീ. സി. അച്യുതമേനോൻ]

ഷവും ബോദ്ധ്യമായിട്ടില്ല. അതായത്തു് പുതിയതായി സെൻസസ്സ് എടുക്കുന്ന ഓരോ അവസരത്തിലും പാർലമെൻറിലേയ്ക്കുള്ള പ്രാതിനിദ്ധ്യത്തെ സംബന്ധിച്ചുള്ള വ്യവസ്ഥകൾക്ക് യുക്തമായ ഒരു അമൻറമെൻറ വേണ്ടിവരുമെന്നും, അങ്ങനെ പത്തു കൊല്ലം കൂടുമ്പോൾ ഭരണഘടനയിൽ ഭേദഗതി വരുത്തുന്നതു് ശരിയല്ലെന്നും, അതു് ഒഴിവാക്കുവാനാണ് ഇപ്രകാരമുള്ള ഒരു ബിൽ അവതരിപ്പിക്കുന്നതു് എന്നുമാണ് അവർ പ്രസ്താവിച്ചതു്. വാസ്തവത്തിൽ അതു് അഭിലഷണീയമാണെന്നു എനിക്കു തോന്നുന്നില്ല. പത്തുപത്തു കൊല്ലം കൂടുമ്പോൾ ഭരണഘടനയിൽ ഭേദഗതി വരുത്തണമോ വേണ്ടയോ എന്നു ആലോചിക്കുവാനുള്ള ഒരു അവസരം പാർലമെൻറിനു മാത്രമല്ല എല്ലാ സ്റ്റേറ്റുകൾക്കും കൊടുക്കുന്നതു് നല്ലതാണെന്നാണ് എൻെറ അഭിപ്രായം. ഇക്കാര്യത്തെപ്പററി ബഹുമാനപ്പെട്ട തിരുവനന്തപുരം മെമ്പർ ചൂണ്ടിക്കാണിച്ച അഭിപ്രായത്തോടു് ഞാൻ പരിപൂർണ്ണമായി യോജിക്കുന്നു. ഇന്നു് പാർലമെൻറ പാസ്സാക്കിയിട്ടുള്ള ഈ ഭേദഗതിയെ നാം അനുകൂലിക്കുകയാണെങ്കിൽ ഇനി വരുവാൻപോകുന്നതായ ഓരോ പാർലമെൻറിലേയ്ക്കും തെരഞ്ഞെടുപ്പു നടത്തുന്നതിനുള്ള ഡീലിമിറ്റേഷന് പാർലമെൻറിൽ ഒരു ബിൽ പാസാക്കിയാൽ മതിയാകുന്നതാണ്. അതു സ്റ്റേറ്റുകളോടു ചോദിക്കേണ്ട ആവശ്യമില്ല. ആ ബിൽ സ്റ്റേറ്റുകളിൽനിന്നു് റാററിഫൈ ചെയ്യിക്കേണ്ട ആവശ്യമില്ല. അതു് സ്റ്റേറ്റുകളിലെ ജനങ്ങൾക്കുള്ള ഒരു അവകാശം നഷ്ടപ്പെടുത്തുകയാണ് ചെയ്യുന്നതു്. നേരെമറിച്ചു് ഇന്നത്തെ വ്യവസ്ഥ നിലനിൽക്കുകയാണെങ്കിൽ ആ അവകാശം നമുക്കു ഉണ്ടായിരിക്കുന്നതാണ്. ഈവക പ്രശ്നങ്ങൾ പത്തുപത്തുകൊല്ലം കൂടുമ്പോൾ നമ്മുടെ നിയമസഭയിൽ ആലോചനയ്ക്കു വരുന്നതു് നല്ല ഒരു കാര്യമാണ്. ആ അവസരത്തിൽ അന്നത്തെ ജനസംഖ്യയും പാർലമെൻററി നിയോജകമണ്ഡലത്തിൻെറ നിലയും അനുസരിച്ചു് ആവശ്യമായ തരത്തിൽ നിയോജകമണ്ഡലവിഭജനത്തിനു് തക്കതായ ഒരു ഭേദഗതി വരുത്തുകയാണ് വേണ്ടതു്. അതുകൊണ്ടു ഭരണഘടനാഭേദഗതി വരുത്തുന്ന ഈ ബിൽ അനുകൂലിക്കുവാൻ പാടില്ലെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ പ്രമേയം ഇവിടെ അവതരിപ്പിച്ച സന്ദർഭത്തിൽ കാൺസ്റ്റിററ്യൂഷൻ അമൻറമെൻറ ബില്ലിനെ സംബന്ധിച്ചു എൻെറ സ്വന്തനിലയിലുള്ള അഭിപ്രായങ്ങൾ പ്രകടിപ്പിച്ചില്ല. ഈ ബിൽ സ്വീകരിക്കുന്നതു്, ബഹുമാനപ്പെട്ട തൃശ്ശൂർ മെമ്പർ ശ്രീ. സി. അച്യുതമേനോൻ, കൊടുങ്ങല്ലൂർ മെമ്പർ ശ്രീ. ഗോപാലകൃഷ്ണമേനോൻ, തിരുവനന്തപുരം മെമ്പറന്മാരായ ശ്രീ. നടരാജപിള്ള, ശ്രീ. താണുപിള്ള മുതലായവർ ഇവിടെ പ്രസ്താവിച്ച കാരണങ്ങളാൽ ശരിയല്ല എന്നാണ് എൻെറയും അഭിപ്രായം. പാർലമെൻററി റപ്രസൻേറഷൻ കാര്യങ്ങളിൽ ചില വസ്തുതകൾ നമുക്കു നോക്കാം.

ഈ സഭയിലെ അംഗങ്ങളുടെ ശ്രദ്ധയെ ഈ ബില്ലിൻെറ സ്റ്റേറ്റുമെൻറ ഓഫ് ഒബ്ജക്റ്റ്സ് എന്ന ഭാഗത്തിലേയ്ക്കു് ക്ഷണിച്ചുകൊള്ളുന്നു. ഇതു ആദ്യം കൊണ്ടുവന്ന ബില്ലാണ്. ഇതിൽ പറഞ്ഞിരിക്കുന്നതു ഇങ്ങനെയാണ്.

"...It is accordingly necessary to reduce the representation from one member for every 7. 2 lakhs of population to one member for every 7.5 lakhs of population as per 1951 census. As pointed out above, this figure 7.5 lakhs is the maximum permissible under article 81 (1) (b) as it now stands; but even so, if the average population of a Parliamentary constituency in any State is to be 7,50,000, it is obvious that the population of a certain number of constituencies will exceed that figure. It is necessary, therefore, that article 81 (1) (b) should be amended relaxing the limit prescribed in that article so as to avoid a constitutional irregularity in delimiting the constituencies for the purpose of re-adjustment of representation in the House of the people as required under article 81 (3) of the Constitution."

അതായതു് ഏഴരലക്ഷം ജനങ്ങൾക്കു് ഒരു പ്രതിനിധിയെന്ന നിലയാണു ഇപ്പോഴും ഉള്ളതു്. അപൂർവ്വം ചില ഘട്ടങ്ങളിൽ ഈ ഏഴരലക്ഷത്തിൽ അല്പം കൂടുതൽ വന്നേക്കാമെന്നുള്ളതുകൊണ്ടു അതു മാററാനായിട്ടു മാത്രം ഇതിൽ ചേർക്കണമെന്നായിരുന്നു ശ്രീ. ബിശ്വാസ് ഈ ബിൽ അവതരിപ്പിച്ച അവസരത്തിൽ പറഞ്ഞിട്ടുള്ളതു്. അതിൽ ഇറെഗുലാരിററി വരാതിരിക്കുവാൻ വേണ്ടി ഒരു വ്യവസ്ഥ ചെയ്തിട്ടുണ്ടു്. പിന്നീടു് സെലക്ററു കമ്മററി സാരമായി ഭേദഗതി ചെയ്തു. അതനുസരിച്ചു ഈ ഏഴര ലക്ഷം എന്നുള്ള അപ്പർ ലിമിററു ഇല്ലായായി. നാം ഇപ്പോൾ സ്വീകരിക്കേണ്ടതു ആർട്ടിക്കിൾ ൮൧ (ബി)യിലുള്ള വ്യവസ്ഥ എടുത്തുകളയണോ വേണ്ടയോ എന്നുള്ള ഭേദഗതിയാണു്. അതു ശരിയല്ലെന്നും അതിനെ അനുകൂലിക്കുന്നില്ലെന്നുമാണു് സഭയുടെ അഭിപ്രായമെന്നു ഞാൻ മനസ്സിലാക്കുന്നു. അഞ്ഞൂറു് ആളുകളിൽ കൂടുതൽ പാർലമെൻറിൽ വരാൻ പാടില്ല, അതു ഒഴിവാക്കണം, അതിനു വേണ്ട വ്യവസ്ഥയാണു് ൮൧-ാം വകുപ്പിലുള്ളതു്.

മറെറാന്നു ഏഴരലക്ഷം അഞ്ചുലക്ഷമായാലും കൂടുതൽ മെംബർമാർ പാടില്ല, കുറെ കഴിഞ്ഞാൽ ൮൧ (എ) അല്ലെങ്കിൽ (ബി) വകുപ്പുകൾ അമെൻറു ചെയ്യേണ്ടിവരും എന്നുള്ളതാണു്. അന്നു ഇതു രണ്ടും കൂടാതെ കഴിയുമെന്നാണു് സെലക്ററ കമ്മിററി റിപ്പോർട്ടിൽ നിന്നും കാണുന്നതു്. വരാൻപോകുന്ന തിരഞ്ഞെടുപ്പിനാണു ഈ ഭേദഗതി ആവശ്യമുള്ളതെന്നും, അതു കഴിഞ്ഞു അഞ്ചുകൊല്ലത്തിനുശേഷം വരുന്ന തെരഞ്ഞെടുപ്പു നടത്തുന്ന ഗവണ്മെൻറുകൾക്കു തന്നെ വ്യത്യാസം വരുമെന്നും അതിനുവേണ്ടി ഈ ഭേദഗതി ഇപ്പോൾ തന്നെ ചെയ്യണമെന്നുമാണു് സെലക്ററുകമ്മിററി റിപ്പോർട്ടു ചെയ്തിട്ടുള്ളതു്.

പിന്നെ ഈ വക കാര്യങ്ങളെപ്പററി ആർക്കും പല അഭിപ്രായങ്ങൾ പറയാവുന്നതാണു്. ൫൦൦ പേരിൽ കൂടുതൽ വരുന്നതു ശരിയാണോ എന്നു ഒരു മെംബർ ചോദിച്ചു. ൫൨൫ ആകരുതോ എന്നു മറെറാരു മെംബർ ചോദിച്ചു. ഇതിനെപ്പററി കൂടുതലായി ഓരോ അഭിപ്രായങ്ങൾ പറയാമെന്നല്ലാതെ ശാശ്വതമായ ഒരു തീരുമാനം ചെയ്യാൻ സാദ്ധ്യമല്ല.

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

ബ്രിട്ടനിൽ കൂടുതൽ മെംബറന്മാരുണ്ടെന്നു പറഞ്ഞു. അവിടെ ഒരു നിയമസഭ മാത്രമേയുള്ളു. ഇൻഡ്യയിലാണെങ്കിൽ പല നിയമസഭകളുണ്ടു്, പല സംസ്ഥാന നിയമസഭകളുണ്ടു്. ഈ വക കാര്യങ്ങളെക്കുറിച്ചു് നാം തർക്കിക്കേണ്ട കാര്യമില്ല. പാർലമെന്റിൽ ഈ ബിൽ കൊണ്ടുവന്നപ്പോൾ ഈ സംഗതികൾ ഒന്നുംതന്നെ കൊണ്ടുവന്നിട്ടില്ല. മാവേലിക്കര മെംബർ നേരംപോക്കായി സ്ഥലസൗകര്യത്തെ സംബന്ധിച്ചു് സംസാരിച്ചതിനെ ചില മെംബറന്മാർ നിശിതമായി വിമർശിക്കുകയുണ്ടായി. അതിന്റെ ആവശ്യം ഉണ്ടായിരുന്നില്ല. ഇപ്പോഴും ൫൦൦ ആളുകൾക്കു് സൗകര്യമായി ഇരിക്കുവാനുള്ള സ്ഥലസൗകര്യം പാർലമെന്റിൽ ഇല്ല. വെറും നേരമ്പോക്കായിട്ടായിരുന്നു അദ്ദേഹം അതു പറഞ്ഞതു്.

൮൧-ാം വകുപ്പിൽ പറയുന്നതനുസരിച്ചു് അഞ്ചു ലക്ഷത്തിനും ഏഴര ലക്ഷത്തിനും ഇടയ്ക്കുള്ള ജനസംഖ്യയുടെ പ്രാതിനിധ്യം ഓരോ അംഗത്തിനും ഉണ്ടായിരിക്കണം. ഏഴര ലക്ഷമെന്ന അപ്പർ ലിമിററു എടുത്തുകളയണമെന്ന അഭിപ്രായത്തോടു നമുക്കു യോജിക്കാൻ നിവൃത്തിയില്ലെന്നാണു സഭയുടെ അഭിപ്രായം. അതുകൊണ്ടു ഈ അമൻറ്മെൻറു ബില്ലിനെപ്പററി ഈ സഭയിലുള്ള ഭൂരിപക്ഷം മെംബറന്മാരുടേയും ആററിററ്യൂഡ് എന്താണെന്നറിഞ്ഞതിനുശേഷം ഒരു പ്രമേയമായി ഇതിനെ ഇവിടെ അവതരിപ്പിക്കാൻ അനുവാദം തന്നാൽ കൊള്ളാം.

Mr. Speaker: Is it necessary? There is already a motion before the House. It is to the effect that the matter may be discussed by the House. After discussion the matter has to be put to vote. The question is whether this House ratifies the Constitution (Second Amendment Bill) as passed by Parliament.

Shri Panampilli Govinda Menon: There is no difficulty if the point is as declared by the Speaker. The only question is whether we do ratify the Bill or not.

Shri P. S. Nataraja Pillai: We may refer to the wording of the Article in the Constitution.

Mr. Speaker: I stated what the motion that has been discussed is. It is a debatable motion and it has been debated. After that, it is the duty of the Speaker to ascertain the view of the House on that motion. According to the Article regarding the amendment of the Constitution we have to see whether this House ratifies the Amendment Bill or not. There is no difficulty at all in the matter.

Shri P. S. Nataraja Pillai: The wording is "The amendment shall also require to be ratified by the Legislatures of not less than one-half of the States specified in parts A and B of the first Schedule by resolutions" mark the word 'resolutions' to that effect passed by those legislatures before the Bill making provision for such amendment is presented to the president for assent."

Mr. Speaker: The word 'resolution" means the motion before the House. The question is whether this House ratifies the Constitution (second Amendment Bill) 1952 as passed by Parliament.

The motion was put and lost, all Members voting against.

Mr. Speaker: This House does not ratify the Constitution (second Amendment) Bill 1952.

Motion under Standing Order 34 *re* Holding (stay of Execution Proceedings) Act (Amendment) Bill.

Minister for Finance and Civil Supplies **(Shri Panampilli Govinda Menon)**: I move that the time for presentation of the Report of the Select Committee on the Holdings (Stay of Execution Proceedings) Act (Amendment) Bill be extended up to the 10th March 1953.

Shri T. M. Varghese: I second it.

The motion was adopted.

The Municipal (Temporary Provisions)Bill

Minister for Local Self-Government **(Shri K. Kochukuttan)**: Sir, I move that the time for the presentation of the report of the Select Committee on the Municipal (Temporary Provisions) Bill be extended up to the 10th March 1953.

Shri Kalathil Velayudhan Nair: I second it.

Shri E. P. Varghese: Sir, where is the necessity for such a motion when the report of the Select committee is already in our hands?

Shri K. Kochukuttan: But it ought to have been presented before 2nd March. That was not done and so the extension of time is asked for. This is only formal.

The motion was adopted.

Adjournment motion *re* cutting off Supply of Electricity in Alwaye

Chief Minister **(Shri A. J. John)**: I now move that the House may take up the adjournment motion for discussion though the time is now only 3. 45 P. M.

Shri T. M. Varghese: I second it.

The motion was adopted.

Shri M. M. Abdul Khader: Sir, I move that the Assembly do now adjourn to discuss a definite matter of urgent public importance, namely, the cutting off electric connections to all industrial establishments at Alwaye given after 1949.

[Shri M. M. Abdul Khader]

Due to shortage of electric current supply, electric supplies to a number of small scale and medium industrial establishments in alwaye & elsewhere have been disconnected. Now, those who are involved by this disconnection are, besides the labourers, the medium and small-scale producers. The concerns affected are small oil mills, saw mills and small flour mills. These amploy, among them a good number of labourers.

The obvious reason given for this disconnection is that there has been, and continues to be a shortage of electric current, but this, I submit, is no real excuse. This is merely attempting to evade the issue. And it is here that we point the accusing finger at the successive Congress Governments. This is not a new phenomenon; this shortage of electric current has deen there for years now. And during all these years some cuts used to be effected in the supply, but never before were such total disconnections made. Therefore, while this problem of shortage of current was there all these years, it is regrettable that this Government or its predecessors in office did not do anything to ameliorate the situation. I do not think Sir, that even the Five Year Plan contains anything to mitigate this evil, anything to augment the supply of current, so far as Alwaye is concerned. Alwaye, as everybody knows, is industrially the most important centre in this State, consuming the largest amount of electric power.

Shri O. C. Ninan: Will the hon. Member be able to give the number of flour and saw mills that have been closed down on account of this cut?

Shri M. M. Abdul Khader: I am not able to give the exact number. All the same .the industries that are affected are the medium mills.

Now, there is also the problem of unemployment as a result of the forced closure of these small industrial concerns. That is a matter very difficult to tackle. Here we have to take into consideration the small industrialists who are not in a position to pay any sort of unemployment wages; In fact, they themselves depend on their small concerns to eke out their livelihood.

While I say that this Government has not been taking any effective measures up till now to augment the supply of electricity, when this problem was before it for years now, there have been scandals about the Government doing just the contrary. There were generators from which current could have been generated; there was one such at Ernakulam, but it was sold away, remember, at a time, when there was this besetting problem of electric shortage facing us.

At this hour when cut is being effected in the supply of electric current to these small concerns, the Government should at least consider the feasibility of effecting, in the place of these total cuts, economy of current by resorting to some sort of percentage cuts. The excuse that this has been due to the shortage of rainfall, etc, are not things which we should take at their face value, because this is not a new problem at all. Such excuses must be viewed as being made to evade the issue.

Even at this late stage, it is possible for this Government to resort to certain methods of economising current by effecting small cuts in the supply to bigger concerns owned by the Europeans and others who can afford to pay full unemployment wages to the labour, thus conserving energy and effecting only partial cuts to these factories.

Shri Kalathil Velayudhan Nair : Which are the European concerns where these cuts could be effected without disturbance?

Shri M. M. Abdul Khader : I can suggest, provided, of course, the Government would see that full unemployment wages would be paid to the labour, and provided, of course, that labour would not be retrenched or harmed, as a result of these cuts, the Government may effect a small cut, in the Aluminium Factory, Alwaye or F. A. C. T.

Now I have come to understand that this is not a problem confined to Alwaye and its neighbourhood. It appears that there have been similar cuts in Irinjalakuda, and other places. Therefore, my submission is that this Government have been languishing all this time in the matter of remedying this problem. But I hope, at least at this juncture, they will try to remedy the situation, and not force the small concerns, to close down their factories completely, which would turn out into the streets not only the labour but even the middle class industrialists.

Shri Kalathil Velayudhan Nair : Which are the small industrialists to which the Member refers ?

Shri M. M. Abdul Khader : The oil mills, the flour mills, the saw mills and others.

Shri K. Balakrishna Menon : I am supporting the motion and in doing so, I would like to make one or two observations, firstly in regard to the policy of Government and secondly as to what the Government should do in the present context. This scarcity of water is not anything new. We have it this year ; we had it last year and I suppose year before last too. Therefore this difficulty

[Shri K. Balakrishna Menon]

relating to scarcity of water could have sufficiently enlightened the Government to revise its policy in regard to the extension of electric lines. That is to say where the Government knew that it may not be possible to supply current to further extensions, without detriment to those persons who already employ electric current, they should have refused to extend further lines.

The other point which I desire to bring to the notice of Government at the present juncture is that even now it is possible to increase the supply. There are stations, for example in Trichur, which could be made to produce more. The men are there, the materials are there, the only need is that the machines have to be renewed, so that you can have a saving also, which could be expended for other purposes. Therefore I suggest to Government to revise is policy. It is not possible for us to graise the water level. But the thermal stations which are already there may be worked to higher capacity. With these observations, I support the motion.

<u>ஸ்ரீ. கெ. சட்டநாத கரயாளர்:</u> ஸர், நான் இந்த அவசரப் பிரேரணையை ஆதரித்துக் கொண்டு சில வார்த்தைகள் கூற ஆசைப்படுகிறேன். இதை இங்கே விவாதிப்பதற்கு ஒரு அவசியமுமில்லை என்று சர்க்கார் கட்சியிலிருந்து கூறலாம். ஏனெனில் இது தெய்வச் செயலாக ஏற்படும் ஒரு விஷயம் என்று அவர்கள் சொன்னார்கள். தெய்வச் செயலாக இருக்குமானால் இதைப்பற்றி இங்கே விவாதிப்பதற்கு அவசியமில்லை. ஆனால் இது தெய்வச் செயல் அல்ல என்ற காரணத்தினால் மட்டுமே இதைப்பற்றி விவாதிக்க நான் முன் வந்திருக்கிறேன். முன்னால் செய்தது பின்னால் விளையும் என்று சொல்வதைப் போல், இன்று இருக்கக்கூடிய சர்க்காரும் இதற்கு முன்பு ஆட்சியில் இருந்த சர்க்காரும் கையாண்ட கொள்கைகளின் பயன் தான் இது என்பதைச் சுட்டிக்காட்ட வேண்டுமென்ற நோக்கத்துடன் நான் சில வார்த்தைகள் சொல்ல விரும்புகிறேன். இன்று ஆயிரக்கணக்கான தொழிலாளர்களும், அவர்களது குடும்பங்களும் தெருவில் நிற்கும்படியான நிலை வந்திருக்கின்றது. இந்த சமஸ்தானத்தின் பல பகுதிகளில் பல தொழிற்சாலைகள் மூடப்பட்டிருக்கின்றன என்று எனக்கு முன் பேசிய நண்பர்கள் குறிப்பிட்டார்கள். குறிப்பாக எனக்குத் தெரிந்த அளவில் செங்கோட்டையில் பாலராமவர்மா டெக்ஸ்டையில்ஸ் மில் கழிந்த பல நாட்களாக வேலை செய்யாததால் அங்குள்ள தொழிலாளர்களும் அவர்களது குடும்பங்களும் சுமார் 2500, 3000 பேர்மகள் இன்று பட்டினியை எதிர்நோக்கி இருக்கிறார்கள். விலைவாசியோ ஒரு புறம் உயர்ந்து கொண்டே போகிறது; மறு புறம் வேலையில்லாத் திண்டாட்டம் அதிகரித்துக் கொண்டிருக்கிறது. மில் முதலாளிகள் லட்சக் கணக்கில் ரூபாய் லாபம் அடித்து இருப்பது ஒரு புறமிருக்க, மற்றொரு புறம் அந்த தொழிலையே சதம் என்று நம்பி தங்களது குடும்பங்களை ஓரிடமிருந்து பெயர்த்து வந்து இங்கு தாமதித்து வரும் ஆயிரக்கணக்கான தொழிலாளி மக்கள், வாழ்வதற்கு வழி எப்படி என்று தெரியாமல் தத்தளித்துத் தவிக்கிறார்கள். உழைக்க சித்தமாக இருக்கும் இவர்கள் இன்று தெருவில் இறங்கி பணம் பிரித்து நிவாரணம், அதாவது relief measures தேடுவது என்றால், அது எவ்வளவு தூரம் இந்த தேச மக்களை கேவலமானதொரு நிலைக்குக் கொண்டு வந்து விட்டு விட்டதென்பதை நாம் சிந்திக்க வேண்டும். மந்திரி அவர்கள் சொன்னார்கள், ''இந்த மாதிரிப்பட்ட ஒரு நிலைமை ஏற்பட்டதற்கு நாங்கள் என்ன செய்வது? இதைப் பற்றி தெய்வத்தினிடம் கூறுவதா? அல்லது வேறு எங்காவது முறையிடுவதா? அப்படி ஏதாவது செய்ய முடியுமானால் நாங்கள் அதைச் செய்ய தயாராய் இருக்கிறோம்'' என்று; நான் கூறப்

4 p. m.

போகும் தவறுகள் ஒரு வேளை இந்த மந்திரி அவர்கள் செய்யாததாய் இருக்க லாம். ஆனால் நான் கூறப்போகும் விஷயத்தை மாத்திரம் அவர்கள் சிறிது சிந்திக்கும்படி கேட்டுக்கொள்கிறேன். செங்கோட்டை எலக்டிரிக் கார்ப்ப ரேஷன், ஒரு தனிப்பட்ட நபர் நடத்தக்கூடிய ஸ்தாபனமாகும். அதா வது அது, ஒரு ப்ரைவட் ஏஜென்ஸியால் நடத்தப்படும் ஸ்தாபனமாகும். இந்த ஸ்தாபனம் இரண்டு மூன்று வருடங்களுக்கு முன்பு Hydro Electric system கரண்டு வேண்டுமென்று கேட்டார்கள். வேண்டிய மெஷின் களை இன்ஸ்டால் செய்து கரண்டு விநியோகம் செய்து கொண்டிருந்தார் கள். இந்த அரசாங்கத்தின் சிபார்சின் மேல் சென்னை அரசாங்கத்தினிட மிருந்து கிடைக்கக்கூடிய கரண்டில் பகுதியை செங்கோட்டை எலக்ட்ரிக் கார்ப்பரேஷனுக்கு கொடுத்தார்கள். நாலு பைசாவுக்கு வாங்கி ஐந்து அணாவுக்கு விநியோகிக்கக் கூடிய சந்தர்ப்பமும் அவர்களுக்கு கிடைத்தது. அந்த ப்ரைவட் ஏஜன்ஸிக்கு எந்தக் காரணத்தை முன்னிட்டும் கரண்டு கொடுத்திருக்க வேண்டிய அவசியமே இருந்திருக்காது. ஆனால் ஒரு தனிப் பட்ட நபருக்கு லாபம் கிடைக்க வேண்டும் என்ற ஒரே நோக்கத்துடன் தான் கரண்டு கொடுக்கப்பட்டது. அதே போல் இந்த பாலராமவர்மா மில்லுக்கும் கரண்டு கொடுக்க கூடாது என்று அரசாங்கத்தின் ஒரு பாகத் திலிருந்து எதிர்ப்பு வந்த போதிலும் வேறொரு பாகத்திலிருந்து இதற்கும் கரண்டு கொடுக்க வேண்டும் என்று வற்புறுத்தியதின் காரணமாக இதற்கு கரண்டு கொடுத்தார்கள். ஹார்வி மில்ஸ் போன்ற மில்களைப் போல், தனிப்பட இயந்திரங்கள் வைத்து இந்த மில்லிலும் நடத்தியிருப்பார் களேயானால் இன்று இந்த நிலைமை ஏற்பட்டிருக்க முடியாது என்று சுட்டிக் காட்ட நான் விரும்புகிறேன். அது தான், நான் கூறினேன், முன்பு நாம் செய்த வினை இன்று இப்படி முடிந்தது என்று. அன்று அந்த தனிப்பட்ட மில்லுக்கோ கார்ப்பரேஷனுக்கோ மின்சாரம் கொடுத்தபோது, அரசாங் கத்தினிடம் கரண்டு மிஞ்சிப் போய் என்ன செய்வது என்று தெரியாமல் இருக்கவில்லை. அன்று கிராமங்களுக்கு மின்சாரம் சப்ளை செய்வதற்கு பல தொகுதிகளிலிருந்தும் பலரும் அவசியப்பட்டனர். ஆனால் அவர்க ளுக்குக் கொடுக்காமல் தனிப்பட்ட வியாபாரிகளுக்கும், முதலாளிகளுக்குமே சலுகைகள் காட்டினார்கள். இதே மாதிரி வேறு பல திருஷ்டாந்தங்களும் இருக்கின்றன. நாகர்கோவிலில் எலக்ட்ரிசிட்டி கார்ப்பரேஷனைப் பொறுத்த மட்டில், இரண்டு வருடங்களுக்கு முன்பு அங்கு ஒரு வேலை நிறுத்தம் நடந்தது. அது உங்கள் எல்லோருக்கும் ஞாபகமிருக்கலாம். அச்சமயம் முழு மின்சாரமும் சலுகை விலைக்கு அந்த கார்ப்பரேஷனுக்குக் கொடுக்கப்பட்டது. அதனால் வேலை நிறுத்தம் தோல்வியடைந்தது. அ தன் பயனாக இன்றும் கூட அத்தொழிலாளிகள் தெருவில் நிறுத்தப்பட்டுள் ளார்கள். இதற்கு காரணம் இவ்வரசாங்கத்தினிடம் அம்முதலாளிக்கு உள்ள செல்வாக்கு அல்லது Influence-யே ஆகும். இதே மாதிரி பல பல திருஷ்டாந்தங்களை எடுத்துக் காட்ட முடியும். எனக்கு முன் பேசிய நண்பர் அவர்கள் சொன்னது போல் பல ரைஸ்மில்களுக்கும், சாமில்களுக் கும் கரண்டு கொடுக்கப்பட்டது. அதுவும், தங்களுக்கு வேண்டியவர் களுக்குத் தான் கொடுக்கப்பட்டது. இதே மாதிரிப்பட்ட கொள்கைகளை இவ்வரசாங்கம் கையாளுவதினால் தான் இன்று இந்த நிலைமை இந்த தேசத் தில் ஏற்பட்டிருக்கிறது என்று நான் சுட்டிக்காட்ட ஆசைப்படுகிறேன். ஆனால் இன்றுள்ள நிலைமையில் நாம் இனி என்ன செய்வது என்பதைப்பற்றி ஒரு முடிவுக்கு வரவேண்டியது அவசியமாகும். இம்மாதிரி மில்களில் வேலையில்லாமல் இருக்கக் கூடிய தொழிலாளர்களுக்கு இச்சர்க்கார், வேண் டிய உதவிகள் செய்து கொடுப்பதற்கு வேண்டிய நடவடிக்கைகள் எடுக்க வேண்டும். பல லக்ஷக்கணக்கில் ஆதாயம் கிடைத்திருக்கும் இம்முதலா ளிகள் இந்த தொழிலாளிகளுக்கு பகுதி சம்பளமாவது கொடுத்தேயாக வேண்டும். வேறு வேலை கிடைக்காமல் இதையே நம்பிக் கொண்டிருக்கக் கூடிய நிலையில் இத் தொழிலாளிகள் எப்படி வாழமுடியும் என்று கேட்க நான் விரும்புகிறேன். அங்ஙனம் அவர்களுக்கு நிவாரணம் கொடுக்க முடியாவிட்டால் இந்தச் சர்க்கார் செய்யவேண்டியது என்னவெனில், பல இடங்களிலும் Beggar Relief Centres இருப்பது போல் இந்த இடங்களிலும் அதே மாதிரி (Centre) நிவாரண விடுதி வைத்து நடத்த ஏற்பாடுகள் செய்ய வேண்டும். நான் இவ்விதம் கூறும்போது மந்திரி அவர்கள் கூற

[ஸ்ரீ. கெ. சட்டநாத கரயாளர்]

லாம், முதலாளிகள் இதற்குச் சம்மதிக்க மாட்டார்கள், என்று, நான் சொல்லுகிறேன் இதற்கு சம்மதிக்கமாட்டார்கள் என்றால் பணிய வைக்க வேண்டும் என்று. கழிந்த வருடத்தில் அவர்களுக்கு எவ்வளவு லாபம் கிடைத்தது? எவ்வளவு இன்கம்டேக்ஸ் கொடுத்திருக்கிறார்கள்? என்று பார்த்து இத்தொழிலாளிகளுக்கு வேண்டிய நிவாரணங்கள் அளிக்க இச் சர்க்கார் முதலாளிகளை நிர்பந்தப்படுத்த முன் வரவேண்டும். யாதொரு வேலையும் இல்லாமல் வேறு ஒரு வருமானமும் இல்லாமல் ஒருவன் எப்படி வாழ முடியும்? செங்கோட்டையில் அரிசி விலை சாக்கு ஒன்றிற்கு 60-தும் 70-தும் ரூபா யிருக்கிறது. இந்த நிலையில், இத்தொழிலாளர்கள் எங்ஙனம் வாழ்க்கை நடத்துவார்கள் என்று நான் இந்த சர்க்காரிடம் கேட்க ஆசைப்படுகிறேன்.

இன்று இந்த தேசத்தில் மழை இல்லை. அது தெய்வச் செயல் என்று சொல்லி நமது பொறுப்பிலிருந்து தப்ப முடியாது. அப்படி சொன்னால், முதலாளிகள் மாத்திரம் பெருவாரியாக லாபம் அடைந்து பணத்தை குவிப்பதும் தெய்வச் செயலா என்று நினைத்து தொழிலாளிகள் தெய்வத்தின் மீதுள்ள நம்பிக்கையை இழக்கும் மாபெரும் குற்றத்திற்கு தெய்வ நம்பிக்கையுள்ள நீங்கள் ஆளாகாதீர்கள், என்று இந்த சர்க்காரிடம் சுட்டிக் காட்டிக் கொண்டும், உடனடியாக அத்தொழிலாளிகளுக்கு வேண்டிய நிவாரணம் கொடுக்க வேண்டுமென்று சொல்லிக் கொண்டும் இந்த பிரேரணையை நான் ஆதரிக்கிறேன்.

(Mr. Deputy Speaker in the Chair)

ശ്രീ. കെ. കരുണാകരൻ: ഈ അടിയന്തിരപ്രമേയത്തെ എതിർക്കുന്നതോടൊപ്പം ചില കാര്യങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാനാഗ്രഹിക്കുന്നു. കറന്റ് ഇല്ലെന്നപ്രശ്നത്തിന്റെ പേരിൽ ഇന്നു നിരവധി തൊഴിലാളികൾ തൊഴിലില്ലാതെ നട്ടം തിരിയുകയാണ്. അങ്ങിനെ തൊഴിലില്ലാതെ നട്ടം തിരിയുന്ന തൊഴിലാളികൾക്ക് ജീവിക്കുവാൻ ആവശ്യമായ തൊഴിലില്ലായ്മ വേതനം നൽകുന്നതിനു ആവശ്യമായ സത്വരനടപടികൾ നടത്തണമെന്ന് ഈ ഗവൺമെന്റിനെ ഉൽബോധിപ്പിക്കാൻ വേണ്ടിയാണ് ഞാൻ സംസാരിക്കുന്നത്.

ഗവൺമെന്റ് കുറെക്കൂടി ശ്രദ്ധിച്ചിരുന്നു എങ്കിൽ പല ഭാഗങ്ങളിലും കറന്റു വിതരണം ചെയ്യുവാനും ഈ ദുർഘടസന്ധി നേരിടുവാനും സാധിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. ഈ രാജ്യത്ത് ആവശ്യമായ കറന്റ് വിതരണം ചെയ്യാൻ സാധിക്കുമെന്നു പലപ്പോഴും പ്രസ്താവിക്കാറുണ്ടെങ്കിലും ചില സന്ദർഭങ്ങളിൽ അനുഭവം മറിച്ചാണ് നമുക്കു കാണാൻ സാധിക്കുന്നത്. ഈ സന്ദർഭത്തിൽ ഈ ഗവൺമെന്റിന്റെ പദ്ധതികളിൽ പ്രധാനമായിട്ടുള്ള പെരിങ്ങൽകുത്തു പദ്ധതി അതിന്റെ പ്രവർത്തനം തന്നെ മന്ദീഭവിപ്പിക്കുകയാണ് കുറച്ചുകൂടെ അതു മരവിപ്പിക്കതന്നെ ചെയ്തിട്ടുണ്ടെന്നു ഞാൻ പ്രസ്താവിച്ചുകൊള്ളട്ടെ. പെരിങ്ങൽകുത്തു പദ്ധതി പൂർത്തിയായിരുന്നെങ്കിൽ ഇന്നുണ്ടായിരിക്കുന്ന ഈ കറന്റു പ്രശ്നത്തിനു കുറെയെങ്കിലും പരിഹാരം കണ്ടെത്താൻ സാധിക്കുമായിരുന്നു. അതു ചെയ്യാതിരുന്നതു നിർഭാഗ്യകരമായിപ്പോയി. തൃശ്ശിവപേരൂർ ഉള്ള ഷണ്മുഖം പൗവ്വർ ഹൗസ് ശരിയായി പ്രവർത്തനം നടത്തിയിരുന്നുവെങ്കിൽ തൃശ്ശിവപേരൂരും പരിസരങ്ങളിലും കറന്റു വിതരണം ചെയ്യാൻ സാധിക്കുന്നതാണ്. അതുപോലെ സീതാറാംമിൽസിൽ നിന്നും കറന്റ് എടുത്ത് വിതരണം ചെയ്യുന്നതിനു സാധിക്കുന്നതാണ്. അങ്ങനെ

എവിടെയെല്ലാം സ്വകാര്യഉടമകൾ കറൻറ സപ്ലൈചെയ്യാൻ കഴിവുള്ളവരുണ്ടോ അങ്ങനെയുള്ള സ്ഥലങ്ങളിൽ നിന്നെല്ലാം കറൻറ് വിതരണം ചെയ്യുന്നതിന ആത്മാർത്ഥമായി പരിശ്രമം ചെയ്യണമെന്ന് ഞാൻ അറിയിച്ചുകൊള്ളുന്നു. സാധാരണയായി വിളവുണക്കുണ്ടായാൽ ചില ജന്മിമാരുടെ അറകളിൽ കിടക്കുന്ന നെല്ല് എടുത്തു വിതരണം നടത്തുന്നതിന ഗവണ്മെൻറ മുതിരുന്നുണ്ട്. അതുപോലെ, ഇതൊരസാധാരണഘട്ടം എന്ന നിലയിൽ നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ട് കറൻറ ഉൽപാദിപ്പിക്കുന്ന സ്വകാര്യഉടമകളിൽ നിന്നും കിട്ടാവുന്ന കറൻറ് എടുത്തു വിതരണം ചെയ്യാൻ സാധിക്കുന്നിടത്തെല്ലാം അപ്രകാരം ചെയ്യണമെന്നു ഞാൻ ഗവണ്മെൻറിനോടഭ്യർത്ഥിക്കുന്നു.

അതുപോലെ തന്നെ വിളവുണക്കുണ്ടാകുമ്പോൾ നികുതി ഇളവ് ചെയ്തുകൊടുക്കുന്നതിനും അതു വഴി പാട്ടം വിട്ടുകൊടുക്കുന്നതിനും അനുകൂലിക്കുന്ന ഗവണ്മെൻറ് അതുപോലെ പ്രാധാന്യമുള്ള സംഗതിയായ തൊഴിലില്ലായ്മ പ്രശ്നത്തിന് ഒരു പരിഹാരം കണ്ടെത്തേണ്ടതാണ്. കറൻറ് ഇല്ലാത്തതുമൂലം തൊഴിലില്ലായ്മ വേതനം കൊടുപ്പിക്കേണ്ടതുമാവശ്യമാണ്. എന്നാൽ മുതലാളിവിഭാഗത്തിൽപ്പെട്ടവർ അതിനനുകൂലികളല്ലായിരിക്കാം. ഒരു പക്ഷെ ഇന്നു വ്യവസായസ്ഥാപനങ്ങൾ നഷ്ടത്തിലാണു പ്രവർത്തിക്കുന്നതെന്നു പറഞ്ഞു നിഷേധിച്ചേക്കാം. പക്ഷെ അവരുടെ കണക്കുകൾ പരിശോധിക്കുന്ന പക്ഷം ഈ വ്യവസായങ്ങൾക്കു നഷ്ടമില്ലെന്നു കണ്ടെത്താൻ സാധിക്കുന്നതാണ്. അവരുടെ ബാലൻസ്ഷീററു വച്ചു ശരിയായ കണക്കുകൾ പരിശോധിക്കുന്ന പക്ഷം അവർ നഷ്ടത്തിലല്ല വ്യവസായം നടത്തുന്നതെന്നു കാണാം. ഇന്ന് കറൻറിൻെറ കുറവുമൂലം ഏററവും അധികം തൊഴിലില്ലായ്മ സാരമായി ബാധിച്ചിരിക്കുന്നതു ചെറിയ ചെറിയ വ്യവസായികളെ സംബന്ധിച്ചാണെന്നു ശ്രീമാൻ അബ്ദുൾഖാദർ പറയുകയുണ്ടായി. വലിയ വ്യവസായങ്ങളെയും ബാധിച്ചിട്ടുണ്ട്. എനിക്കു ഇന്നലെ ചില കമ്പികൾ കിട്ടീട്ടുള്ളതിൽ വനജ ടെക്സ്റ്റയിൽസ്, മഹാലക്ഷ്മി ടെക്സ്റ്റയിൽസ് പല ഓട്ടുകമ്പനികൾ ഇവയെല്ലാം പൂട്ടിക്കിടക്കുകയാണെന്നു പറഞ്ഞിരിക്കുന്നു. അങ്ങനെയുള്ള പൂട്ടിക്കിടക്കൽകൊണ്ട് നിരവധി തൊഴിലാളികൾ തൊഴിലില്ലായ്മയിൽ എത്തിയിരിക്കുകയാണ്. അതിനൊരു പരിഹാരം ഉടനടി ഉണ്ടാക്കേണ്ടതാണ്.

മഴപെയ്യിക്കുവാൻ യാതൊരു ഗവണ്മെൻറ വിചാരിച്ചാലും സാധിക്കുന്നതല്ല, അതിന ഗവണ്മെൻറിനെ കുററപ്പെടുത്തുകയല്ല ചെയ്യുന്നതു്. മഴപെയ്യാത്തതിന പ്രതിവിധിയായി മദ്രാസിൽ ശ്രീ. രാജഗോപാലാചാരി പറഞ്ഞതുപോലെ ഈശ്വരനോടു പ്രാർത്ഥിക്കുക മാത്രമെ നിവൃത്തിയുള്ളു.

അതുപോലെ ഉദ്യോഗസ്ഥന്മാരുടെ അലസത കുറെയെല്ലാം കുഴപ്പങ്ങൾക്ക് കാരണമായിട്ടുണ്ട്. ഇല്ലെന്നു ബഹു: മന്ത്രി പറഞ്ഞാൽ ഉണ്ടെന്നു ഞാൻ പറയുന്നു. തൊഴിലില്ലായ്മവേതനം നൽകാൻ വേണ്ടി ഈ സഭയിൽ തന്നെ ഒരു ബില്ല് കൊണ്ടുവരേണ്ടതാണ്, നിയമസഭ കൂടാത്തപ്പോൾ ഒരു ആർഡിനൻസു ഇഷ്യു ചെയ്താൽപോലും ഞങ്ങൾ അതു സന്തോഷത്തോടു കൂടിസ്വാഗതം ചെയ്യും. കറൻറിൻെറ കുറവുമൂലം ഉണ്ടായിട്ടുള്ള തൊഴിലില്ലായ്മയെ നേരിടുന്നതിന് ഏതു കർശനനടപടി നടത്തിയും അതു പരിഹരിക്കണമെന്ന് ഞാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു. ഞാൻ പ്രമേയത്തെ എതിർക്കുന്നു.

<u>ஸ்ரீ. என். கணபதி:</u> ஸர், நான் இந்த பிரமேயத்தை எதிர்த்துக் கொண்டு சில வார்த்தைகள் பேச ஆசைப்படுகிறேன். எலக்ட்ரிசிட்டி குறைவாக இருப்பது மழை இல்லாததினால் தான். மழை பெய்தவற்கு திடீரென எந்த வித நடவடிக்கைகளும் எடுத்துச் செய்யக் கூடிய விஷயமல்ல. ஹைலாண்ட் பிரதேசத்திலிருந்து அதாவது பள்ளிவாசலிலிருந்து தான் எல்லா யிடங்களுக்கும் கரண்ட் சப்ளை செய்யப்படுகிறது. உத்தேசம் ஆறு வருட காலங்களாக ஹைலாண்ட் பிரதேசங்களில் மழை குறைவாகத் தான் இருந்து கொண்டு வருகிறது. சென்ற ஆறு வருடங்களைக் காட்டிலும் 1952-53-ல் மழை மிகவும் குறைவாகத்தான் இருந்து கொண்டிருக்கிறது. பொதுவாக எல்லா வருடங்களிலும் குண்டளை டாமில் அதைக் கட்டின நாள் முதல் இது வரையிலும் அந்த அணையில் நிறைய தண்ணீர் இருந்து, அனாவசியமாக வழிந்துபோய் கொண்டிருந்தது. ஆனால் இந்தத் தடவை அந்த அணையில் சுமார் 55, 60 அடி தான் தண்ணீர் பெருகியது. அந்த டாம் நிறையவில்லை. அங்கு மாட்டுப்பெட்டி டாம் என்ற ஒரு டாம் இருக்கிறது. அந்த டாமில் வேலைகள் இன்னும் பூர்த்தியாகவில்லை. இந்த வருடம் கடைசியில் அது பூர்த்தியாகும் என்று அங்குள்ள நிர்வாக அதிகாரிகள் அபிப்பிராயப்படுகிறார்கள் என்று சொல்லிக்கொள்ள நான் ஆசைப்படுகிறேன். கரண்ட் குறைவு காரணமாக பல இடங்களிலும் தொழிலாளர்கள் வேலையில்லாமல் திண்டாடுகிறார்கள் என்று கூறப்பட்டது. பல இடங்களிலும் பெரிய பெரிய பாக்டரிகளில் கூட கரண்டு கட் செய்யப்பட்டிருக்கிறது. எனக்குத் தெரிந்த மட்டில் அப்பாக்டரிகளில் தொழிலாளிகளுக்கு வேலை கிடைக்காமல் திண்டாடுகிறார்கள் என்று கூற முடியாது. எங்கள் பிரதேசத்தில் கண்ணன்தேவன் கம்பெனி என்றதொரு கம்பெனி இருக்கிறது. அது, ஒரு தேயிலை தோட்ட கம்பெனியாகும். அக்கம்பெனி இந்த திரு-கொச்சியில் மட்டுமல்ல, இந்தியாவில் மட்டுமல்ல, உலகத்திலே வைத்து மிகவும் பெரிய ஒரு தேயிலைத்தோட்ட கம்பெனியாகும், கண்ணன்தேவன் கம்பெனி என்று இந்த இடத்தில் சுட்டிக்காட்ட நான் ஆசைப்படுகிறேன். அக்கம்பெனியில் சுமார் 37,000 தொழிலாளர்கள் வேலை பார்த்து வருகிறார்கள். எங்கள் மலைப்பிரதேசத்தில் இன்னும் நாலைந்து எஸ்டேட்களில் ஐயாயிரம் தொழிலாளர்கள் வேலை பார்த்து வருகிறார்கள். அந்த இடங்களில், இந்த 25% கரண்ட் கட் செய்த போதிலுங்கூட அங்குள்ள தொழிலாளிகளுக்கு வேலையில்லாமல் இருக்கவில்லை. அடுத்தபடியாக நான் சொல்வது என்னவென்றால் கரண்ட் சப்ளை செய்வது, இந்த ராஜ்யத்தில் மட்டுமல்லாமல் திருவிதாங்கூர் பார்டரில் உள்ள பெரிய பெரிய டவுண்களுக்கும் கரண்ட் சப்ளை செய்து நமது ராஜ்யத்தின் ரெவன்யூவைக் கூட்டி ஏராளமான வருமானம் உண்டாக்க ஏதுவாயிருக்கக் கூடிய சகல இயற்கை வசதியும் High Range பிருந்தியத்தில் இருக்கிறது. அதாவது சிவன்மலை பாகத்தில் ஒரு அணை கட்டி தண்ணீர் தேக்குவதற்கு Investigation நடந்து வருகிறது. இப்பொழுதுங்கூட இது பற்றி பல திட்டங்களும் நடத்த ஏற்பாடுகள் நடத்திவருவதாகத் தெரிய வருகிறது. நான் மேற்சொன்ன அணையைக் கட்டி முடித்தால் அதில் ஏராளமாக தண்ணீரைத் தேக்கி வைக்க முடியும். அந்த டாமிலிருந்து தண்ணீரை தேக்கி வைத்து சொக்கநாடு பிரதேசம் வழி டணல்கள் கட்டி அங்கிருந்து தண்ணீர் சப்ளை செய்வதற்கு வேண்டிய நடவடிக்கைகள் எடுத்து வருவதாக கேள்விப்படுகிறேன். அப்படிச் செய்தால் நமக்கு ஏராளமாக கரண்ட் சப்ளை செய்ய முடியும். அடுத்த படியாக நான் சொல்ல விரும்புவது என்னவென்றால், மழை இல்லை மழை இல்லை என்று சொன்னால் போதாது. அதற்குக் காரணமும் கூற விரும்புகிறேன். நேரிய மங்கலத்தில் இருந்து ஹைலாண்டு வரை காடுகளும் மலைகளும் உள்ள ஒரு வனாந்தர பிரதேசமாக இருந்தது. இதன் தூரம் உத்தேசம் 35 மைல்களாகும். அந்த பிரதேசங்களிலுள்ள சோலைகளையும் மரங்களையும் வெட்டி அழித்து இன்று அதை தரைமட்டமாக்கி யிருக்கிறார்கள். இப்படி காடுகளை வெட்டித் திருத்துவதினால் தான் மழை இல்லாமல் போகிறது. வண்டன்மேடு போன்ற இடங்களிலுள்ள மரங்கள் சோலைகள் போன்றவைகளை அழித்து இப்பொழுது அங்கு கப்பைக் கிருஷி செய்யப்பட்டிருக்கிறது; அதுவும் மழையின்மைக்கு ஒரு காரணமாகும். அடுத்தது, ஹை

லாண்ட் பாகத்திலுள்ள யானைமுடி என்று சொல்லப்படும் இடம் இந்தியாவில் வைத்தே உயரமான இடமாகும். அந்த பிரதேசத்தின் வடக்கு பாகத்திலுள்ள சோலைகளும், மரங்களும் அழிக்கப்படவில்லை. அங்கே எந்த விதமான விவசாயமும் செய்யப்படவில்லை. அந்தயிடம் இன்றும் பெரிய வனாந்தரமாக, மனித சஞ்சாரமற்ற இடமாகத்தான் இருந்து கொண்டிருக்கிறது. ஆதலால் தான் அந்த பிரதேசத்தில், மூனார், பள்ளி வாசல் போன்ற இடங்களில் பெய்வதைக் காட்டிலும் கூடுதல் மழை பெய்கிறது. இதற்கு முன் இருந்ததை விட இப்பொழுது மழை சற்றேனும் அங்கு குறைந்தபாடில்லை. அங்கிருந்து ஏராளமாக தண்ணீர் கோயம்புத்தூர் போன்ற இடங்களுக்குப் போகிறது. அந்தப் பாகத்தில் பல அணைகள் கட்டுவதற்குள்ள வசதி இருக்கிறது. பெருங்கல்குத்தை எடுத்துக் கொண்டால் அங்கு யானைமுடியை விட கூடுதல் வசதியில்லை.

அந்த பாகத்தில் ஓடுகிற நதி பெரிய பள்ளத்தாக்கு வழியாக ஓடுகிறது. இதை குறிப்பாகக் கூறினால் பள்ளிவாசலை விட நல்ல இயற்கை அமைப்பும் வசதியும் இருக்கிறது. உத்தேசம் 5 டாம்கள் கட்ட வசதி இருக்கிறது. 2, 3 பௌவர் ஹௌஸ்களும் ஏற்படுத்தலாம். உத்தேசம் 4500 அடியிலிருந்து தண்ணீர் தேக்கி 2500 அடியில் பவுஸ் கட்டி அந்தத் தண்ணீர் அங்கு கொண்டு போக வசதியிருக்கிறது. 2500 அடியிலிருந்து 1000 அடி பள்ளத்திற்கு கொண்டு போகலாம். பள்ளிவாசலிலிருந்து பௌவர் ஹௌஸில் ஒழுகிய தண்ணீரை மீண்டும் செங்குளம் திட்டத்திற்கு கொண்டுபோவதுபோல் போகலாம். அதில் கூட ஒவ்வொரு நாளைக்கும் ஏராளம் கரண்ட் செலவழித்து, பம்ப் வைத்து உத்தேசம் 30 அடிக்கு உயரத்தில் தண்ணீரைப் பாய்ச்சி (Tunnel) சுரங்கத்திற்குக் கொண்டு போக வேண்டியிருக்கிறது. இந்த பிரதேசத்தில் அப்படி கரண்ட் செலவழிக்காமலேயே மீண்டும் அத்தண்ணீரை இன்னொரு பௌவர்-ஹௌஸ் சிந்நூர் பள்ளத்தாக்கில் ஏற்படுத்த முடியும். அதற்குத் தகுந்த இஞ்சினீயர்களை வருத்தி அப்பிரதேசத்தில் சுற்றுப்பிரயாணம்செய்து இத்திட்டத்தை நடத்த சர்க்கார் வேண்டிய நடவடிக்கை எடுக்கும் என்று நம்புகிறேன்.

அதுவுமல்லாமல் தேக்கடியை போல் தண்ணீர் தேக்கி அந்தத் தண்ணீரை உடுமலைபேட்டை, பழனி, கோயம்புத்தூர் ஜில்லா பிரதேசத்திற்குசப்ளை செய்யலாம். உடுமலை பேட்டையை எடுத்துக் கொண்டால் இது இந்தியாவிலேயே மிக தண்ணீர் பஞ்சப் பிரதேசமாகும். குடிக்கக் கூட தண்ணீர் கிடையாது. மிகவும் ஆழமாய் கிணறு வெட்டி தண்ணீர் எடுத்தாலும் நல்ல தண்ணீர் கிடையாது. உப்புத் தண்ணீராய் இருக்கும். ஆகையால் அங்கு தண்ணீர் சப்ளை செய்யும் திட்டம் நிறைவேற்றினால் நமது ராஜ்யத்திற்கு கோடிக்கணக்கான ரூபாய் வருமானம் கிடைக்கும் என்று சந்தேகம் இல்லாமல் கூறலாம். ஆகையால் இத்திட்டத்தை பரிசீலனை செய்யத் தகுந்த இஞ்சினீயர்களை அனுப்பும்படி கேட்டுக்கொள்கிறேன்.

அங்கு, ஹைரேஞ்சில் பாதி உயரமுள்ள மலைகள் தான் இருக்கின்றன. அதைவிட அதிகம் டாம்கள் கட்டி ஏராளமாக தண்ணீர் தேக்குவதற்கு தேவிகுளத்தில் வசதி இருக்கிறது. இன்னும் பல திட்டங்கள் கொண்டு வந்து அமுல் நடத்தினால் கரண்ட் உற்பத்தி செய்து நமது ராஜ்யத்திற்கு மட்டுமல்லாமல் நமது ராஜ்யத்தின் பக்கத்திலுள்ள ராஜ்யங்களுக்கும் கரண்ட் சப்ளை செய்து நமது அரசாங்கத்தின் வருமானத்தை கூட்ட முடியும் என்று சொல்லிக் கொள்ள நான் ஆசைப்படுகிறேன். அடுத்தபடியாக நான் சொல்வதென்னவெனில் மழை பெய்வதும் பெய்யாததும் தெய்வச் செயல் என்று கூறுவதாக சில நண்பர்கள் இங்கு கூறினார்கள். இன்று அமெரிக்கா போன்ற நாடுகளில் விஞ்ஞான ஆராய்ச்சி வழியாக செயற்கை முறையில் மழை பெய்வதற்குள்ள கருவிகள் கண்டுபிடிக்கப்பட்டிருக்கின்றன. அம்மாதிரிப்பட்ட திட்டங்கள் நம் ராஜ்யத்தின் தற்போதுள்ள நிலையில் அவசியம் என்று கூறலாம். அந்நாடுகளிலும் கூட கடவுள் இருக்கிறார் என்றும் இல்லை என்றும் கூறும் மக்கள் இருக்கிறார்கள். பொதுவாக இது இயற்கையை பொறுத்தளவில் தான் இருக்கிறது. சில இடங்களில் கூடுதல் மழை பெய்யும், சில இடங்களில் மழை குறைவாக பெய்யும். ஆனால் காடுகளை அழிப்பதினால் மழை குறையத்தான் செய்யும். அடுத்தபடியாக எங்கள் பிரதேசத்தில் கல்லார் என்ற

[ஸ்ரீ. என். கணபதி]

ஒரு இடம் இருக்கிறது; அதாவது வண்டன்மேடு-மூஞர் ரோடு செல்லும் வழியில் இருக்கிறது. அங்கு ஒரு அணை கட்ட ஒரு திட்டம் வகுக்கப் போகிறதாக கேள்விப்படுகிறோம். அங்கு ஒரு அணையை கட்டி முடித்தால் கூடுதல் கரண்டு உற்பத்தி செய்ய ஏதுவாய் இருக்கும். கல்லாரில் ஒரு அணையைக் கட்டினால் கரண்டு மட்டுமல்ல, விவசாய அபிவிருத்திக்காகவும் தண்ணீர் சப்ளை செய்ய முடியும். கல்லாரில் ஒரு டாம் கட்டி தண்ணீர் தேக்கி வைத்து, தண்ணீர் கொண்டு செல்வதற்கு வேண்டிய டணல்கள் ஏற்படுத்தினால் கரண்டு கிடைப்பதோடு மட்டுமல்லாமல் ஆயிரக்கணக்கான ஏக்கரா நிலங்கள் பயிர் செய்வதற்கும் பயன்படும். அதோடு உணவு உற்பத்திக்கும் அதனால் மிகவும் பயன் ஏற்படும். சென்னை மாகாணத்தை எடுத்துக் கொண்டால் அந்த மாகாணம் முழுவதிலும் வடக்கு முதல் திருநெல்வேலி வரையிலும் உத்தேசம் ஐம்பது சத விகிதம் கரண்டு கட் செய்திருப்பதாக நாம் பத்திரிகைகள் வாயிலாக அறிகிறோம். அதைப் பார்க்கும் பொழுது நாம் நமது சர்க்காரை போற்றத்தான் வேண்டும். ஆக கண்ணன் தேவன் கம்பெனி, ஆலுவாயிலுள்ள பாக்டரிகளுக்கும், இது போன்று நமது நாட்டின் ஏனைய இடங்களுக்கும் இப்பொழுது இவ்வளவு கரண்ட் சப்ளை செய்வதே மிகவும் ஆச்சரியப்படத்தக்கதொரு விஷயமாகும் என்று சொல்லிக்கொண்டு நான் இந்தத் தீர்மானத்தை எதிர்க்கிறேன்.

ശ്രീ. ററി. കെ. ദിവാകരൻ: സർ, ഈ അടിയന്തിര പ്രമേയത്തെ അനുകൂലിച്ചുകൊണ്ടു് ചില കാര്യങ്ങൾ ഗവർമ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരുവാൻ ഞാൻ ആഗ്രഹിക്കുന്നു.

മഴയുടെ കുറവുകൊണ്ടു് തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തുള്ള പല വ്യവസായശാലകൾക്കും ഇലക്ട്രിസിററിയുടെ സപ്ലൈ കുറവു ചെയ്തതായിട്ടാണു് എനിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞതു്. കൊല്ലത്തെ സംബന്ധിച്ചിടത്തോളം അവിടത്തെ വ്യവസായശാലകൾക്കു് മാർച്ചു് ൧-ാം നു- മുതൽ ഉദ്ദേശം ൩൦ ശതമാനം കുറവു ചെയ്തിട്ടുള്ളതായി കാണുന്നു. ഇതു് ദൈവത്തിന്റെ കളിയാണെന്നുള്ള അടിസ്ഥാനത്തിൽ ദൈവത്തിന്റെ പ്രാർത്ഥനയ്ക്കായിമാത്രം വിട്ടുകൊടുക്കാവുന്ന ഒരു കാര്യമല്ലെന്നാണു് എനിക്കു് ചൂണ്ടിക്കാണിക്കുവാനുള്ളതു്. അതുപോലെ തന്നെ ഏതെങ്കിലും ഒരു വർഷത്തിന്റെ അതിർത്തിവച്ചുകൊണ്ടു് മുഴുവനായിട്ടോ, അല്ലെങ്കിൽ, ഭാഗികമായിട്ടോ കറൻറു കുറവുചെയ്യുക എന്നുള്ളതു് ശരിയായിട്ടുള്ളതല്ല. മഴക്കുറവുകൊണ്ടു് വിദ്യുച്ഛക്തിയുടെ ഉൽപ്പാദനത്തിനു കുറവു വന്നിട്ടുണ്ടെങ്കിൽ ആ കുറവിനു അനുസരണമായി കറൻറിന്റെ സപ്ലൈ കുറവുചെയ്യണമെന്നുണ്ടെങ്കിൽതന്നെ അതുകൊണ്ടുള്ള ഉപയോഗത്തെ ആയിരിക്കണം പ്രധാന മാനദണ്ഡമായി നോക്കേണ്ടതു്. രാജ്യക്ഷേമത്തിനും തൊഴിലിന്റെ അഭിവൃദ്ധിക്കും പര്യാപ്തമാണെന്നു തോന്നുന്ന ആവശ്യങ്ങൾക്കു് പ്രാധാന്യം കൊടുത്തുകൊണ്ടായിരിക്കണം സപ്ലൈ കുറവുചെയ്യേണ്ടതു്. അല്ലാതെ, ൧൯൪൯-നു മുമ്പു് ഉണ്ടായിട്ടുള്ള ഉപഭോക്താക്കൾക്കു് ൪൦ ശതമാനവും അതിനുശേഷമുള്ളവർക്കു് മുഴുവനും കുറവുചെയ്യുമെന്നുള്ള മാനദണ്ഡം ഒരിക്കലും ശരിയല്ല. ഗവൺമെൻറു് ഇലക്ട്രിസിററിയുടെ സപ്ലൈ കുറവുചെയ്യുമ്പോൾ ഏററവും ഒടുവിലായിട്ടുവേണം വ്യവസായസ്ഥാപനങ്ങളിൽ കൈവയ്ക്കുവാൻ. തൊഴിലാളികളുടെ തൊഴിലില്ലായ്മ ഈ സംസ്ഥാനത്തു വളരെയധികം ബാധിച്ചിരിക്കുന്ന ഈ അവസരത്തിൽ അവരുടെ തൊഴിലിനെയും ഇവിടത്തെ ഉല്പാദനത്തേയും ബാധിക്കാതെ കൂടി ഗവൺമെൻറു നോക്കേണ്ടതാണു്.

സർ, വിദ്യുച്ഛക്തിയുടെ ഈ കുറവ് ഒരു കൊല്ലം മാത്രം ഉണ്ടായിട്ടുള്ളതല്ല. എല്ലാകൊല്ലവും വിദ്യുച്ഛക്തിയുടെ കുറവിനെപ്പറ്റി ഉപഭോക്താക്കളിൽനിന്നും വളരെ അധികം ശബ്ദം ഉണ്ടാകുന്നുണ്ടെങ്കിലും അതിനു പരിഹാരമായി ഗവണ്മെന്റ് യാതൊരു നടപടിയും എടുക്കുന്നില്ല. എല്ലാക്കൊല്ലവും വിദ്യുച്ഛക്തിയുടെ കുറവുനിമിത്തം വ്യവസായം അധഃപതിക്കുന്നുമുണ്ട്. കഴിഞ്ഞകൊല്ലത്തെക്കാൾ ഇക്കൊല്ലം കൂടുതൽ കുറവു ഭവിച്ചിട്ടുള്ളതായി കാണുന്നു. ആ നിലക്ക് ഗവണ്മെന്റോ ജനങ്ങളോ പ്രതീക്ഷിച്ചിരുന്നതിൽ കൂടുതലായി ഇക്കൊല്ലം വിദ്യുച്ഛക്തി ക്ഷാമം നേരിട്ടിട്ടുണ്ടെന്നുവേണം വിചാരിക്കുവാൻ. ഇങ്ങനെ ആണ്ടുതോറും വിദ്യുച്ഛക്തിയുടെ ഉല്പാദനം എന്തുകൊണ്ടു കുറയുന്നു എന്നു ശരിയായി കണ്ടുപിടിച്ച് അങ്ങനെ ഉണ്ടാകാതിരിക്കാനുള്ള മാറ്റങ്ങൾ സ്വീകരിച്ച് ഈ രാജ്യത്തെ വ്യവസായത്തെയും തൊഴിലാളികളെയും സംരക്ഷിക്കുവാനുള്ള കർത്തവ്യം ഗവണ്മെന്റിനുണ്ട്. അതിലേയ്ക്ക് പുതിയ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതു് ഏറ്റവും അത്യാവശ്യമാണ്.

വിദ്യുച്ഛക്തി കുറവുണ്ട്, ക്ഷാമമുണ്ട്, എന്നൊക്കെ പറയുന്നുണ്ടെങ്കിലും സപ്ലൈ കുറെയൊക്കെ കുറവുചെയ്യുന്നുണ്ടെങ്കിലും പല സ്ഥാനങ്ങളിലും വിദ്യുച്ഛക്തി കുറവു ചെയ്യാതെയും ഇരിക്കുന്നുണ്ട്. സിനിമാഹാളിന്റെ മുമ്പിൽ ചെന്നിരുന്നാൽ, അല്ലെങ്കിൽ അമ്പലങ്ങളുടെ മുമ്പിൽ ചെന്നിരുന്നാൽ ഓരോരോ ഘട്ടത്തിൽ പത്തോ ഇരുപതോ ദിവസത്തേക്ക് കേവലം ആഡംബരത്തിനും അലങ്കാരത്തിനും വേണ്ടി എത്രമാത്രം വിദ്യുച്ഛക്തിയാണ് ഉപയോഗിക്കപ്പെട്ടുവരുന്നതെന്നു നോക്കേണ്ടതുണ്ട്. അതിലേയ്ക്ക് ഗവണ്മെന്റ സ്പെഷ്യൽ കണക്ഷനുകൾ കൊടുക്കുമ്പോൾ ഒരു അഞ്ചു ഹോഴ്സ്പൗവ്വർ ഉള്ള യന്ത്രങ്ങൾപോലും ഓടിക്കുവാൻ വിദ്യുച്ഛക്തി കുറവുചെയ്യുകയല്ല വേണ്ടതു്. വിനോദത്തിനും ആഡംബരത്തിനും അലങ്കാരത്തിനും വേണ്ടി ഉപയോഗപ്പെടുത്തുന്ന വിദ്യുച്ഛക്തിയുടെമേൽ ഗവണ്മെന്റ ആദ്യമായി കൈവയ്ക്കണം. ഒടുവിൽവേണം വ്യവസായശാലയിൽ കൈവയ്ക്കുവാൻ. ഇതു് ഒരു ദേശീയ വിപത്തായി നാം കണക്കാക്കേണ്ടതാണ്. വിളവുനാശം, വെള്ളപ്പൊക്കം മുതലായ ആപത്തുകൾ വരുമ്പോൾ ചില അവശതാനിവാരണ പദ്ധതികളുമായി അവശതകൾ ബാധിച്ചിരിക്കുന്ന ആളുകളുടെ സംരക്ഷണത്തിനുവേണ്ടി ഗവണ്മെന്റ മുൻകൈ എടുത്തു സഹായിക്കുന്നതുപോലെ വിദ്യുച്ഛക്തിയുടെ കുറവുകൊണ്ടു് വ്യവസായം അധഃപതിച്ചിട്ടുള്ള കാരണത്താൽ തൊഴിലില്ലാതെ വെളിയിലേക്കിറങ്ങുന്ന തൊഴിലാളികളേയും ഗവണ്മെന്റു മുൻകൈ എടുത്തു സഹായിക്കേണ്ടതുണ്ട്.

ഈ അടുത്തകാലത്തു് പല വിധത്തിലും തൊഴിലില്ലായ്മ വളരെ വർദ്ധിച്ചിട്ടുണ്ട്. വ്യവസായശാലകളിലെ തൊഴിലാളികൾക്കു കൂടക്കൂടെ ഉണ്ടാകാറുള്ള ജോലിയില്ലായ്മയ്ക്കു നഷ്ടപരിഹാരം എന്ന നിലയിൽ ഏതെങ്കിലും ഒരു സഹായം ഗവണ്മെന്റിൽനിന്നോ അല്ലെങ്കിൽ വ്യവസായശാലയും ഗവണ്മെന്റും കൂടിയോ ചെയ്തുകൊടുക്കേണ്ടതാണ്. ഈ ഇടക്കാലത്തു ചവറയിലെ എഫ്. എക്സ്. പെരയിര കമ്പനിയിൽ വേലയില്ലാതെ ഏതാണ്ടു ൨൦൦-ൽപരം ആളുകളെ വെളിയിൽ ഇറക്കിവിട്ടിരിക്കുകയാണ്. അതുപോലെതന്നെ, കൊല്ലത്തുള്ള എ. ഡി. കാട്ടൺ

[ശ്രീ. ററി. കെ. ദിവാകരൻ]

മില്ലിലും ആഴ്ചയിൽ ആറുദിവസത്തെ ജോലി അഞ്ചുദിവസത്തെ ജോലിയായി കുറഞ്ഞിരിക്കുന്നു. ഈ മാർച്ച് ൧-ാംനു മുതൽ കറന്റു കിട്ടുന്നില്ല എന്ന കാരണത്താൽ പല ഓട്ടുകമ്പനികളും, സാമില്ലുകളും ജോലി നിറുത്തിവെച്ചിരിക്കുന്നു. ഇപ്രകാരം തൊഴിലില്ലാതായവരുടെ ഒരു കണക്ക് ഗവണ്മെന്റ് ശേഖരിക്കേണ്ടതാണ്. ഒരു തരത്തിൽ കഷ്ടതയനുഭവിക്കുന്ന തൊഴിലാളികൾക്കു നിർബന്ധിതമായ വ്യവസ്ഥയിൽക്കൂടിയെങ്കിലും ധനസഹായം ചെയ്യാനുള്ള സത്വരനടപടികൾ ഗവണ്മെന്റ കൈക്കൊള്ളേണ്ടതാണെന്ന് അഭ്യർത്ഥിച്ചുകൊണ്ടു പ്രമേയത്തെ പിൻതാങ്ങിക്കൊള്ളുന്നു.

Shri A. A. D. Luiz : Sir, I oppose the motion before the House. An abbreviated form of this amendment would be, no current—bad Government . I am sure the hon. Members would realise that the Government cannot throw any impediments on the supply of electricity obtained from natural sources. I consider this motion as another attempt to throw another stone on the administration of the State; however, this stone was short of electricity and has fused out in transit. I would state for the information of the mover that this cut has been enforced in all parts of this State and not in Alwaye alone. Much of the supply of electricity in this State depends on hydro-electric energy. It does not require much explanation to enlighten you that the hydro-electric energy depends on flood-levels of reservoirs etc. I am sure that the Government is in possession of statistics regarding these matters and it will be furnished. Now this flood-level is definitely dependent on rainfall. It would have been interesting if the mover of this motion suggested ways and means of producing rain. I have read in certain American papers that artificial rains could be produced. The mover would have been justified in making Government responsible for this shortage if they could produce rain but they did not produce rain. The climatic conditions during the recent years have been most unfavourable for the production of sufficient hydro-electric power. However, in spite of that, I don't think that the Government have been evasive in their responsibilities for they are pushing through many hydro-electric schemes already taken up and some are nearing completion. If they were evasive, they would not be consistantly working up the Madupatty and Poringalkuthu schemes. I don't think that these schemes stand abandoned. They are receiving constant attention.

However, if the mover of this motion had spent his time in trying to move Heaven in silent prayer, I think that greater purposes would have been served.

While stoutly opposing this motion, I would like to give the Government a few suggestions. There are institutions in this State that can provide their own electric energy—I mean the energy required to carry on their own work satisfactorily. In crises of this nature which is beyond the control of the Government, it would be advisable if these institutions are asked to generate their own requirements of energy. There is another aspect to this matter on which the Government could consider my humble suggestion. There are institutions that produce energy much in excess of what they require. Years ago there was an instance of a Textile Mill in Trichur offering to cater to the entire town of Trichur with electric power.

Another suggestion of mine is to speed up the completion of the projects. The Poringalkuthu project should have been completed by the middle of 1953. But by some reason or other, during the transitional period of the integration of States, the completion of the scheme suffered a set back by a year and a half. Well, at least now let us think about these recurring natural impediments and find out ways and means to speed up the completion of the Poringalkuthu scheme so that this disaster may not be repeated.

Shri K. Karunakaran : Sir, I move for a closure.

ശ്രീ. സി. ജി. സദാശിവൻപിള്ള: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ഈ പ്രമേയത്തെപ്പററി സംസാരിച്ച ഒരാളിന് പെട്ടെന്നു ഒരു ക്ലോഷർ മോഷൻ മൂവ് ചെയ്യാനുള്ള അവകാശമുണ്ടോ?

മി. ഡെപ്യൂട്ടി സ്പീക്കർ: മിനിസ്റ്ററുടെ റിപ്ലൈ കഴിഞ്ഞ ശേഷമെ ക്ലോഷർ മോഷൻ മൂവ് ചെയ്യാൻപാടുള്ളൂ.

Shri P. S. Nataraja Pillai : Sir, I should like to add a few words.

Mr. Deputy Speaker : Yes, you can speak.

Shri P. S. Nataraja Pillai : Practically the motion is to discuss the cutting off of electrical connection for industrial establishments. But the motion circumscribes it to Alwaye alone. I take it for dicussing the motion the question to be the curtailing of electric supply in the country as a whole. I am speaking on that basis. For the last two years when the summer season comes, the supply of electric current is also curtailed. We know that for the last five or six years we were subjected to an unkind failure of rains. On account of the failure of rains the production capacity of the hydro-electric installations was also much reduced and naturally, the distribution of current might be less. I am not at present dealing with the question as to how far the shortage of current has affected industry and labour. Certainly ,want of power must affect the working of

[Shri P. S. Nataraja Pillai]

an industry or factory, and consequently, it must cause some difficulty to labour also. Apart from that question, I want to place before this House for its consideration the question whether this chronic shortage of electric power is not a matter for earnest consideration of this House and Government. Sir, the House must realise that there is a crude notion prevailing in the country that disafforestation has affected the rainfall, It may be a crude and unscientific notion. But it is prevalent and widely accepted. I am also one of those who believe that.

Shri J. T. Moraes : What about sun -spots ?

Shri P. S. Nataraja Pillai : I am not a scientist. I am speaking from the commonsense which we expect to be possessed by an average man. I believe, that the disafforestation of the High Ranges have affected rainfall. This disafforestation was done consciously or unconsciously by Government and the people. This fact is widely reported and widely believed. Disafforestation on a large scale has been done in recent years.

Shri N. P. Varghese : Any authority for this reason ?

Shri P. S. Nataraja Pillai : It is widely reported and widely believed. I am only a member of the House and not an expert in these matters.

Shri O. C. Ninan : Is the hon. Member aware that there was shortage of rainfall in the Madras State also recently ?

Shri P. S. Nataraja Pillai : It is due to deforestation. Planting of trees should be encouraged. Experts in the Government of India have expressed the opinion that afforestation is the best remedy for getting more rainfall. The generating capacity has gone down in the Hydro-electric Stations. There is a consequent shortage of current. For development of industry electric current is very necessary. Current is the most essential thing. We have invested very large amounts on hydro-electric schemes. We have realised from very early times that electricity is essential for industrial development. Therefore, it is the industrial concerns that suffer much on account of this current shortage. Labourers who are employed in these concerns are almost out of work. It is our duty to find some practical method to counteract this situation. This is an important matter which ought to engage the attention of this House and our Government. Now I would request the House to consider the feasibility of having some thermal stations erected in this country to supplement the shortage of hydro-electric power. We have set apart large amounts under the Five

Year Plan. Why not we attempt or think of erecting a few thermal stations in the country ? It may supplement the current shortage which we chronically face in these summer months. I think it will be helpful to a considerable extent. These thermal stations may be erected throughout the country. There are certain cottage industries which are carried on by electricity. There are several subsidiary industries which may be revived by the supply of electricity. If the power from these thermal stations could not be used for major industries it may be used for these subsidiary industries. Both thermal stations and hydro-electric projects may be helpful for industrial advancement. What the economic effect will be is a matter for study and investigation. We cannot, in an offhand manner say that thermal stations shall be erected where there are lift irrigation schemes.

Shri O. C. Ninan : May I know whether the member is of the opinion that thermal stations should be erected as a reserve to supply current when the other source is failing ?

Shri P. S. Nataraja Pillai : It is not exactly as a reserve but as an alternative source to supplement current.

Shri O. C. Ninan : If it is not as a reserve, how can it save the situation ?

Shri P. S. Nataraja Pillai : It will be supplementary. When the production of current is low these thermal stations may be depended upon. There was a proposition even in Madras that thermal stations must be built because the supply is failing.

Shri O. C. Ninan : Does the member know that it must be kept as a reserve ?

Shri P. S. Nataraja Pillai : Whether Government has money for the purpose is a matter which I could not say. What I think is, that there was an announcement that there was a proposition to supplement the Mettur Scheme by erecting thermal stations. We have for the last ten or fifteen years our hydro-electric projects and consequently a number of industries have been started. Nowadays people have grown somewhat electric minded. Therefore, our demand for electric current is growing day by day. But our hydro-electric projects fail to supply sufficient quantity of electric power. It is due to the scarcity of rain. As Mr. Munshi has suggested we should celebrate some vanamaholsavom. Afforestation is the best means to bring more rain. But can we not set apart an amount from the five year plan for the erection of thermal stations ? That is a matter which I would like Government to consider and investigate. I present these suggestions for the

[Shri P. S. Nataraja Pillai]

earnest consideration of this House. There are several areas that have begun to advance in industry. Such industries are likely to suffer if this current shortage is to continue. We must also have plan for industrial development in all areas. After the war, the five year plan and the development of our industry depend naturally on the practical working of projects. Our agriculture depends on irrigation projects. But the real solution of unemployment in our country will be by industrial development. For industrial development we should get cheap electric power. When it is lacking is, it not our duty to supplement it from some other source ? Therefore I request this House and the Government to consider the question of erecting a few thermal stations also in our country.

പൊതുമരാമത്തും ഗതാഗതവും വകുപ്പു മന്ത്രി (ശ്രീ. കുളത്തിൽ വേലായുധൻ നായർ): ഈ വിഷയത്തെ സംബന്ധിച്ച് ഈ സഭയിൽ കാര്യമായ വാദപ്രതിവാദങ്ങൾ നടന്നതായി ഞാൻ കരുതുന്നു. എന്നാൽ ഈ സഭക്ക് ഇതിന്റെ യഥാർത്ഥ തത്വങ്ങൾ ശരിയായി മനസ്സിലായിട്ടില്ലാത്തതുകൊണ്ടാണ് ഇങ്ങനെയുള്ള വാദപ്രതിവാദമുണ്ടായതെന്നും ഞാൻ മനസ്സിലാക്കുന്നുണ്ട്. തത്വങ്ങൾ ശരിയായവിധം മനസ്സിലാക്കാത്തതിന്റെ ഫലമാണ് ഇങ്ങിനെ ഗവണ്മെന്റിനെ പലതരത്തിൽ വിമർശിക്കുവാൻ കാരണമായിട്ടുള്ളതു്. എലക്ട്രിസിറ്റി വിതരണത്തിന് ഇപ്പോഴുള്ള ഫൌണ്ടേഷൻ ശരിയായിട്ടില്ലെന്നുള്ളതു് പരമാർത്ഥമാണ്. എന്നാൽ ഇപ്രകാരമൊരു പരിതഃസ്ഥിതി വരുമെന്നുള്ളതു് ഗവണ്മെന്റ് മുൻകൂട്ടി മനസ്സിലാക്കി എന്തുകൊണ്ടു നടപടികളെടുത്തില്ല എന്നു പഴിക്കുന്നതു ശരിയല്ല. അതുകൊണ്ടു് ഇതിന്റെ വാസ്തവസ്ഥിതികൾ സഭയെ മനസ്സിലാക്കുന്നതിനുവേണ്ടി ചില കാര്യങ്ങൾ ഞാൻ ഇവിടെ പറഞ്ഞുകൊള്ളട്ടെ.

ഈ രാജ്യത്തു് വീടുകളിൽ വിളക്കുകൾ നൽകുന്നതിന് ഉപയോഗിക്കുന്നയൂണിററ് ഒരു ദിവസത്തേക്ക് ൩൭,൦൦൦ ആണ്. തെരുവുകളിലുള്ള വിളക്കുകൾക്കു ൨,൨൦൦ യൂണിററ് ദിവസംപ്രതി ചിലവാകുന്നു. അതുപോലെതന്നെ ഒഴിച്ചുവെക്കുവാൻ പാടില്ലാത്തതായ ചെറുവാട്ടർവർക്ക്സ്, തിരുവനന്തപുരം വാട്ടർവർക്ക്സ്, ആലപ്പുഴ വാട്ടർ വർക്ക്സ് ഇവയെല്ലാംകൂടി ൮൩,൫൦൦ യൂണിററ് ചിലവു ചെയ്യേണ്ടിവരുന്നുണ്ടു്. കൂടാതെ ലിഫ്ട് ഇറിഗേഷന്റെ ആവശ്യത്തിന് ൯൦,൦൦൦ യൂണിററോളം ദിവസംപ്രതി ചിലവുവരുന്നുണ്ടു്. വ്യവസായശാലകൾക്കു് ൪,൩൨,൦൦൦ യൂണിററാണ് അനുവദിച്ചിരിക്കുന്നതു്. ഈ കണക്കുകൾ ഞാനിവിടെ പറഞ്ഞതു് സ്ട്രീററ ലൈററുകൾക്കും ഹൌസ് ലൈററുകൾക്കും അനുവദിച്ചിട്ടുള്ളതു കുറച്ചു് ക്ഷാമം പരിഹരിക്കുവാൻ സാദ്ധ്യമല്ലെന്നു കാണിക്കുവാനാണ്. അതുപോലെതന്നെ ഈ അവസരത്തിൽ എലക്ട്രിസിററി ഉല്പാദിപ്പിക്കുന്നതിനുള്ള കഴിവു് എങ്ങിനെയിരിക്കുന്നുവെന്നുള്ളതുകൂടി ഈ സഭയെ അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. കഴിഞ്ഞ വർഷത്തിനു ശേഷം മാട്ടുപ്പെട്ടിയിൽ ഉള്ള ഡാമിന്റെ പണി മിക്കവാറും

പൂർത്തിയാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. പണി തുടങ്ങുമ്പോൾ ഉദ്ദേശിച്ചതിനേക്കാൾ വളരെ വേഗത്തിൽ അതിൻെറ പണി പൂർത്തിയായി. ഡാമിൻെറ പണി തീർന്നതോടുകൂടി മഴ തീരെ ഇല്ലാതാകുകയും, വെള്ളം ശേഖരിക്കുവാൻ സാധിക്കാതെവരികയും ചെയ്തു.

ശ്രീ. എ. താണുപിള്ള: മാട്ടുപ്പെട്ടി ഡാമിൻെറ പണി പൂർത്തിയായതു് മഴക്കാലത്തിനു മുമ്പാണോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: വെള്ളം സംഭരിക്കുന്നതിനുവേണ്ട പണി മുഴുവൻ പൂർത്തിയായതു് അക്ടോബറിലാണ്.

5 P. M.]

ശ്രീ. എ. താണുപിള്ള: ഇപ്പോൾ എത്രയടിവെള്ളം മാട്ടുപ്പെട്ടി ഡാമിലുണ്ട്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: മാട്ടുപ്പെട്ടി ഡാമിലെ വാട്ടർ കപ്പാസിററി ൩൦൦ മില്യൻ ക്യൂബിക്ക് ഫീററ ആണ്. ഈ വർഷം ഈ അണയിൽ സ്റ്റോർചെയ്യുവാൻ കഴിഞ്ഞതു് ൧൩൦-ൽ ചില്വാനം മില്യൻ ക്യൂബിക്ക് ഫീററ വാട്ടർ ആണ്. ഇന്നലെ അവിടെയുള്ള വെള്ളം ൬൦·൭ മില്യൻ ക്യൂബിക്ക് ഫീററാണ്. ഒരു ദിവസം ഇപ്പോൾ വിതരണം ചെയ്തുകൊണ്ടിരിക്കുന്നതരത്തിൽ ഇലക്ട്രസിററി വിതരണം ചെയ്യണമെങ്കിൽ ൭ മില്യൻ ക്യൂബിക്ക്ഫീററ വാട്ടർ ആവശ്യമുണ്ട്. ഈ മാർച്ച്മാസം ൧-ാംതീയതിക്കുമുമ്പ് ഉണ്ടായിരുന്ന റിഡക്ഷൻ അനുസരിച്ച് ആണെങ്കിൽ ഒരു ദിവസം ൪ മില്യൻ ക്യൂബിക്ക് ഫീററ വാട്ടർ അവിടെ ഉപയോഗിച്ചുകൊണ്ടിരുന്നു.

ശ്രീ. എൻ. പി. വറഗീസ്: ഇപ്പോൾ മാട്ടുപ്പെട്ടി ഡാമിൽ എത്രവെള്ളമുണ്ട്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഇന്നലെ വൈകുന്നേരം ൬൭ മില്യൻ ക്യൂബിക്ക് ഫീററ വെള്ളം മാത്രമേയുള്ളുവെന്നാണറിയുന്നതു്. പിന്നീടുണ്ടായ നിയന്ത്രണമനുസരിച്ച് ഇലക്ട്രിസിററി വിതരണം ചെയ്യണമെങ്കിൽ ഒരു ദിവസം ൪ മില്യൻ ക്യൂബിക്ക് ഫീററ വാട്ടർ അവിടെ വേണം. അതുകൊണ്ടാണ് മാർച്ച് ഒന്നാംതീയതി മുതൽ അതിനെക്കാൾ കൂടുതലായ നിയന്ത്രണം ഗവണ്മെൻറ് ഏർപ്പെടുത്തിയതു്. ഈ ഏഴാംതീയതിക്കുള്ളിൽ മഴ പെയ്യുമെന്നു ചില ശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെട്ടതുകൊണ്ട് അതേവരെ അങ്ങനെ ചെയ്യുവാനാണ് ഗവണ്മെൻറ് തീരുമാനിച്ചതു്.

ശ്രീ. ഏ. താണുപിള്ള: ഈ ശാസ്ത്രജ്ഞന്മാർ ജോത്സ്യന്മാരാണോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ജോത്സ്യന്മാരുടെയും ശാസ്ത്രജ്ഞന്മാരുടേയും അഭിപ്രായമാണ്. അന്നു മഴപെയ്യാതിരുന്നാൽ ൭-ാംനു-മുതൽ, മാർച്ച് ഒന്നാംതീയതിമുതൽ ഏർപ്പെടുത്തിയ നിയന്ത്രണത്തിൽ കൂടുതൽ നിയന്ത്രണം ഏർപ്പെടുത്തേണ്ടിവരും.

ശ്രീ. ഏ. താണുപിള്ള: ഇപ്പോൾ എന്തു് പവ്വർ ഡിസ്ട്രിബ്യൂഷൻ ഉണ്ട്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അക്ടോബറിലും നവംബർ, ഡിസംബർ ഈ മാസങ്ങളിലും മുൻകാലങ്ങളിൽ ഉണ്ടായിരുന്നിടത്തോളം മഴ ഉണ്ടാകാതിരുന്നതുകൊണ്ട് ആണ് ജനുവരിമാസം മുതൽ നിയന്ത്രണം ഏർപ്പെടുത്തിയത്. ആ നിയന്ത്രണത്തോടുകൂടി ഈ രാജ്യത്ത് ഉപയോഗിക്കാതിരുന്ന തർമൽ സ്റേറഷൻസ് എല്ലാം പ്രവർത്തനത്തിൽ കൊണ്ടുവന്നു. ബഹുമാനപ്പെട്ട വടക്കാഞ്ചേരിമെംബറും ശ്രീ. കരുണാകരനും ഇപ്പോൾ പ്രവർത്തനത്തിൽ അല്ലാതിരിക്കുന്ന തർമൽസ്റേറഷൻസ് എല്ലാം പ്രവർത്തനത്തിൽ കൊണ്ടുവന്നു ഇലക്ട്രിസിററി കൂടുതൽ ഉൽപാദിപ്പിക്കണം എന്നു പറഞ്ഞു. കഴിയുന്നിടത്തോളം തർമൽസ്റേറഷൻസ് എല്ലാം ഇപ്പോൾ ഉപയോഗിച്ച് ഇലക്ട്രിസിററി ഉൽപാദിപ്പിക്കുന്നുണ്ട്. ഇപ്പോൾ തിരുവനന്തപുരത്തും തൃശ്ശൂരും നാഗർകോവിലിലും സീതാറാം മില്ലിലും ആലുവാ അലുമിനിയം ഫാക്ടറിയിലും തർമൽസ്റേറഷൻസ് ഉണ്ട്. സീതാറാം മില്ലിലും അലുമിനിയം ഫാക്ടറിയിലും ഉള്ള തർമൽസ്റേറഷൻസ് അവരുടെ സ്വന്തം വകയാണ്. ഈ തർമൽസ്റേറഷൻസ് എല്ലാം വർക്ക് ചെയ്താൽ നമുക്ക് ആവശ്യമുള്ള ഇലക്ട്രിസിററി ഉൽപാദിപ്പിക്കുവാൻ കഴിയുമെന്നു ഇവിടെ പ്രകടിപ്പിച്ച സംശയം അത്ര ശരിയല്ല. നാഗർകോവിലിലുള്ള തർമൽസ്റേറഷനിൽനിന്നു് ഏഴായിരത്തിലധികം യൂണിററും തിരുവനന്തപുരം തർമൽസ്റേറഷനിൽനിന്നു എണ്ണായിരം യൂണിററും തൃശ്ശിവപേരൂർ തർമൽസ്റേറഷനിൽനിന്നും ആയിരം യൂണിററും ഉണ്ടാക്കുവാൻ കഴിയും. അതിൽ തൃശ്ശിവപേരൂരും, നാഗർകോവിലിലും ഉള്ള തർമൽസ്റേറഷനിൽ മുഴുവൻ സമയവും ഇപ്പോൾ വർക്ക് ചെയ്യുവാൻ കഴിയുന്നില്ല. ഈ തർമൽസ്റേറഷൻസ് പ്രവർത്തനംനടത്തിയതുകൊണ്ട് ഇപ്പോൾ ഉണ്ടായിരിക്കുന്ന ഈ കുറവ് തരണം ചെയ്യുന്നതിനു് കഴിയുമെന്നുതോന്നുന്നില്ല. ഇപ്പോൾ ഉൽപാദിപ്പിച്ചുകൊണ്ടിരിക്കുന്ന യൂണിററ ദിവസംപ്രതി ൪ ലക്ഷമാണ്. ഈ ജനുവരിയിൽ വെള്ളത്തിന്റെ ക്ഷാമംകണ്ടപ്പോൾ മുതൽ ഈ തർമൽസ്റേറഷൻസ് എല്ലാം വർക്കുചെയ്യാൻതുടങ്ങി.

ശ്രീ. എ. താണുപിള്ള: വെള്ളത്തിന്റെ തട്ട് വരാതിരുന്നാൽ ദിവസംപ്രതി എത്ര യൂണിററ ഉൽപാദിപ്പിക്കാം.

ശ്രീ. കളത്തിൽ വേലായുധൻനായർ: ന്യൂവ മില്യൻ യൂണിററ ദിവസംപ്രതി ഉൽപാദിപ്പിച്ചുകൊണ്ടിരുന്നു. വെള്ളത്തിനു് ക്ഷാമം വന്നപ്പോൾ തർമൽസ്റേറഷൻസ് വർക്ക് ചെയ്യുന്നതുകൂടാതെ വഫാഴ്സസ് പവ്വറിൽ കൂടുതൽ ഇഞ്ചിൻസ്‌വെച്ച് ജോലിചെയ്യുന്ന സ്ഥലങ്ങളിലെല്ലാം നിയന്ത്രണവും ഏർപ്പെടുത്തി. ആലുവായിലുള്ള വലിയ ഫാക്ടറികളായ എഫ്. എ. സി. ററിയിലും അലുമിനിയം കമ്പനിയിലും കൂടുതൽ നിയന്ത്രണം ഏർപ്പെടുത്തിയാൽ ചെറിയ ചെറിയ ഇൻഡസ്ട്രിസിനു് കൂടുതൽ ഇലക്ട്രിസിററി കിട്ടുവാൻ സാധിക്കും എന്നു് ഇവിടെ പറഞ്ഞു. അലുമിനിയംകമ്പനിയിലും എഫ്. എ. സി. ററി. യിലും ഇന്നു് ൩൩ ശതമാനം കട്ടുചെയ്തിട്ടുണ്ട്. അതുപോലെതന്നെ കൂടുതൽ ഇലക്ട്രിസിററി എടുക്കുന്ന എല്ലാം സ്ഥാപനങ്ങളിലും കട്ടുചെയ്തിട്ടുണ്ട്.

ശ്രീ. വി. ആർ കൃഷ്ണനെഴുത്തച്ഛൻ : ചൊവ്വര വാട്ടർവർക്ക്സിൽ കട്ടുചെയ്തിട്ടുണ്ടോ ?

ശ്രീ കളത്തിൽ വേലായുധൻ നായർ : ഇല്ല. ഏററവും ഒടുവിൽ എടുക്കേണ്ട നിയന്ത്രണമായിട്ടാണ് വാട്ടർവർക്ക്സിൻെറ കാര്യം വച്ചിരിക്കുന്നത്.

ശ്രീ. വി ആർ. കൃഷ്ണനെഴുത്തച്ഛൻ : ആ പൈപ്പിൽ വാട്ടർ ക്ഷയിച്ചിരിക്കുന്നതിൻെറ കാരണമെന്താണ് ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : കൂടുതൽ കണക്ഷൻ ഉള്ളതുകൊണ്ടാണ് അവിടെ വാട്ടർ ക്ഷയിക്കാൻ കാരണം. പിന്നീട് വീണ്ടും മഴ പെയ്യുന്നതിനുള്ള ലക്ഷണങ്ങൾ കാണാതിരുന്നതുകൊണ്ട് ഫെബ്രുവരി ൧൦-ാംതീയതി മുതൽ കൂടുതൽ കർശനമായ ഒരു നിയന്ത്രണം ഏർപ്പെടുത്തി, ഫെബ്രുവരി ൧൦-ാംതീയതി മുതൽ ഇൻഡ്സ്ട്രിയൽ കൺസംപ്ഷന് ൨൦ ശതമാനം കട്ടുണ്ടായിരുന്നത് ൩൩·൧/൩ ആയി വർദ്ധിപ്പിച്ചു. അതിനുശേഷം മാർച്ച് ൧-ാംതീയതിയോടുകൂടി ഒന്നുകൂടി കർശനമായ ഒരു നിയന്ത്രണം ഏർപ്പെടുത്തി. അപ്പോഴാണ് ൧൯൫൭-ന് ശേഷം ഉണ്ടായിട്ടുള്ള ഇൻഡസ്ട്രീസിന് ൩൩·൨/൩ ശതമാനവും അതിനുമുമ്പുള്ള ഇൻഡസ്ട്രിസിന് ൩൩·൧/൩ ശതമാനവും കട്ട് ഏർപ്പെടുത്തിയത്. ൧൯൫൭-ന് ശേഷം ആരംഭിച്ച ഫാക്ടറികൾക്ക് കംപ്ലീററായി നിറുത്തൽചെയ്തു. അതോടുകൂടി ഹൌസ് കൺസംപ്ഷന് എടുക്കുന്ന ഇലക്ട്രിസിററിയുടെ ചാർജ്ജ് വർദ്ധിപ്പിക്കുന്ന ഒരു ഉത്തരവ് ഉണ്ടാക്കിയിട്ടുണ്ട്.

പ്രധാനമായി ബഹുമാനപ്പെട്ട ആലുവാ മെംബർ ഉന്നയിച്ച ഒരു പ്രശ്നം ൧൯൫൭-ന് ശേഷം ആരംഭിച്ച വ്യവസായങ്ങൾക്ക മാത്രം ഇലക്ട്രിസിററി നിറുത്തൽ ചെയ്യുകയും അതിനുമുമ്പ് തുടങ്ങിയ വ്യവസായങ്ങൾക്ക് ഇലക്ട്രിസിററി കൊടുക്കുകയും ചെയ്യുന്നത് ശരിയാണോ എന്നുള്ളതാണ്. ഗവണ്മെൻറിൻെറ ശ്രദ്ധക്കുറവുകൊണ്ടാണ് ഇപ്രകാരം ഒരു കുഴപ്പം ഉണ്ടായത് എന്ന് പല ബഹുമാനപ്പെട്ട മെംബർമാരും ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അത് ശരിയല്ല. സമ്മർ സീസണിൽ ഗവണ്മെൻറ് കഴിവ് ഇത്രേ ഉണ്ടാകുകയുള്ളു എന്നു മനസ്സിലാക്കിയത് അനുസരിച്ചാണ് ഇപ്രകാരം ഒരു നിയന്ത്രണം ഏർപ്പെടുത്തിയത്. ൧൯൫൭-ന ശേഷം തുടങ്ങിയിട്ടുള്ള കമ്പനികൾക്ക് കണക്ഷൻ കൊടുത്തിട്ടുള്ളത് പ്രത്യേക എഗ്രിമെൻറ അനുസരിച്ചാണ്. ആ എഗ്രിമെൻറിൽത്തന്നെ പ്രത്യേകം വ്യവസ്ഥയുണ്ട്. അതായത് കൊല്ലത്തിൽ എട്ടുമാസംമാത്രം എലക്ട്രിസിററി കിട്ടിയാൽ മതി എന്ന എഗ്രിമെൻറോടുകൂടിയാണ് അവർക്ക് കണക്ഷൻ കൊടുത്തിട്ടുള്ളത്. അതുകൊണ്ടാണ് ൧൯൫൭-ന് മുമ്പ് തുടങ്ങിയിട്ടുള്ള ഇൻഡസ്ട്രിസിൽനിന്നും വ്യത്യസ്തമായ ഒരു പരിഗണന ഇവരുടെ കാര്യത്തിന് വെച്ചത്.

ശ്രീ. എ. താണുപിള്ള : പള്ളിവാസൽ സ്കീമിനെ സംബന്ധിച്ചുള്ള ജോലികൾ എല്ലാം പൂർത്തിയായിട്ടുണ്ടോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: പള്ളിവാസലിലെ പണികൾ എല്ലാം പൂർത്തിയായി. അതിനോടു് ബന്ധപ്പെട്ടിട്ടുള്ള വേറെ ചില സ്കീമുകളുണ്ടു്. അതു് പൂർത്തിയായിട്ടില്ല. പള്ളിവാസലിന്റെ സെക്കന്റ സ്റ്റേജാണു് ചെങ്കുളം സ്കീം.

സാധാരണഗതിയിലാണെങ്കിൽ മാട്ടുപ്പെട്ടി ഡാം തീർന്നതിനുശേഷം അവിടെയും നമുക്കു് വർഷകാലങ്ങളിൽ വെള്ളം ശേഖരിക്കുവാൻ സാധിച്ചാൽ ഈമാതിരി അപകടം ഉണ്ടാകാതെ നോക്കുവാൻ കഴിയും. ഈ കണ്ടിജൻസി അടുത്തവർഷം ഉണ്ടാകയില്ലെന്നാണു് ഗവണ്മെന്റ് പ്രതീക്ഷിക്കുന്നതു്.

ശ്രീ. എ. താണുപിള്ള: മാട്ടുപ്പെട്ടി ഡാം ഫെയിൽ ചെയ്യുകയാണെങ്കിൽ എല്ലാം തകിടം മറിയുകയില്ലേ?

ശ്രീ. കളത്തിൽ വേലായുധൻനായർ: അതു് ഫെയിൽ ചെയ്താൽ എല്ലാം തകിടം മറിയുമായിരിക്കും.

ശ്രീ ഓ. സി. നൈനാൻ: ചെങ്കുളം ഡാമിന്റെ പണി പൂർത്തിയായോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അവിടെ പ്രത്യേകിച്ചു് ഒരു ഡാമിന്റെ പണിയില്ല.

ഈ ഇലക്ട്രിസിററിയുടെ വിതരണത്തിൽ കർശനമായ നിയന്ത്രണം ഏർപ്പെടുത്തുന്നതിനുണ്ടായ പരിതഃസ്ഥിതി ഇതാണു്. ഈ പരിതഃസ്ഥിതികളെക്കുറിച്ചു് യഥാകാലം പൊതുജനങ്ങളെ അറിയിക്കുന്നതിനു് ഗവണ്മെന്റ് ഒരു പ്രസ്സ്നോട്ടു് പുറപ്പെടുവിച്ചിരുന്നു. ബഹുമാനപ്പെട്ട ആലുവാമെംബർ അതു് അറിയാതിരുന്നതുകൊണ്ടായിരിക്കാം ഗവണ്മെന്റ യഥാകാലം ചെയ്യേണ്ടതു ചെയ്തില്ല എന്നു പറഞ്ഞതു്. ഗവണ്മെന്റ് ചെയ്ത കാര്യങ്ങൾ അറിയാതെ അദ്ദേഹം ഈ അവസരത്തിൽ ഇപ്രകാരം പറഞ്ഞതു് വളരെ നിർഭാഗ്യകരമായിപ്പോയി എന്നേ ഞാൻ പറയുന്നുള്ളു. എന്താണു് ഗവണ്മെന്റിനു ചെയ്യുവാൻ കഴിയുമായിരുന്നതു് എന്നുള്ളതിനു ഒരു നിർദ്ദേശവും അദ്ദേഹം പറഞ്ഞില്ല. ആലുവായിലുള്ള ഒന്നുരണ്ടു വലിയ കമ്പനികൾക്കു കൊടുക്കുന്ന ഇലക്ട്രിസിററി കുറച്ചാൽ അതുകൊണ്ടു വളരെ അധികം സാമില്ലുകൾക്കും ഓയിൽമില്ലുകൾക്കും കൊടുക്കുവാൻ കഴിയുമെന്നു് അദ്ദേഹം പറഞ്ഞു. ഈ രാജ്യത്തെ വലിയ വലിയ ഫാക്ടറികളിലെ പ്രൊഡക്ഷൻതന്നെ നിലച്ചിരിക്കുന്ന അവസരത്തിൽ ഏതോ ചില സാമില്ലുകൾക്കും ഓയിൽമില്ലുകൾക്കും ഇലക്ട്രിസിററി കൊടുക്കുവാൻ സാധിച്ചില്ലെന്നുവച്ചു് ആ കാര്യത്തിനു ഒരു അടിയന്തിര പ്രമേയം കൊണ്ടുവന്നതു് നിർഭാഗ്യകരമായിപ്പോയി. ആലുവായിലെ സാമില്ലുകളിലെ നിയന്ത്രണത്തെക്കുറിച്ചു് ഒന്നും ഗവണ്മെന്റ് ചൂണ്ടിക്കാണിച്ചിട്ടില്ലെന്നു് അദ്ദേഹം പറഞ്ഞു. പഞ്ചവത്സരപദ്ധതിയിൽ ആലുവായിലെ ഇലക്ട്രിക്കു കറന്റ വിതരണത്തെപ്പററി ഒന്നും പറഞ്ഞിട്ടില്ലെന്നു പറയുകയുണ്ടായി. ഓരോ സാമില്ലിനും മററും എത്ര കറന്റുവീതം കൊടുക്കാൻ കഴിയുമെന്നുള്ളതിലേയ്ക്കു് ഒരു പദ്ധതിയുമില്ല. പഞ്ചവത്സരപദ്ധതിയിൽ ആലുവായിലെ കാര്യമെന്നല്ല, ഒരു സ്ഥലത്തെ കാര്യത്തെപ്പററിയും പ്രത്യേകമായി പറഞ്ഞിട്ടില്ല.

പുതിയ സ്കീമുകൾ തുടങ്ങുന്നതിനെപ്പററിയോ മറേറാ പ്രായോഗികമായി പ്രവൎത്തനത്തിൽ കൊണ്ടുവരാനുള്ള ഒരു നിർദ്ദേശവും സഭയിൽ ഉണ്ടായില്ല. അപ്രകാരമുള്ള നിർദ്ദേശം തരുമെങ്കിൽ ഗവണ്മെൻറു് അതനുസരിച്ചു പ്രവൎത്തിക്കാൻ തയ്യാറാണെന്നു് ഞാൻ അറിയിച്ചുകൊള്ളുന്നു.

ശ്രീ. എൻ. പി. വർഗ്ഗീസ്: ഉണക്കവരാത്ത ആററിൽ ഡാം കെട്ടിയാൽ കൊള്ളാമെന്നൊരു നിർദ്ദേശമുണ്ടു്. ഇടുക്കി സ്കീം എടുത്താൽ ധാരാളം പവ്വർ കിട്ടാൻ കഴിയും.

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഉണക്കവരാത്ത ആറു് ഉണ്ടോ എന്നുതന്നെ അറിവില്ല. ഏതായാലും ബഹുമാനപ്പെട്ട മെംബർ പറഞ്ഞ ഇടുക്കി സ്കീം ഗവണ്മെൻറിൻെറ പര്യാലോചനയിൽ ഇരിക്കുകയാണെന്നു ഞാൻ അറിയിച്ചുകൊള്ളുന്നു. അതുപോലെതന്നെ പമ്പാവാലി സ്കീം മുതലായവയെല്ലാം നടപ്പിൽ വരുത്തണമെന്നാണു ഗവണ്മെൻറു് ആഗ്രഹിക്കുന്നതു്.

ഇപ്രകാരമുള്ള കറൻറിൻെറ കുഴപ്പം നമ്മുടെ രാജ്യത്തുമാത്രമല്ല ഉണ്ടാകുന്നതെന്നു ബഹുമാനപ്പെട്ട സഭാംഗങ്ങൾ ധരിച്ചിരുന്നാൽ കൊള്ളാം. അമേരിക്കയിൽപോലും ഇങ്ങനെയുള്ള കുഴപ്പം ഉണ്ടാകുന്നതായി അറിയാൻ കഴിയുന്നുണ്ടു്. അവിടെ ഒരു വ്യത്യാസം മാത്രമെയുള്ളു. വിൻറർ സീസണിലാണു കറൻറിനു് കട്ടു് വരുന്നതു്. ആ അവസരത്തിൽ മഞ്ഞിൻെറ കാഠിന്യംകൊണ്ടു് വെള്ളം ഉറഞ്ഞു പോകുകയാണു ചെയ്യുന്നതു്. ചുരുക്കിപ്പറഞ്ഞാൽ ഹൈഡ്രോ ഇലക്ട്രിക്കു പദ്ധതി നടപ്പിലുള്ള എല്ലാ സ്ഥലത്തും ഇങ്ങനെ സംഭവിക്കുന്നതായി അറിയാൻ കഴിയുന്നുണ്ടു്. മദ്രാസിൽ മാൎച്ചു ൧-ാംതീയതിമുതൽ ൩൦ ശതമാനം കട്ടു് ആണു് വരുന്നതു്. അതിൽനിന്നും ഹൈഡ്രോ ഇലക്ട്രിക്കു സ്കീം എവിടെയെല്ലാം നടപ്പിലിരിക്കുന്നുവോ അവിടെയെല്ലാംതന്നെ ഇപ്രകാരമുള്ള വൈഷമ്യങ്ങൾ ഉണ്ടാകുന്നതായി നമുക്കു് കാണാൻ കഴിയും. ഇതു ഈ പദ്ധതിയുടെ നൈസൎഗ്ഗികമായ ഒരു ദൂഷ്യമാണു്. ഈ ദൂഷ്യം പരിഹരിച്ചു് ഈ പദ്ധതി കൊണ്ടുപോകുക സാദ്ധ്യമല്ല.

ലിഫ്ററു് ഇറിഗേഷനു് തെർമൽ സ്റ്റേഷൻ പ്രവൎത്തനംമൂലം കഴിയുമെന്നു ശ്രീ. നടരാജ പിള്ള ഇവിടെ പറയുകയുണ്ടായി. അതുപോലെതന്നെ മററവസരങ്ങളിൽ ഈ സ്റ്റേഷൻ മററുകാര്യങ്ങൾക്കുവേണ്ടി ഉപയോഗിക്കാമെന്നും അദ്ദേഹം പ്രസ്താവിച്ചു. ഈ വൈഷമ്യം ഉണ്ടാകുന്ന അവസരത്തിലാണു് ലിഫ്ററു് ഇറിഗേഷൻെറയും ആവശ്യം വരുന്നതു്. അതുകൊണ്ടു് ലിഫ്ററു ഇറിഗേഷൻ പദ്ധതിക്കുവേണ്ടി ഏതെങ്കിലും തെർമൽ സ്റ്റേഷൻ സ്ഥാപിച്ചാൽ മററു കാൎയ്യത്തിനുവേണ്ടി ഉപയോഗിക്കാൻ സൗകൎയ്യപ്പെടുകയില്ല.

പെരിങ്ങൽക്കുത്തു പദ്ധതി എത്രതോ ഉദാസീനത കാണിച്ചു് ഗവണ്മെൻറു പൂൎത്തിയാക്കാതിരിക്കുന്നുവെന്നു ശ്രീ. കരുണാകരൻ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതു വളരെ ദ്രുതഗതിയിൽ പണി നടത്തിക്കൊണ്ടിരിക്കുകയായിരുന്നു. എത്ര പെട്ടെന്നു പണി തീൎത്താലും അതിനു ആവശ്യമുള്ള മെഷീനറി അന്യ സ്ഥലത്തുനിന്നും വന്നുചേർന്നെങ്കിലെ പദ്ധതി പൂൎത്തിയാക്കുന്നതിനു് സാധിക്കുകയുള്ളു. ഈ വർഷം മദ്ധ്യത്തിൽ മെഷീ

[ശ്രീ. കളത്തിൽ വേലായുധൻ നായർ.]

ഷറി ലഭിക്കമെന്നാണ് പ്രതീക്ഷിക്കന്നതു്. ഈ വർഷംതന്നെ പണി മുക്കവാറം പൂർത്തിയാകം. അണയുടെ പണി പൂർത്തിയായപ്പോൾ ജോലിക്കാരെ പിരിച്ചുവിട്ട അവസരത്തിൽ അദ്ദേഹംതന്നെ അതുസംബന്ധിച്ചു നിവേദനം നടത്തുകയുണ്ടായി. അതിൽനിന്നും ജോലിക്കാരെവേഗം പുരോഗമിച്ചുകൊണ്ടിരിക്കുന്നുവെന്നു മനസ്സിലാക്കാൻ കഴിയും. ഈയാണ്ടു് മദ്ധ്യത്തിൽ മെഷീനറി കിട്ടിയാൽ, എൻ ഡി ർ ആദ്യം അതു പ്രവർത്തനത്തിൽ വരും.

ശ്രീ. സി. അച്യുത മേനോൻ: പെരിങ്ങൽക്കുത്തിലേയ്ക്കു് ആദ്യം ആർഡർ ചെയ്തിരുന്ന മെഷീനറികൾ മററ എവിടത്തേക്കെങ്കിലും ഡെവർട്ടു ചെയ്തിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അങ്ങനെ തെററായ ഒരു ധാരണ ചിലർക്കുള്ളതായി അറിയാം.

ശ്രീ. സി. അച്യുത മേനോൻ: അവിടത്തെ പ്രോജക്ററ ഇൻജിനീയരിൽനിന്നും കിട്ടിയ അറിവാണിതു്.

ശ്രീ. കളത്തിൽ വേലായുധൻ നായർ: സംയോജനത്തോടുകൂടി ഇങ്ങനെയുള്ള തെററായ പല വസ്തുതകളും ഒരുകൂട്ടർ പറഞ്ഞു പരത്തുന്നുണ്ടു്. ആ കൂട്ടത്തിൽ ഒരു പ്രോജക്ററ എൻജിനീയരും ഉൾപ്പെടുന്നുവെന്നേ എനിക്കു പറയുവാനുള്ളു. സംയോജനത്തോടുകൂടി കൊച്ചിയിലുണ്ടായിരുന്ന വിഭവങ്ങളെല്ലാം തിരുവിതാംകൂറിലേയ്ക്കു കൊണ്ടുപോയെന്നും കൊച്ചിയിലുള്ളവരെല്ലാം പട്ടിണിയിലാണെന്നും ഒരുപശബ്ദം കേൾക്കുന്നുണ്ടു്. അവിടെ ജോലിയില്ലാതെവന്ന കുറെ ആളുകളെ ഇങ്ങോട്ടു മാററി ജോലി കൊടുത്തിട്ടുണ്ടു്. അതു നിവൃത്തിയില്ലാതെ വന്നപ്പോൾ ചെയ്തിട്ടുള്ളതാണു്. അല്ലാതെ ഈ കേൾവികൾക്കൊന്നും യാതൊരടിസ്ഥാനവുമില്ലെന്നു ഞാൻ ധൈര്യമായി പ്രസ്താവിച്ചുകൊള്ളുന്നു.

ചില ഉത്സവങ്ങൾക്കും മററും ലൈററ കൊടുക്കുന്നതിനെ സംബന്ധിച്ചു് ശ്രീ. ദിവാകരൻ ഇവിടെ പ്രസ്താവിക്കുകയുണ്ടായി. എത്ര ഇല്യുമിനേഷൻ ബൾബുകൾ ഇട്ടാലും സാരമായി നമ്മുടെ കറൻറ ചെലവിനെ ബാധിക്കാൻ പോകുന്നില്ല. ജനങ്ങളെ അസഹ്യപ്പെടുത്താതെ, ഇത്തരം ആവശ്യങ്ങൾക്കു് കറൻറു് കൊടുക്കുകയാണു ചെയ്യുന്നതു്. അങ്ങനെ കൊടുക്കാതിരിക്കുന്നതുകൊണ്ടു് യാതൊരു വിശേഷവും നമുക്കുണ്ടാകാൻ പോകുന്നില്ല.

ശ്രീ. ഓ. സി. നൈനാൻ: അങ്ങനെ കൊടുക്കുന്നതുകൊണ്ടു എപ്പോഴും മഴ പെയ്യാൻ ഇടയില്ലേ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ബഹുമാനപ്പെട്ട മെംബർ നേരമ്പോക്കായി പറഞ്ഞുവെങ്കിലും അങ്ങനെ വിശ്വസിക്കുന്ന വളരെയധികം ആളുകൾ ഉണ്ടു്. അതു ഗവണ്മെൻറിനും അറിയാം. തെക്കൻ തിരുവിതാംകൂറിൽ കഴിഞ്ഞയാണ്ടു് മഴ പെയ്യാതിരുന്നപ്പോൾ പഴവങ്ങാടി ഗണപതി കോവിലിൽ തേങ്ങയടിച്ചു് മഴ പെയ്യിച്ചുവെന്നു പറയുന്നു. തേങ്ങയടിച്ചതും മഴ പെയ്തതും ശരിയാണു്. പ്രാർത്ഥനകൊണ്ടു

മഴ പെയ്യുമെന്ന് വിശ്വസിക്കുന്നവർ പ്രാർത്ഥിക്കുന്നതു നല്ലതുതന്നെ. വിശ്വാസമില്ലാത്തവർപോലും അതുകൊണ്ട് രക്ഷപ്പെടും.

ശ്രീ. എ. കെ. ചെല്ലയ്യാ: തെക്കൻതിരുവിതാംകൂർകാരാണോ തേങ്ങയടിച്ചത്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതെ. പക്ഷെ, തേങ്ങ അടിക്കാൻ തിരുവനന്തപുരത്തു വന്നു.

ശ്രീ. ഇ. കൃഷ്ണൻ നായർ: മഴയുടെ കുറവു വരുന്നതു വനം നശിപ്പിക്കൽകൊണ്ടും, വനസംരക്ഷണത്തിലുള്ള ഗവണ്മെന്റിന്റെ അനാസ്ഥ കൊണ്ടുമല്ലേ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ആദ്യത്തെ ഭാഗത്തെ സംബന്ധിച്ചിടത്തോളം രണ്ടഭിപ്രായമുണ്ട്. രണ്ടാമത്തെ ഭാഗത്തെ സംബന്ധിച്ചിടത്തോളം അതു തീരെ ശരിയല്ല. വനം സംരക്ഷിക്കുന്നതിൽ ഗവണ്മെന്റ് ജാഗ്രൂകമായി പ്രവർത്തിക്കുന്നുണ്ട്. ഈ കാര്യങ്ങളെ സംബന്ധിച്ച് ഇതിൽ കൂടുതലായൊന്നും ഈയവസരത്തിൽ പ്രസ്താവിക്കണമെന്നു ഞാനാഗ്രഹിക്കുന്നില്ല. ഒരു കാര്യംകൂടി സഭയെ അറിയിച്ചുകൊണ്ട് ഞാൻ അവസാനിപ്പിച്ചുകൊള്ളാം.

കറന്റിന്റെ കുറവുകൊണ്ടു തൊഴിലില്ലാതെവന്നിരിക്കുന്ന തൊഴിലാളികൾക്കു തൊഴിലില്ലായ്മ വേതനം കൊടുക്കുന്നതിനു വ്യവസായ ഉടമകളെ നിർബ്ബന്ധിക്കണമെന്നു ശ്രീ. ദിവാകരനും, ശ്രീ. കരുണാകരനും ഇവിടെ പ്രസ്താവിക്കുകയുണ്ടായി. ആ വിഷയത്തിൽ ഗവണ്മെന്റിന് എന്തെങ്കിലും കഴിവുണ്ടെങ്കിൽ അതനുസരിച്ച് പ്രവർത്തിക്കാൻ തയ്യാറാണ്. ഈ പ്രമേയം അവതരിപ്പിച്ച ബഹുമാനപ്പെട്ട മെമ്പർക്ക് ആവശ്യമായ വിവരങ്ങളെല്ലാം കിട്ടിയിരിക്കുന്നതുകൊണ്ടു അദ്ദേഹം പ്രമേയം പിൻവലിക്കുമെന്നു ഞാൻ വിചാരിക്കുന്നു.

ஸ்ரீ. என். கணபதி: மாட்டுப்பட்டி டாமில் 400 பேர்களை குறைக்கப் போவதாகச் சொல்கிறார்களே, அது வாஸ்தவமா?

ശ്രീ. കളത്തിൽ വേലായുധൻ നായർ: എട്ട ജോലി തീർന്നു കഴിഞ്ഞാൽ എല്ലാവരേയും കുറയ്ക്കും.

ஸ்ரீ. என். கணபதி: ஆட்களை குறைத்தால் இப்பொழுது உள்ளதைப் போல் கரண்ட் உற்பத்தி முடியுமா?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതും ഇലക്ട്രിസിറ്റി ഉൽപ്പാദനവുമായി വലിയ ബന്ധമൊന്നുമില്ല.

ஸ்ரீ. என். கணபதி: மாட்டுப்பட்டி டாம்தான் இந்தியாவிலே காண்க்றீட்டால் செய்யப்பட்டது என்பது மந்திரியவர்களுக்குத் தெரியுமல?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതൊരു പ്രസിദ്ധിയുള്ള കാര്യമാണ്. ബഹുമാനപ്പെട്ട മെമ്പർ അക്കാര്യം ഓർമ്മിപ്പിച്ചതിൽ ഞാൻ കൃതജ്ഞനാണ്. മാട്ടുപ്പെട്ടി ഡാം പോലെ ഇത്ര വിദഗ്ദ്ധമായി നമ്മുടെ നാട്ടിൽ പണിതിട്ടുള്ള വേറെ അണയില്ല.

[ശ്രീ. കളത്തിൽ വേലായുധൻനായർ.]

ഇപ്പോഴുള്ളതിനെക്കാൾ കൂടുതൽ കർശനമായ നിയന്ത്രണം ഏർപ്പെടുത്തിയേക്കാവുന്ന ഒരു പരിതഃസ്ഥിതിയാണു രാജ്യത്തുള്ളതു്. ഏതു തരത്തിലുള്ള നിയന്ത്രണം ഏർപ്പെടുത്തിയാലും അതു സഹിച്ചു ഗവണ്മെന്റിനോടു സഹകരിക്കണമെന്നു അപേക്ഷിച്ചുകൊണ്ടു ഈ പ്രമേയം പിൻവലിക്കണമെന്നു ഞാൻ പ്രമേയാവതാരകനോടു അഭ്യർത്ഥിച്ചുകൊള്ളുന്നു.

ശ്രീ. കെ. പി. പ്രഭാകരൻ: പ്രസ്സുകളെ സംബന്ധിച്ചുള്ള നയം എന്താണെന്നറിയുന്നില്ല.

ശ്രീ. കളത്തിൽ വേലായുധൻ നായർ: പ്രസ്സുകളെ ഇപ്പോൾ നിയന്ത്രണത്തിൽനിന്നു ഒഴിവാക്കിയിരിക്കയാണു്.

Mr. Deputy Speaker: Do you press the motion?

Shri M. M. Abdul Khader: Yes, Sir.

The motion was put and lost.

The Assembly adjourned at 5.25 p. m. to meet again at 11 a. m. on Wednesday, the 4th March 1953.